# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 03 ജനുവരി–2012 ലക്കം 1**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ .................................................. 03

രൂപതാകച്ചേരി വാർത്തകൾ ................................... 07

കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് കുരിശുപള്ളിയെ
സ്വതന്ത്ര കുരിശുപള്ളിയായി
ഉയർത്തിക്കൊണ്ടുള്ള ഡിക്രി ................................... 10

അരുത്, ആത്മഹത്യ ചെയ്യരുത് ............................... 15

പ്രേഷിതവർഷം ....................................................... 19

മതബോധനരംഗം ..................................................... 21

ബൈബിൾ അപ്പോസ്റ്റലേറ്റ് ....................................... 25

ചെറുപുഷ്പമിഷൻലീഗ് ............................................ 26

കെ. സി. വൈ. എം. .................................................. 34

കുടുംബപ്രേഷിതത്വം ............................................... 41

സിയോൻ വാർത്തകൾ ............................................. 49

ജീസസ് യൂത്ത്, ക്രിസ്റ്റീൻ ........................................ 53

വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 55

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ......................... 60

സാമൂഹ്യ സേവനരംഗം (WSSS)................................... 63

കേരള ലേബർ മൂവ്മെന്റ് ....................................... 67

റേഡിയോ മാറ്റൊലി ................................................ 71

മീഡിയാ കമ്മീഷൻ .................................................. 73

Mary Matha arts & science college ........................ 74

അറിയിപ്പുകൾ ....................................................... 76

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 82

ബിഷപ്സ് പ്രോഗ്രാം ................................................ 83

# ആദരാഞ്ജലികൾ



## ബഹു. അഗസ്റ്റിൻ കീലത്ത് അച്ചന്

**മാനന്തവാടി രൂപത മുഴുവന്റെയും**

**പ്രാർത്ഥനാ നിർഭരമായ**

**ആദരാഞ്ജലികൾ**

## പൗരോഹിത്യത്തിന്റെ രജത ജൂബിലി
## ആഘോഷിക്കുന്ന ബഹു. വൈദികർക്ക്
## മാനന്തവാടി രൂപതയുടെ
## അഭിനന്ദനങ്ങളും പ്രാർത്ഥനകളും



Rev. Fr. Francis
Karippukattil



Rev. Fr. Kuriakose
Kunnath



Rev. Fr. Joseph
Mecheril



Rev. Fr. Abraham
Nellickal



Rev. Fr. Thomas
Ponthottiyil



Rev. Fr. Jose
Thayyil



Rev. Fr. Jose
Chakkittakudy



# സർക്കുലർ

***Circular Letter No. 01/2012***
***Prot. No.11701/2011***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

ഒരു പുതിയ വർഷപ്പിറവിയ്ക്ക് കൂടി നാം സാക്ഷികളായിരിക്കുന്നു. നമ്മൾ 2012 ലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ ജനനമാണ് ക്രിസ്തുവർഷത്തിന്റെ തുടക്കത്തിന് അടിസ്ഥാനം എന്ന് നമുക്കറിയാം. പുതിയ വർഷത്തെ വരവേൽക്കുക എന്ന് പറഞ്ഞാൽ നാം ക്രിസ്തുവിന്റെ പ്രബോധനങ്ങളിലേയ്ക്ക് ഒരിക്കൽകൂടി കടക്കുന്നു എന്നാണർത്ഥം. അവിടുത്തെ പ്രബോധനങ്ങളാണ് എന്നത്തേതും പോലെ ഈ പുതിയ വർഷത്തിലും നമ്മെ നയിക്കേണ്ടത്. പുതുവർഷം നിങ്ങൾക്കേവർക്കും ദൈവാനുഗ്രഹം നിറഞ്ഞതും സമൃദ്ധിയുടേതും ആകട്ടെ എന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കടന്നു പോയ വർഷത്തിൽ വന്നുപോയ പരാജയങ്ങളിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് മുന്നേറാം.

കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഈ വർഷവും രൂപതാവിദ്യാഭ്യാസ നിധിയിലേയ്ക്കുള്ള നിങ്ങളുടെ സംഭാവനകൾ അഭ്യർത്ഥിക്കാനാണ് ഈ കത്ത്. കഴിഞ്ഞ ആറ് വർഷങ്ങളായി നമ്മുടെ ഇടവകകളിൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരും 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവരുമായ അറുന്നൂറോളം കുട്ടികൾക്ക് ഓരോ വർഷവും ആളൊന്നിന് 1000 രൂപാ വച്ച് ഈ പദ്ധതിയിലൂടെ സഹായം കൊടുത്തു വരുന്നു. അതുപോലെ തന്നെ ഏതാനും കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിയ്ക്കാനും ആറ് വിദ്യാർത്ഥികൾക്ക് താമരശ്ശേരി രൂപത നടത്തുന്ന സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ ഉപരിപഠന പരിശീലനത്തിനും ഈ പദ്ധതിയിലൂടെ സഹായം ചെയ്യുന്നു. നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങളും ഇപ്രകാരം ഇരുന്നൂറിലേറെ കുട്ടികളെ സഹായിക്കുന്നുണ്ട്.

ആനുകാലികലോകത്തിൽ പുരോഗതിയുടെ അടിസ്ഥാനമായി നിലകൊള്ളുന്നത് അറിവും പഠനവും മറ്റുമാണ്. കൃഷിയിൽ ഏർപ്പെടു

ന്നവർക്ക് പോലും വിജയിക്കാൻ പഠനം ആവശ്യമാണ്. ഒരു പരിധിവരെയെങ്കിലും അറിവിന്റേയും പഠനത്തിന്റേയും പരിശീലനത്തിന്റേയും അഭാവമാണ് ഇന്നത്തെ കാർഷികപ്രതിസന്ധിയുടെ കാരണം. സാമ്പത്തിക പരാധീനതമൂലം ഒരു കുട്ടിപോലും നമ്മുടെ രൂപതയിൽ പഠിയ്ക്കാതിരിക്കരുത് എന്നതാണ് ഈ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം.

എന്നാൽ പദ്ധതിയ്ക്ക് മറ്റൊരു പ്രധാന ലക്ഷ്യം കൂടിയുണ്ട്. ഈ പദ്ധതിയുടെ ഉപഭോക്താക്കളാകുന്ന കുട്ടികൾക്ക് പ്രത്യേകമായൊരു ശ്രദ്ധകൊടുത്ത് അവർക്ക് ജീവിതത്തിൽ ഉയർന്നു വരാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുക എന്നതാണത്. ഇത് നിർവ്വഹിയ്ക്കേണ്ടത് പ്രധാനമായും ഇടവകകളിൽ സേവനം ചെയ്യുന്ന സമർപ്പിതരാണ്. കാരണം ഇടവകവികാരിയച്ചന്മാർക്ക് അതിനുള്ള സമയം കിട്ടിയെന്ന് വരുകയില്ല. ചെറിയ തലമുറയ്ക്ക് സന്മാർഗ്ഗബോധമില്ലെന്നും അവർക്ക് വിശ്വാസകാര്യങ്ങളിൽ താത്പര്യമില്ല എന്നും മറ്റുമുള്ള വിലാപം നാം നിരന്തരം കേൾക്കുന്നതാണ്. അതിനുള്ള പരിഹാരം വീട്ടിൽ നിന്നാണ് തുടങ്ങേണ്ടത് എന്നത് ശരി തന്നെയാണ്. എങ്കിലും ഇടവകയിൽ സേവനം ചെയ്യുന്ന സമർപ്പിതർക്കും ഇതിൽ വലിയൊരു ഭാഗം ചെയ്യാൻ കഴിയും. പദ്ധതിയിൽ അംഗങ്ങളായ കിട്ടികളുടെ വീടുകൾ നിശ്ചിത കാലയളവിൽ സന്ദർശിക്കുക, അവരുടെ മാതാപിതാക്കൾക്കും അവർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുക, തുടങ്ങിയവയെല്ലാം ചെയ്യാൻ സമർപ്പിതർക്ക് കഴിയും. അതുപോലെ തന്നെ ഈ കുട്ടികൾക്ക് ട്യൂഷൻ കൊടുക്കാനും അവധിക്കാലത്തും മറ്റും അവർക്ക് പ്രത്യേക പരിശീലനപദ്ധതികൾ ഏർപ്പെടുത്താനും കഴിയും. ഇപ്രകാരമെല്ലാം ചെയ്യാൻ ഇടവകകളിൽ സേവനം ചെയ്യുന്ന സമർപ്പിതരെ പ്രത്യേകമായി ഞാൻ ക്ഷണിക്കുന്നു. അപ്രകാരം ചെയ്യുന്ന സമർപ്പിതർ അതിനായി പരിശീലനം സിദ്ധിച്ചവരാണെങ്കിൽ ഏറെ നന്ന്. കുട്ടികളെ ദൈവികചിന്തയിൽ വളർത്താനും ഭാവിയിൽ വൈദിക-സമർപ്പിത ജീവിതങ്ങളിലേയ്ക്ക് കൈപിടിച്ച് നടത്താനും മറ്റും ഈ പ്രക്രിയ അത്യന്താപേക്ഷിതമാണ്. ഇത് സഹായധനം ലഭിയ്ക്കാത്ത കുട്ടികളുടെ കാര്യത്തിലും പ്രസക്തമാണ്.

നിങ്ങളേപ്പോലെയുള്ള ഉദാരമതികളുടെ സംഭാവനകൾ കൊണ്ടാണ് മേൽപ്പറഞ്ഞ വിദ്യാഭ്യാസസഹായനിധി രൂപീകരിക്കാൻ കഴിഞ്ഞത്. ഇടവകകളും സന്യാസസമൂഹങ്ങളും സ്ഥാപനങ്ങളും വ്യക്തികളും എല്ലാം ഈ സംരംഭത്തിൽ സജീവഭാഗഭാക്കുകളാകുന്നു എന്നത് ഏറെ ചാരിതാർത്ഥ്യമുളവാക്കുന്ന സംഗതിയാണ്. പലപ്പോഴും

ഇടവകകളിലെ കുട്ടികൾ അവരുടെ ആദ്യകുർബാനവേളയിലും മറ്റും കാര്യമായ സംഭാവനകൾ തരാറുണ്ട്. കുട്ടികൾ തങ്ങൾക്ക് കിട്ടുന്ന സമ്മാനങ്ങളിൽ ഒരു ഭാഗം ഈ നല്ല കാര്യത്തിനായി നീക്കി വയ്ക്കുന്നുണ്ട്. ഇതിനായി ബഹുമാനപ്പെട്ട വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം. ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിന് ചെലവാക്കുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസ നിധിയിലേയ്ക്ക് തരുന്ന ഇടവകകൾ ഉണ്ട്. ഓരോ ഇടവകയും അവരുടെ തിരുനാൾ ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെങ്കിലും ഇപ്രകാരം നീക്കി വയ്ക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്കത് വലിയ ദൈവാനുഗ്രഹത്തിന് കാരണമാകും. നമ്മുടെ കണ്ണിനും കാതിനും മനസ്സിനുമെല്ലാം ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്. പദ്ധതിയിലേയ്ക്ക് നിങ്ങൾ ഇതുവരെ ചെയ്ത സംഭാവനകളെ നന്ദിയോടെ ഓർക്കുകയും അത് നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ഒരു ചാനലായി മാറട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രൂപതാവിദ്യാഭ്യാസ സഹായനിധിയിൽ നിന്ന് സഹായം ലഭിക്കാൻ അർഹതയുള്ള കുട്ടികളെ കണ്ടെത്തി പേര് തരാനായി ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും കൈക്കാരന്മാരും ഒന്നു ചേർന്ന് പരിശ്രമിക്കണം. ഒരു ഇടവകയിൽ നിന്ന് അഞ്ചിൽ കൂടുതൽ പേർക്ക് കൊടുക്കുന്നതല്ല. അതുപോലെ തന്നെ പണത്തിന്റെ ലഭ്യത കുറവാണെങ്കിൽ പേരു തരുന്ന അഞ്ചു പേർക്കും ലഭിച്ചു എന്ന് വരുകയില്ല. കഴിഞ്ഞ വർഷം സഹായധനം ലഭിച്ചവരുടെ പേരും തരാവുന്നതാണ്. അവർ പഠനത്തിൽ മികവ് പുലർത്തുന്നവരായിരിക്കണം എന്നു മാത്രം. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവരുടെ പേരുകളാണ് തരേണ്ടത്. **പേരുകൾ 2012 മാർച്ച് 30** ന് മുമ്പായി ബഹുമാനപ്പെട്ട സെക്രട്ടറിയച്ചന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്. ചില ഇടവകകളിൽ നിന്നെങ്കിലും പണത്തിന് അത്ര പ്രയാസമില്ലാത്ത കുട്ടികളുടെ പേരുകൾ തരുകയും അവർ ആ തുകയെ വിലമതിയ്ക്കാതെ വരുകയും ചെയ്യുന്ന സാഹചര്യങ്ങളും ഉണ്ടാകുന്നുണ്ട്. അങ്ങനെ വരാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധ പുലർത്തണം എന്ന് അഭ്യർത്ഥിക്കുന്നു. കാരണം സഹായം ആവശ്യമുള്ളവർ ധാരാളം പുറത്ത് നിൽക്കുന്നുണ്ടാകും.

തുക അതാത് ഇടവകകളുടെ പേരിൽ ചെക്കായിട്ടായിരിക്കും അയയ്ക്കുന്നത്. അത് കിട്ടിയാലുടൻ പള്ളിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും കണക്കിൽ വരവ് വയ്ക്കുകയും ചെയ്യണം. അതിനുശേഷം പണം രൊക്കമായി കുട്ടികളുടെ മാതാപി

താക്കളെ ആവശ്യാനുസരണം ഏൽപ്പിക്കുകയും അത് കണക്കിൽ ചേർക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ തന്നെ പണം കിട്ടിക്കഴിയുമ്പോൾ അതോടൊപ്പമുള്ള രസീത് യഥാവിധി പൂരിപ്പിച്ച് ബഹുമാനപ്പെട്ട സെക്രട്ടറിയച്ചന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്. ചെറിയൊരു തുകയ്ക്ക് എന്തിനാണ് ഇത്രയധികം ഔദ്യോഗികത എന്ന് നിങ്ങൾക്ക് തോന്നാം. നാം കൊടുക്കുന്ന പണം പൊതുസ്വത്താണ്. അത് സുതാര്യമായി കൈകാര്യം ചെയ്യപ്പെടേണ്ടത് പദ്ധതിയുടെ വിശ്വാസ്യതയ്ക്ക് ആവശ്യമാണ്.

നിർഭാഗ്യവശാൽ കഴിഞ്ഞ വർഷങ്ങളിൽ ചില ഇടവകകളിലെങ്കിലും കിട്ടിയ ചെക്ക് വളരെ അലക്ഷ്യമായി കൈകാര്യം ചെയ്യുകയും കണക്കിൽ ചേർക്കാതിരിക്കുകയും കുട്ടികൾക്ക് അത് കൊടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ട് എന്നത് ഏറെ വേദനയുളവാക്കുന്ന കാര്യമാണ്. ദയവായി അങ്ങനെ സംഭവിക്കാൻ ഇടകൊടുക്കരുത് എന്ന് ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തട്ടെ. അല്പകാര്യങ്ങളിൽ വിശ്വസ്തനായവൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കും എന്ന കർത്തൃവചനം നമുക്ക് മറക്കാതിരിക്കാം.

ഈ വർഷം ജനുവരി 29 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചുതരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടേയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2011 ഡിസംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ജനുവരി മാസം 22–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

**മദ്യവിരുദ്ധഞായർ - ജനുവരി 29**

നല്ല നാളേയ്ക്ക് വേണ്ടിയുള്ള തീവ്രമായ ആഗ്രഹത്തോടെയുള്ള നമ്മുടെ എല്ലാ പ്രവർത്തനങ്ങളേയും മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം പലതരത്തിലും തടസ്സപ്പെടുത്തുന്നു എന്നതു നമ്മുടെ എല്ലാം അനുഭവമാണല്ലോ. എന്നിട്ടും മദ്യസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനങ്ങളാണ് നമ്മുടെ സമൂഹവും ഭരണാധികാരികളും സ്വീകരിക്കുന്നത് എന്നത് ഏറെ ദു:ഖകരമായ വസ്തുതയുമാണ്. കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയും മറ്റ് സാമൂഹിക പ്രതിബദ്ധതയുള്ള പ്രസ്ഥാനങ്ങളും സന്നദ്ധപ്രവർത്തകരും ബോധവത്കരണ പ്രവർത്തനങ്ങൾ, പ്രാർത്ഥനായജ്ഞങ്ങൾ, വിജയകരമായ 'മലപ്പുറം' സമരം പോലെയുള്ള പ്രതിഷേധ പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ സമൂഹമനസാക്ഷിയെ ഉണർത്തുവാനുള്ള ശ്രമങ്ങളിൽ നാമെല്ലാവരും സജീവമായി പങ്കുകാരാവേണ്ടതാണ്. നമ്മുടെ ഈ ബാദ്ധ്യതയെ ഓർമ്മപ്പെടുത്തുന്ന മദ്യവിരുദ്ധഞായർ ആഘോഷം ഈ വർഷം ജനുവരി 29-ന് നമ്മുടെ എല്ലാ ഇടവകകളിലും സമുചിതമായി നടത്തുവാനും അന്നേ ദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് മദ്ധ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുവാനായി രൂപതാകേന്ദ്രത്തിൽ എത്തിക്കുവാനും പ്രത്യേകം അഭ്യർത്ഥിക്കുന്നു.

നമ്മുടെ രൂപതയിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ഡയറക്ടറായ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനേയും ആനിമേറ്ററായ സി. ജോവിറ്റ എഫ്.സി.സി.യേയും സമിതിയുടെ സേവനസന്നദ്ധരായ ഭാരവാഹികളെയും എല്ലാ സഹകാരികളേയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

### വൈദീക സമ്മേളനം (Priests' Conference)

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദീകരുടെയും ഒരു സമ്മേളനം ജനുവരി 24 -ാം തീയതി ബുധനാഴ്ച രാവിലെ 10 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതായിരിക്കും.

### അനുശോചനം

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവും, എ.കെ.സി.സി. മാനന്തവാടി രൂപതാ ഘടകം പ്രസിഡന്റും ആയിരുന്ന ശ്രീമാൻ അഡ്വക്കേറ്റ് ജോയി വാറുണ്ണി പറപ്പുള്ളിയുടെ ആകസ്മീകമായ നിര്യാണത്തിൽ മാനന്തവാടി രൂപതയുടെ അനുശോചനവും പ്രാർത്ഥനകളും നേരുന്നു.

### കെ.സി.വൈ.എം.

തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാന കലാമത്സരങ്ങളിൽ രണ്ടാംസ്ഥാനം നിലനിറുത്തിയ നമ്മുടെ രൂപതയിലെ കെ.സി.വൈ.എം. പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ. ശക്തമായി നേതൃത്വം നൽകുന്ന ബഹു. ടോമി പുത്തൻപുരയ്ക്കലച്ചനും, ഈ വർഷത്തെ ഭരണസമിതിയ്ക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

### സുരക്ഷ പെൻഷൻ പദ്ധതി

സ്ഥലത്തിനും കാലത്തിനും അനുസൃതവും അനിവാര്യവുമായ രംഗങ്ങളിൽ മനുഷ്യമഹത്വമുയർത്തുന്നതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടാണ് സഭ അതിന്റെ പ്രേഷിതസ്വഭാവം പ്രകടിപ്പിച്ചുവരുന്നത്. കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, പിന്നീട് വിദ്യാഭ്യാസ, ആരോഗ്യ മേഖലകളെ മെച്ചപ്പെടുത്തി മനുഷ്യരെ സഹായിക്കുന്നതിനും സഭാനേതൃത്വം മുന്നിട്ടിറങ്ങിയെന്ന സത്യം നമുക്കറിയാം. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ സഭയുടെ ശ്രദ്ധ തിരിയേണ്ടുന്ന ഒരു മേഖല അസംഘടിതരായ സാധാരണ തൊഴിലാളികളുടെ സുരക്ഷയും അതിലൂടെ കുടുംബങ്ങളുടെ സുരക്ഷയും രാഷ്ട്രവികസനവും ത്വരിതപ്പെടുത്തുക എന്നതാണ്. ഇതു മനസ്സിലാക്കിയാണ് കേരള കത്തോലിക്കാ മെത്രാൻസമിതി ലേബർ കമ്മീഷനെയും അതിന്റെ നേതൃത്വത്തിലുള്ള കേരള ലേബർ മൂവ്മെന്റിനെയും അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി മുന്നിട്ടിറങ്ങാൻ നിയോഗിച്ചത്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതിയിൽ പരമാവധി അസംഘടിത തൊഴിലാളികളെ അംഗങ്ങളാക്കുകയാണ് KLM ചെയ്യുന്നത്. ക്ഷേമനിധികൾ, പെൻഷൻ പദ്ധതികൾ തുടങ്ങിയവയാണ് ഇവയിൽ പ്രധാനം.

കേന്ദ്രഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയോട് ചേർന്ന് KLM നടപ്പാക്കുന്ന 'സുരക്ഷ' പെൻഷൻ പദ്ധതി അർഹരായ മുഴുവൻ വ്യക്തികൾക്കും ലഭിക്കുന്നതിനാവശ്യമായ നേതൃത്വം ഇടവകാതലത്തിൽ വൈദീകർ എടുക്കണമെന്ന് താൽപര്യപ്പെടുന്നു. നമ്മുടെ ഇടവകകളിലും, സന്യാസഭവനങ്ങളിലും, സഭാസ്ഥാപനങ്ങളിലും സേവനം ചെയ്യുന്നവർക്കുവേണ്ടി 'സുരക്ഷ A' എന്നും, മറ്റുള്ളവർക്ക് വേണ്ടി 'സുരക്ഷ B' എന്നും രണ്ട് വിഭാഗമായിട്ടാണ് സുരക്ഷ നടപ്പിലാക്കുന്നത്.

'സേവനത്തിന്റെ പേരിൽ നീതി ആർക്കും നിഷേധിച്ചുകൂടാ' ഈ കാഴ്ചപ്പാടോടുകൂടി സഭയിലെ ദേവാലയ ശുശ്രൂഷികൾ, സെക്രട്ടറിമാർ, സ്ഥാപനങ്ങളിലേയും സന്യാസ ഭവനങ്ങളിലേയും ഇതരജീവനക്കാർ തുടങ്ങിയവർക്ക് സുരക്ഷയുമായി ചേർന്ന് പെൻഷൻ ഉറപ്പാക്കാൻ KCBC എടുത്ത തീരുമാനം നമ്മുടെ രൂപതയിലും നടപ്പിലാക്കി തുടങ്ങി. ഇതിനായി ദേവാലയ ശുശ്രൂഷിമാരുടെയും, സെക്രട്ടറിമാരുടെയും യോഗങ്ങൾ മാനന്തവാടി, ബത്തേരി, മണിമൂളി എന്നിവിടങ്ങളിൽ ചേരുകയും അമ്പതോളം പേർ സുരക്ഷ A ൽ ചേരുകയും ചെയ്തു. അമ്പായത്തോട് ഇടവകക്കാരായ നൂറിലധികം പേർ സുരക്ഷ B യിൽ ചേർന്നുകഴിഞ്ഞു. മാർച്ച് 31-ന് മുമ്പ് പദ്ധതി വിഹിതം അടക്കുന്നവർക്കുമാത്രമേ സർക്കാരിന്റെ ഈ വർഷത്തെ വിഹിതം ലഭിക്കൂ. അതിനാൽ ഇനിയും ഈ പദ്ധതിയിൽ ചേരാത്ത സഭാജീവനക്കാരെയും, നമ്മുടെ ഭവനങ്ങളിലെയും, സ്ഥാപനങ്ങളിലെയും ശുശ്രൂഷകരെയും ഫെബ്രുവരിക്കുമുമ്പ് സുരക്ഷാ പെൻഷൻ പദ്ധതിയിൽ ചേർക്കാൻ മുഴുവൻ വികാരിമാരും, സ്ഥാപന ഡയറക്ടർമാരും, സുപ്പീരിയർമാരും ശ്രദ്ധിക്കണം എന്ന് താൽപര്യപ്പെടുന്നു. (പദ്ധതിയുടെ വിശദാംശങ്ങൾ അഭിവന്ദ്യ പിതാവ് നവംമ്പറിലെ ബുള്ളറ്റിനിലെ സർക്കുലറിൽ വിശദമാക്കിയിട്ടുണ്ടായിരുന്നു.)

WSSS ന്റെ ഓഫീസിനോടനുബന്ധിച്ച് WSSS ലെ തന്നെ സ്റ്റാഫ് അംഗങ്ങളുടെ, പ്രത്യേകിച്ച് ശ്രീമതി മിനി ഉണ്ണികൃഷ്ണൻ, ശ്രീമതി ഷീന, ബ്രദർ ജോമേഷ് തേക്കിലക്കാട്ടിൽ എന്നിവരുടെ സേവനം 'സുരക്ഷ'യിൽ അംഗങ്ങളാകുന്നവർക്ക് ഇപ്പോൾ ലഭ്യമാണ്. സുരക്ഷ പദ്ധതിയുടെ നേതൃത്വമെടുത്ത KLM ഡയറക്ടർ ജോൺ ചൂരപ്പുഴയച്ചനും അസിസ്റ്റന്റ് ഡയറക്ടർ സെബാസ്റ്റ്യൻ ഏലംകുന്നേലച്ചനും, KLM സംസ്ഥാന വൈസ്പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിലിനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 11617/2011***

## കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, ചുണ്ടക്കര സെന്റ് ജോസഫ് ഇടവകയുടെ കീഴിലുള്ള കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് കുരിശുപള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

ചുണ്ടക്കര ഇടവകയിൽ ചേർന്ന 1995-ലെ വാർഷിക പൊതുയോഗത്തിൽ വച്ച് ചുണ്ടക്കര പള്ളിയിൽ നിന്ന് 5 കിലോമീറ്ററോളം ദൂരമുള്ള കുറുമ്പാലക്കോട്ട പ്രദേശത്ത് ഒരു കുരിശുപള്ളി പണിയുന്നതിന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത കുരിശുപള്ളി പണിയുന്നതിനാവശ്യമായ സ്ഥലം ശ്രീ. പി.വി. കുര്യൻ പയ്യനാട്ട് ദാനം ചെയ്യുവാനുള്ള സന്നദ്ധത അന്നത്തെ വികാരി ബഹു. സെബാസ്റ്റ്യൻ കീഴേത്ത് അച്ചനെ അറിയിക്കുകയും അച്ചന്റെ നിർദ്ദേശപ്രകാരം 1995 ഏപ്രിൽ മാസത്തിൽ കുറുമ്പാലക്കോട്ട വാർഡിലെ എല്ലാ കുടുംബനാഥൻമാരും പങ്കെടുത്ത യോഗത്തിൽ വച്ച് ശ്രീ. പി.വി. ജോസഫ് പയ്യനാട്ട് പ്രസിഡന്റായും ശ്രീ. മാണി വല്ലാട്ടുപറമ്പിൽ സെക്രട്ടറിയായും, ശ്രീ. മാണി ചിറ്റക്കാട്ട് ഖജാൻജിയായും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

പള്ളിയ്ക്ക് ആവശ്യമെങ്കിൽ എത്ര സ്ഥലം വേണമെങ്കിലും പ്രാദേശിക വിലനിലവാരമനുസരിച്ചുള്ള തുകയ്ക്ക് നൽകുന്നതാണെന്ന് ശ്രീ. പി.വി. കുര്യൻ പയ്യനാട്ട് അറിയിച്ചുവെങ്കിലും കൂടുതൽ സ്ഥലം വാങ്ങാതെ അദ്ദേഹം ദാനം ചെയ്ത 13 സെന്റ് സ്ഥലത്ത് 1995 ജൂൺ

20-ന് കുരിശുപള്ളിയുടെ തറക്കല്ലിടിൽ കർമ്മം അന്നത്തെ ചുണ്ടക്കര വികാരി ബഹു. അഗസ്റ്റ്യൻ ചേമ്പാല നിർവ്വഹിച്ചു. നിർമ്മാണം പൂർത്തിയാക്കിയ കുരിശുപള്ളി 2000 ഫെബ്രുവരി 1-ന് അന്നത്തെ മാനന്തവാടി രൂപതാദ്ധ്യക്ഷൻ ദിവംഗതനായ മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവ് വെഞ്ചരിച്ചു. അന്നുമുതൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വി. കുർബാനയും തിങ്കളാഴ്ചകളിൽ വി. കുർബാനയും വി.യൂദാ തദേവൂസിന്റെ നൊവേനയും ഈ കുരിശുപള്ളിയിൽ നടത്തി വന്നു. ക്രമേണ ചെറിയ ക്ലാസ്സിലെ കുട്ടികൾക്ക് വേദപാഠവും ഇവിടെ ആരംഭിച്ചു.

2002-ൽ ശ്രീ. പി.വി. കുര്യൻ പയ്യനാട്ടിന്റെ പക്കൽ നിന്നും 21.5 സെന്റ് സ്ഥലം കുരിശുപള്ളിയ്ക്കായി വാങ്ങിച്ചു. 2007-ൽ ബഹു. പീടികപ്പാറ ജെയിംസച്ചൻ വികാരിയും, ബഹു. കാട്ടുതുരുത്തി തോമസച്ചൻ പ്രീസ്റ്റ് ഇൻ ചാർജ്ജും ആയിരുന്ന സമയത്ത് പള്ളിയോട് ചേർന്നുള്ള ഒരേക്കർ സ്ഥലം വാങ്ങിക്കുവാൻ തീരുമാനിക്കുകയും അഡ്വാൻസ് കൊടുത്ത് ഉടമയുമായി കരാർ എഴുതുകയും ചെയ്തെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയാകാതെ വന്നു. അതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2008 മെയ് 4-ന് ശ്രീ. കുര്യൻ പയ്യനാട്ട്, ശങ്കരൻചോല ജങ്ഷനിൽ ദാനം ചെയ്ത 1 സെന്റ് സ്ഥലത്ത് കുരിശ് സ്ഥാപിച്ചു. 2009 മെയ് മാസത്തിൽ ബഹു. പരുവുമ്മേൽ ജോസഫ് അച്ചനെ കുറുമ്പാലക്കോട്ട സെന്റ് ജൂഡ് പള്ളിയുടെ ഉത്തരവാദിത്വം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഏല്പിച്ചു. വികാരി ബഹു. മോൺ. ജോസഫ് കണിയാമറ്റത്തിലച്ചന്റെയും ജോസഫ് പരുവുമ്മേലച്ചന്റെയും അക്ഷീണ പരിശ്രമത്താലും ഇടവകാംഗങ്ങളുടെ പൂർണ്ണമായ സഹകരണത്താലും 2010 ഫെബ്രുവരിയിൽ ശ്രീ. കുര്യൻ പയ്യനാട്ടിന്റെ പക്കൽ നിന്നും പള്ളിയ്ക്കായി ഒരേക്കർ സ്ഥലം വാങ്ങിക്കുകയും 2010 മെയ് മാസത്തിൽ ആ സ്ഥലത്ത് കിണർ കുഴിച്ച് കുടിവെള്ളത്തിനായി സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ബഹു. മോൺ. കണിയാമറ്റത്തിലച്ചന്റെയും ബഹു. ജോസഫ് പരുവുമ്മേലച്ചന്റെയും അശ്രാന്ത പരിശ്രമവും തീക്ഷ്ണതയേറിയ അജപാലന പ്രവർത്തനവും ഇടവകക്കാരുടെ സഹകരണവും കൊണ്ട് 2010 ഓഗസ്റ്റ് 29 ന് പള്ളിമുറിയ്ക്കായി തറക്കല്ലിടുകയും 2011 നവംബറിൽ വെഞ്ചരിപ്പ് തീരുമാനിക്കുകയും ചെയ്തു.

2009 ജൂണിൽ 5-ാം ക്ലാസിലെയും 2010 ജൂണിൽ 6-ാം ക്ലാസിലെയും 2011 ജൂണിൽ 7,8,9 ക്ലാസ്സുകളിലെയും മതബോധനം ആരംഭി

ച്ചെങ്കിലും ഭൗതീകമായ സാഹചര്യങ്ങൾ ഇല്ലാതിരുന്നതിനാൽ പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ മുകൾ ഭാഗം ക്രമീകരിക്കുകയും അതോടൊപ്പം ഒരു സൺഡേസ്കൂൾ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ തുടരുകയും ചെയ്യുന്നു.

2007 മുതൽ പലപ്രാവശ്യം കുറുമ്പാലക്കോട്ട സെന്റ് ജൂഡ് പള്ളിയെ സ്വതന്ത്ര ഇടവകയാക്കണമെന്ന അപേക്ഷ ലഭിച്ചിരുന്നെങ്കിലും ഭൗതീകമായ സാഹചര്യങ്ങളുടെ അഭാവവും നൈയാമികമായി പൂർത്തിയാകേണ്ടിയിരുന്ന നടപടിക്രമങ്ങൾ പൂർത്തിയാകാതിരുന്നതിനാലും അപേക്ഷ അനുവദിക്കാൻ സാധിക്കുമായിരുന്നില്ല. 2010 നവംബർ 28-ന് കുറുമ്പാലക്കോട്ട സെന്റ് ജൂഡ് കുരിശുപള്ളിയിൽ ചേർന്ന പൊതുയോഗത്തിലും 2010 ഡിസംബർ 12-ന് ചുണ്ടക്കര പള്ളിയിൽ ചേർന്ന പൊതുയോഗത്തിലും കുറുമ്പാലക്കോട്ടയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതോടൊപ്പം കുറുമ്പാലക്കോട്ടയിലെ 105 കുടുംബങ്ങളിൽ നിന്നും ഒപ്പിട്ട അപേക്ഷയും ലഭിച്ചിരുന്നു.

ഈ സാഹചര്യങ്ങളും കുരിശുപള്ളിയുടെ ആത്മീയവും ഭൗതീകമായ വളർച്ചയും ഈ പ്രദേശത്തെ ദൈവജനത്തിന്റെ ആഗ്രഹവും നിർലോഭമായ സഹകരണവും പരിഗണിച്ച് 2011 നവംബർ 27 മുതൽ കുറുമ്പാലക്കോട്ട സെന്റ് ജൂഡ് കുരിശുപള്ളിയെ സ്വതന്ത്രമായ പൊതുയോഗവും കൈക്കാരന്മാരും കണക്കുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുന്നു. ഒരു സ്വതന്ത്ര കുരിശുപള്ളിയുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും കടമകളും അന്നു മുതൽ കുറുമ്പാലക്കോട്ട കുരിശുപള്ളിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഇനിമുതൽ താഴെ പറയുന്ന അതിർത്തിയ്ക്കുള്ളിൽ താമസിക്കുന്ന 105 കുടുംബങ്ങളുടെയും ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുടെയും ആദ്ധ്യാത്മിക സംരക്ഷണവും എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിനുള്ള കടമകളും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന കുറുമ്പാലക്കോട്ട സ്വതന്ത്ര കുരിശുപള്ളിയുടെ ബഹു. വികാരിയ്ക്കും അദ്ദേഹം നിയമാനുസൃതം അധികാരപ്പെടുത്തുന്നവർക്കും മാത്രമായിരിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളുടെ, വിശിഷ്യ, വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതായിരിക്കും.

**അതിർത്തികൾ**

തെക്ക് - വെണ്ണിയോട് കാരക്കുന്ന് റോഡ്, പാനാനിക്കൽ ജേക്കബ് ഉൾപ്പെടെ.

വടക്ക് – പള്ളിക്കുന്ന് – വിളമ്പുകണ്ടം റോഡ്, പയ്യനാട്ട് ജോർജ്ജ് ഉൾപ്പെടെ.

കിഴക്ക് – കാരക്കുന്ന് – മക്കിവയൽ – പയ്യനാട്ട് വർഗ്ഗീസ് ഉൾപ്പെടെ.

പടിഞ്ഞാറ് – കാരക്കുന്ന് – കള്ളംതോട് റോഡ്, പരുത്തിക്കുഴി ആഗസ്തി ഉൾപ്പെടെ.

സ്വന്തമായ ഒരു സെമിത്തേരി ഉണ്ടാകുന്നതുവരെ ചുണ്ടക്കര സെന്റ് ജോസഫ് പള്ളിയുടെ സെമിത്തേരി ഉപയോഗിക്കാൻ കുറുമ്പാലക്കോട്ട സ്വതന്ത്ര കുരിശുപള്ളിയിൽപ്പെട്ടവർക്ക് അവകാശമുണ്ടായിരിക്കുന്നതായിരിക്കും.

കുറുമ്പാലക്കോട്ട സെന്റ് ജൂഡ് സ്വതന്ത്ര കുരിശുപള്ളിയുടെ പ്രഥമ വികാരിയായി ബഹു. പരുവുമ്മേൽ ജോസഫ് അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

കുറുമ്പാലക്കോട്ട സെന്റ് ജൂഡ് സ്വതന്ത്ര കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാവരെയും മുൻവികാരിമാരെയും ചുണ്ടക്കരയിലുണ്ടായിരുന്ന കൊച്ചച്ചന്മാരെയും ഏച്ചോം ജസ്യൂട്ട് സഭയിലെ വൈദികരെയും ചുണ്ടക്കരയിൽ നിന്നും തിങ്കളാഴ്ചകളിലും വിശേഷ അവസരങ്ങളിലും വന്ന് സഹായിച്ചുകൊണ്ടിരുന്ന ക്രിസ്തുദാസിസമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിനെയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച്, വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകി കുറുമ്പാലക്കോട്ട കുരിശുപള്ളിയെ വളർത്തിയ ബഹു. മോൺ. ജോസഫ് കണിയാമറ്റത്തിലച്ചനെയും രൂപതാ കേന്ദ്രത്തിലെ വിവിധ ഉത്തരവാദിത്വങ്ങളുടെയും തിരക്കുകളുടെയും ഇടയിലും ഏറെ ത്യാഗപൂർവ്വം കുറുമ്പാലക്കോട്ട കുരിശുപള്ളിയെ ആത്മീയവും ഭൗതീകവുമായ വളർച്ചയിലേയ്ക്ക് നയിച്ച ബഹു. ജോസഫ് പരുവുമ്മേലച്ചനെയും നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു.

അതുപോലെതന്നെ കുരിശുപള്ളിയ്ക്കായി സ്ഥലം ദാനം നൽകിയ ശ്രീ. പയ്യനാട്ട് കുര്യൻ അവർകളേയും കുടുംബത്തേയും വളരെ പ്രത്യേകമായി അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ത്യാഗ

ത്തെയും സന്മനസ്സിനെയും അഭിനന്ദിക്കുകയും ധാരാളം ദൈവാനുഗ്രഹം ആശംസിക്കുകയും ചെയ്യുന്നു. പുതിയ കുരിശുപള്ളിയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ, തന്റെ അപ്പസ്തോലനായ വി.യൂദാ തദേവൂസിന്റെ മദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2011 നവംബർ മാസം 17-ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# അരുത്, ആത്മഹത്യ ചെയ്യരുത്

കമ്പോളനിലവാരം പോലെയോ ഓഹരിവിപണിയുടെ കുതിപ്പു പോലെയോ ആണു കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നാട്ടിലെ ആത്മഹത്യയുടെ സ്ഥിതിവിവരക്കണക്കുകൾ ടെലിവിഷനിൽ കാണാൻ കഴിയുന്നത്. ഒരു ജനതയാകെത്തന്നെ ആത്മഹത്യാ മുനമ്പിൽ നിൽക്കുകയാണെന്ന തരത്തിൽ ഭീതിയുളവാക്കുന്ന ചിത്രമാണു പ്രവാസിയായ എനിക്കു ലഭിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസത്തിനുശേഷം ആദ്യത്തെ കുറച്ചുവർഷം തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ മാനസികാരോഗ്യ വിഭാഗം തലവനായിരുന്ന, അകാലത്തിൽ അന്തരിച്ച ഡോ. സുരരാജ മണിയോടൊപ്പം മാനസികാരോഗ്യ രംഗത്തും ആത്മഹത്യാ പ്രതിരോധരംഗത്തും പ്രവർത്തിച്ചപ്പോൾ കിട്ടിയ ചെറിയ അറിവുകളാണ് ഈ കത്തിന്റെ ഉള്ളടക്കം. ഈ വിഷയം എന്നേക്കാൾ നന്നായി അറിയുന്നവരും പറയാൻ കഴിയുന്നവരും കേരളത്തിൽ നൂറുകണക്കിനുണ്ടെന്ന അറിവും എനിക്കുണ്ട്. പ്രമുഖ ടെലിവിഷൻ ചാനലുകളും ചില ദിനപത്രങ്ങളുടെ ഇലക്ട്രോണിക് രൂപങ്ങളും മാത്രം സ്ഥിരമായി കാണുന്ന എനിക്കു ചില പ്രധാനകാര്യങ്ങൾ പറയപ്പെടാതെ പോകുന്നുവെന്ന തോന്നലുണ്ടായിട്ടുണ്ട്. അത്തരം കാര്യങ്ങൾക്കു മാത്രമാണ് ഈ കത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

ആത്മഹത്യയ്ക്കു കാരണം ഒരാളുടെ ജീവിതത്തിൽ ഏറ്റവും ഒടുവിലുണ്ടായ ഒരു സംഭവം മാത്രമാണെന്ന ധാരണ തിരുത്തപ്പെടണം. ആത്മഹത്യയ്ക്കു പിന്നിൽ നിരവധി കാരണങ്ങളുടെ കൂട്ടായ്മയുണ്ട്. ജൈവശാസ്ത്രപരവും പാരമ്പര്യവും മാനസികവും സാമൂഹികവുമായ കാരണങ്ങൾക്കൊപ്പം ചുറ്റുപാടുകളുടെ സ്വാധീനവും കൂടി ചേർന്നാണ് ഒരാളെ ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്നത്. ശാരീരികരോഗങ്ങളോ സാമ്പത്തികനഷ്ടങ്ങളോ പ്രതീക്ഷിക്കാത്ത വേർപാടുകളോ ഒക്കെ ആത്മഹത്യയിലേക്കു നയിക്കാം. ആത്മഹത്യ ചെയ്തവരിൽ എൺപതു ശതമാനത്തിലധികം പേരും ഏതെങ്കിലും മാനസികാരോഗ്യ പ്രശ്നങ്ങൾ അനുഭവിച്ചിരുന്നവരാണെന്നു കണക്കുകൾ കാണിക്കുന്നു. താരതമ്യേന നിസാരമെന്നു തോന്നുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ മുതൽ

വിഷാദരോഗം, മദ്യത്തിനോടോ മയക്കുമരുന്നിനോടോ ഉള്ള ആസക്തി തുടങ്ങിയ കാരണങ്ങൾ വരെ ആത്മഹത്യയ്ക്കു വഴിമരുന്നിടും. ഇത്തരം മാസികാരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവരിൽ ജീവിതത്തിലെ പ്രതിസന്ധികളെയും തിരിച്ചടികളെയും നേരിടാനുള്ള ധൈര്യം അവശേഷിക്കുന്നുണ്ടാകില്ല. പ്രശ്നങ്ങളിൽനിന്നു രക്ഷപെടാനുള്ള മാർഗ്ഗം ആത്മഹത്യയാണെന്നു തെറ്റിദ്ധരിച്ചാണ് ഇവർ ജീവനൊടുക്കുന്നത്. എടുത്തുചാടി പ്രവർത്തിക്കുന്ന സ്വഭാവമുള്ളവർ മേൽപ്പറഞ്ഞ അവസ്ഥയിൽ കൂടിയാണെങ്കിൽ ഫലം പറയേണ്ടതില്ല. അതുകൊണ്ടുതന്നെ ദുരിതങ്ങളോ ദുരന്തങ്ങളോ അനുഭവിക്കുന്നവർ മാനസികാരോഗ്യ പ്രശ്നങ്ങൾ കൂടി അനുഭവിക്കുന്നവരാണെങ്കിൽ അവരെ പ്രത്യേകം സംരക്ഷിക്കേണ്ട ചുമതല എല്ലാവർക്കുമുണ്ട്. ജീവിതത്തിൽ ഏറ്റവും അവസാനമായി ഉണ്ടായ ഒരു നഷ്ടമോ ദുഃഖമോ മാത്രമാണ് ആത്മഹത്യയ്ക്കു കാരണമെന്നതു മിഥ്യാധാരണയാണെന്നു ലോകാരോഗ്യ സംഘടനയുടെ പ്രസിദ്ധീകരണങ്ങൾ നമ്മളെ ഓർമ്മിപ്പിക്കുന്നു.

ആത്മഹത്യാപ്രവണത ഉള്ളവരെയും ഒരിക്കൽ ആത്മഹത്യയ്ക്കു ശ്രമിച്ചു പരാജയപ്പെട്ടവരെയും സമൂഹമെന്ന 'ഐ.സി.' യൂണിറ്റിൽ സൂക്ഷിക്കണമെന്നു ഡോ. സുരരാജമണി പറഞ്ഞിട്ടുള്ളത് ഓർമ്മവരുന്നു. തുടർ ആത്മഹത്യകൾ നടക്കുന്ന കേരളത്തിൽ സമൂഹത്തിന്റെ ഐ.സി. യൂണിറ്റുണ്ടാക്കാൻ മുഴുവൻ പേരും ബാധ്യസ്ഥരാണ്. സർക്കാരും പ്രതിപക്ഷവും ഒരേ സ്വരത്തിൽ ഒന്നിക്കേണ്ട അടിയന്തര ഘട്ടമാണിത്. ഇവിടെ ആത്മഹത്യയ്ക്കു യു.ഡി.എഫ്. എന്നോ എൽ.ഡി.എഫ്. എന്നോ വേർതിരിവില്ല. ജാതിയും മതവും പ്രശ്നമല്ല. ആത്മഹത്യയെ മുഖാമുഖം കണ്ടുനിൽക്കുന്നവന് ആശ്രയമാണാവശ്യം. ജീവിതത്തിലേയ്ക്കു തിരിച്ചുവരാനുള്ള പിന്തുണയാണാവശ്യം. ഒരാത്മഹത്യയും പ്രശ്നങ്ങൾ അവസാനിപ്പിച്ചിട്ടില്ല, കൂട്ടിയിട്ടേയുള്ളൂ. ഒരു ആത്മഹത്യ ലോകത്തു ശരാശരി ആറുപേരെയെങ്കിലും ദുരിതത്തിലാക്കുമെന്നാണു ലോകാരോഗ്യ സംഘടന കണക്കാക്കിയിരിക്കുന്നത്.

ആത്മഹത്യ ചെയ്യരുതെന്ന് ആരു പറയണം? എല്ലാവരും പറയണം. കൂടുതൽ ഉത്തരവാദിത്തമുള്ളവർ കൂടുതൽ ശക്തമായി പറയണം. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മന്ത്രിമാരും നേതാക്കന്മാരുമൊക്കെ ജനങ്ങളോടിതു പറയണം. ബാങ്ക് ജപ്തി ഒഴിവാക്കുന്നതു മാത്രമല്ല പോംവഴി. അതു ശാശ്വത പരിഹാരവുമല്ല, ആത്മഹത്യ ഒഴി

വാക്കാൻ മറ്റു മാർഗ്ഗങ്ങളും സ്വീകരിക്കണം. ആത്മഹത്യാ പ്രവണത യുണ്ടാകുമ്പോൾ അടിയന്തരമായി ബന്ധപ്പെടാനായി ടെലിഫോൺ നമ്പ രുകളും അതിന്റെയറ്റത്തു കൗൺസിലർമാരും ഉണ്ടാകണം. ഇതു നട പ്പുള്ള കാര്യമല്ലെന്നു പെട്ടെന്നു തോന്നിയേക്കാം. എന്നാൽ, മറ്റു പല രാജ്യങ്ങളിലേയുമെന്നപോലെ കേരളത്തിലും ഇതു ഫലപ്രദമായി നടത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ആത്മഹത്യാ പ്രതിരോധ ക്ലിനിക് തടഞ്ഞ ആത്മഹ ത്യകൾ നിരവധിയാണ്. അത്തരം ക്ലിനിക്കുകൾ ഇപ്പോൾ നടക്കുന്നി ല്ലെങ്കിൽ അടിയന്തരമായി ആരംഭിക്കേണ്ട സന്ദർഭമാണിത്. സർക്കാരും ഐ.എം.എ. പോലുള്ള ഡോക്ടർമാരുടെ സംഘടനകളും ഇതിനു മുൻകൈ എടുക്കണം. യുവജന സംഘടനകൾ ഇതിന് ഊർജ്ജം പക രണം.

ആത്മഹത്യ റിപ്പോർട്ട് ചെയ്യുമ്പോൾ അതു സമൂഹത്തെ എങ്ങനെ ബാധിക്കുമെന്നു മാധ്യമങ്ങൾ അറിഞ്ഞിരിക്കണം. ആത്മ ഹത്യാ പ്രവണതയുള്ളവർ നമ്മുടെയിടയിൽത്തന്നെയുണ്ടെന്ന കാര്യം വിസ്മരിക്കരുത്. മറ്റുള്ളവരുടെ ആത്മഹത്യയെപ്പറ്റിയുള്ള വാർത്തകൾ ഇത്തരക്കാരിൽ ആത്മഹത്യാ പ്രവണത വർധിക്കാൻ കാരണമാകും. അതു തുടർ ആത്മഹത്യകൾക്കു കാരണമാകുമെന്നു നിരവധി പഠന ങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ആത്മഹത്യാ 'പകർപ്പു കൾ' ഒഴിവാക്കാനായി മാധ്യമങ്ങൾ സ്വയം പാലിക്കേണ്ട നിയന്ത്രണ ങ്ങളെപ്പറ്റി ലോകാരോഗ്യസംഘടന വിശദമായ മാർഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അനാവശ്യമായ വിശദാംശങ്ങൾ അടങ്ങുന്നതും അമിത പ്രാധാന്യത്തോടെയുള്ളതും നിറം പിടിപ്പിച്ചതുമായ ആത്മഹത്യാ വാർത്തകൾ തുടർ ആത്മഹത്യകൾക്കു കാരണമായെന്ന അനുഭവ ത്തിന്റെ വെളിച്ചത്തിൽ ആത്മഹത്യയെക്കുറിച്ചുള്ള റിപ്പോർട്ടിംഗിനു മാർഗനിർദ്ദേശങ്ങൾ ലോകരാഷ്ട്രങ്ങളിലുണ്ട്. നമ്മുടെ നാട്ടിലും ഇത്തരം ചട്ടങ്ങളും ധാരണകളും ഉണ്ടെങ്കിലും എന്തുകൊണ്ട് അവ അവഗണി ക്കപ്പെടുന്നുവെന്ന കാര്യത്തിൽ മാധ്യമങ്ങൾക്കു സ്വയം പരിശോധന യ്ക്കുള്ള സാഹചര്യമാണിത്. അന്തർദേശീയ-ദേശീയ നേതാക്കൾക്കും രാഷ്ട്രീയപ്പാർട്ടികൾക്കും മതങ്ങൾക്കും ദൈവങ്ങൾക്കും ദൈവങ്ങളുടെ ആൾരൂപങ്ങൾക്കും പഞ്ഞമില്ലാത്ത നാടാണു നമ്മുടേത്. ഇവിടെ ഒരു

ആശ്വാസവാക്കിന്റെ കുറവുകാരണം ഒരാൾ ആത്മഹത്യ ചെയ്യേണ്ടി വരുന്നതു കഷ്ടമാണ്. അരുത്, ആത്മഹത്യ ചെയ്യരുത് എന്നു മലയാളിയോടു നാട്ടിലെ പ്രധാനപ്പെട്ട മനുഷ്യർ പറയണം. അതു കേട്ടു സാധാരണക്കാർ അവന്റെ കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും അയൽവാസികളോടും അതുതന്നെ ആവർത്തിച്ചു പറയും.

**വാൽക്കഷണം:** കഴിഞ്ഞ പ്രാവശ്യം തിരുവനന്തപുരത്തു വന്നപ്പോൾ ഒരു ചെറുപ്പക്കാരിയും ഭർത്താവും രണ്ടു മക്കളും വളരെ ഉത്സാഹത്തോടെ എന്റെയടുത്തേക്കു വന്നു. ഭർത്താവിനെ ചൂണ്ടിക്കാട്ടി ഭാര്യ പറഞ്ഞു – 'ദേ, ഇദ്ദേഹത്തിനു ഡോക്ടറെ അറിയാം. പണ്ടു ഡോ. സുരരാജ മണിയോടൊപ്പം ഉണ്ടായിരുന്നപ്പോൾ കണ്ടതാണെന്ന്. ജനറൽ ആശുപത്രിയിൽ അന്നുണ്ടായിരുന്ന ആത്മഹത്യാ പ്രതിരോധ ക്ലിനിക്ക് കാരണമാണ് ഇദ്ദേഹം ജീവിച്ചിരിക്കുന്നതെന്നു താങ്കളെ ചൂണ്ടിക്കാട്ടി എന്നോടു പറഞ്ഞു. ഞങ്ങൾക്ക് ഈ ജീവിതം ഉണ്ടായത് അന്നത്തെ ക്ലിനിക്ക് കാരണമാണ്' – അന്ന്, ആ സർക്കാർ ആശുപത്രിയിലെ വാർഡിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഹൈസ്കൂൾ വിദ്യാർത്ഥിയെ എനിക്കു കൃത്യമായി ഓർക്കാൻ കഴിഞ്ഞു. വർഷം പതിനഞ്ചിലേറെ കഴിഞ്ഞിരിക്കുന്നു.

**ഡോ. എസ്.എസ്. ലാൽ**
(ജനീവ. സ്വിറ്റ്സർലൻഡ്)

(കടപ്പാട്: മംഗളം ദിനപത്രം, 2011 നവംബർ 30, പേജ് 6)

# പ്രേഷിതവർഷം

## 2011 ആഗസ്റ്റ് – 2012 ആഗസ്റ്റ്

**പ്രേഷിതവർഷാചരണം - ആരംഭം : പോരൂർ**

പ്രേഷിതവർഷാചരണത്തിന് തുടക്കം കുറിച്ചുകൊണ്ട് ബഹു. വികാരി തോമസ് മണക്കുന്നേലച്ചൻ തിരിതെളിക്കുകയും ബൈബിൾ പ്രതിഷ്ഠ നടത്തുകയും ചെയ്തു. അതോടൊപ്പം എല്ലാ ഭവനങ്ങളിലും വചനം പ്രതിഷ്ഠിക്കുകയും അഖണ്ഡ ബൈബിൾ പാരായണം ആരംഭിക്കുകയും ചെയ്തു. ബൈബിൾ പാരായണം എത്രമാത്രം ആഴത്തിൽ നടക്കുന്നു എന്നു വിലയിരുത്താനായി ചോദ്യാവലി തയ്യാറാക്കി ചോദ്യം ചോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

**ജപമാലയും പ്രേഷിതവർഷാചരണവും**

പ്രേഷിതവർഷത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് ഒക്ടോബർ മാസത്തിൽ ജപമാലയും വി. ബലിയർപ്പണവും നടന്നു. മണ്ഡ്യ മിഷനെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ വി. ബലി മധ്യേ നടത്തിയ സ്തോത്രകാഴ്ചയിൽ 50,000 ത്തോളം രൂപ സമാഹരിക്കുകയും ചെയ്തു. മണ്ഡ്യരൂപത സന്ദർശിച്ച് ഇടവക പ്രതിനിധികൾ ആ തുക അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവിനെ ഏൽപ്പിക്കാനും തീരുമാനമുണ്ടായി.

**മാതാപിതാക്കൾക്ക് സെമിനാർ**

വിശ്വാസ ജീവിതത്തിന്റെ ആദ്യകളരി കുടുംബമായതിനാൽ കുഞ്ഞുങ്ങളെ വിശ്വാസജീവിതത്തിലും സാൻമാർഗികമൂല്യങ്ങളിലും പ്രേഷിതചൈതന്യത്തിലും വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംഘടിപ്പിച്ച സെമിനാറിൽ 800 ഓളം പേർ പങ്കെടുത്തു. സി. ലീനാ തെരേസ് CHF ക്ലാസ്സിന് നേതൃത്വം നൽകി. ഒരു വിളക്കിലെ എണ്ണയും

തിരിയും പോലെ മക്കൾക്കുവേണ്ടി സ്വയം എരിഞ്ഞു തീരേണ്ടവരാണ് മാതാപിതാക്കൾ എന്ന ബോധ്യത്തിലേയ്ക്ക് ക്ലാസ് നയിച്ചു.

**പ്രേഷിതവർഷാചരണം - കുടുംബതലത്തിൽ**

കുടുംബങ്ങളെ ഉണർത്തുക എന്ന ലക്ഷ്യത്തോടെ, വാർഡുകളിൽ സിസ്റ്റേഴ്സ് വാർഡ് പ്രതിനിധികളോടൊപ്പം ഭവനസന്ദർശനവും വികാരിയച്ചന്റെ നേതൃത്വത്തിൽ വാർഡു പ്രാർത്ഥനയും നടത്തി. ഒപ്പം വാർഡുതലത്തിൽ മാതാക്കൾക്ക് യോഗവും, വി. കുർബാനയെ പ്പറ്റി ക്ലാസും നടത്തുകയുണ്ടായി. ഡിസംബർ 16-ാം തീയതി വരെ ഓരോ വാർഡുകളിലെയും കുടുംബാംഗങ്ങൾ ഒരുമിച്ച് വി. ബലിയിലും കൈവയ്പ്പു പ്രാർത്ഥനയിലും പങ്കെടുക്കാൻ അവസരമൊരുക്കി. തുടർന്ന് അതത് വാർഡുകാർക്ക് അന്നേ ദിവസം കാപ്പി സൽക്കാരവും നടത്തി.

**പ്രേഷിത റാലി**

വാർഡ് പ്രാർത്ഥനയിൽ വച്ച് ഓരോ കുടുംബത്തിനും ഓരോ ദൈവവചനം നൽകുകയും കമ്മറ്റിക്കാരുടെ നേതൃത്വത്തിൽ അവ പ്ലക്കാർഡുകളാക്കി വികാരിയച്ചൻ അവ വെഞ്ചരിച്ച് ഓരോ കുടുംബത്തിന് നൽകുകയും ചെയ്തു. ഓരോ കുടുംബവും തങ്ങളുടെ പ്രേഷിതാഭിമുഖ്യം പ്രകടിപ്പിക്കുന്നതിനായി ഇടവകയുടെ 5 ഭാഗങ്ങളിൽ നിന്നും ഓരോ കുടുംബത്തിനും ലഭിച്ച വചനത്തിന്റെ തണലിൽ ഭവനാംഗങ്ങൾ ഒരുമിച്ച് മുദ്രാവാക്യം മുഴക്കി ഒരിടയനും ഒരാട്ടിൻപറ്റവും ആവുക എന്ന ലക്ഷ്യത്തോടെ വിശ്വാസപ്രഘോഷണ റാലിയായി ദേവാലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് 5 മണിക്ക് സി. എം. ഐ. കോഴിക്കോട് പ്രൊവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബഹു. ജോൺ പനത്തോട്ടത്തിലച്ചൻ വി. ബലിയർപ്പിക്കുകയും തന്റെ മിഷൻ അനുഭവം പങ്കുവെയ്ക്കുകയും ചെയ്തു. ഇവയുടെ വിജയത്തിനായി എല്ലാ ദിവസവും 4 മണി മുതൽ 6 മണി വരെ ആരാധനയും ജപമാലയും ഉണ്ടായിരുന്നു.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
പ്രേഷിതവർഷം രൂപതാ കോർഡിനേറ്റർ

## മതബോധനരംഗം

### ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം

മുൻകൂട്ടി അറിയിച്ചിരിക്കുന്നതുപ്രകാരം ജനുവരി 14-ാം തീയതി രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 2.00 മണിവരെ ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. എല്ലാവരും കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ. അർദ്ധവാർഷിക പരീക്ഷാ ചോദ്യപേപ്പറിനോടൊപ്പം പ്രധാനാധ്യാപകർക്ക് തന്നിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്ന ഓഫീസ് സംബന്ധമായ കാര്യങ്ങൾ അന്ന് കൃത്യമായി ചെയ്തുതീർക്കുവാൻ ശ്രദ്ധിക്കണം.

### ഫൊറോനാ സെക്രട്ടറിമാരുടെ സമ്മേളനം

ജനുവരി 14-ാം തീയതി പ്രധാനാധ്യാപകരുടെ സമ്മേളനത്തിന് ശേഷം ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം ഉണ്ടായിരിക്കും. സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ.

### HCC, (+1, +2) പരീക്ഷ 2012 ഫെബ്രുവരി 12-ന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡീസ് നടത്തുന്ന HCC (+1, +2) പരീക്ഷകൾ നമ്മുടെ മതബോധന കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഫെബ്രുവരി 12-ന് ഞായറാഴ്ച രാവിലെ 10.00 മണിമുതൽ 1.00 മണിവരെ നടത്തുന്നതാണ്. HM, PP സമ്മേളനത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ നിന്നും പരീക്ഷ എഴുതുവാൻ യോഗ്യരായ കുട്ടികളുടെ ഹാൾ ടിക്കറ്റ് പ്രധാനാധ്യാപകർ വാങ്ങേണ്ടതാണ്. പരീക്ഷയ്ക്ക് വേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രത്തിലെ ബഹു. വികാരിയച്ചനും ഫൊറോന ഡയറക്ടറും ഫൊറോന ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷ സെന്ററുകൾ**

1. ബത്തേരി ഫൊറോന – ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന – കൊട്ടിയൂർ
3. നീലഗിരി റീജിയൻ – അരുൾ നിലയം
4. കല്ലോടി ഫൊറോന – കല്ലോടി, ദ്വാരക, മക്കിയാട്

(ഈ സെന്റുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേളനത്തിൽ അറിയിക്കും.)

5. കൽപ്പറ്റ ഫൊറോന – കൽപ്പറ്റ
6. മാനന്തവാടി ഫൊറോന – മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന – മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന – മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന – നടവയൽ, ചുണ്ടക്കര

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേളനത്തിൽ അറിയിക്കും)

10. നിലമ്പൂർ ഫൊറോന – നിലമ്പൂർ
11. പയ്യമ്പള്ളി ഫൊറോന – പയ്യംമ്പള്ളി
12. തരിയോട് ഫൊറോന – കാവുംമന്ദം

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1) പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഫൊറോനാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.

2) പരീക്ഷാ സമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.

3) പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല. അതുപോലെതന്നെ പരീക്ഷാസമയം തീരുന്നതിന് അര മണിക്കൂർമുമ്പ് ഹാളിന് പുറത്ത് പോകാൻ അനുവദിക്കേണ്ടതില്ല.

4) പരീക്ഷകഴിഞ്ഞ ഫൊറോന ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണിതിട്ടപ്പെടുത്തി രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് രൂപതാ മതബോധനകേന്ദ്രത്തിൽ എത്തിക്കണം.

5) പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.

6) പരീക്ഷ എഴുതുവാനുള്ള Answer Book, Additional Sheet... തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**HCC പരീക്ഷകൾ**

ഫെബ്രുവരി 11 -ാം തീയതി രാവിലെ 10.00 മണി മുതൽ 1.00 മണിവരെ **HDC** എഴുത്തു പരീക്ഷ രൂപത മതബോധന കേന്ദ്രത്തിൽ നടക്കുന്നതാണ്. പഠനാർത്ഥികൾ ശ്രദ്ധിക്കുക. മണിമൂളിയിൽ ക്ലാസ് കൂടിയവർക്ക് അവിടെ വച്ചായിരിക്കും പരീക്ഷ.

**HDC** വാചാപരീക്ഷ ഫെബ്രുവരി 25, 26 തീയതികളിൽ ദ്വാരകയിലും, ഫെബ്രുവരി 18-ന് മണിമൂളിയിലും നടത്തുന്നു.

**XII- ാംക്ലാസ് കുട്ടികളുടെ പഠനസംഗമം**

തരിയോട്, കൊട്ടിയൂർ ഫൊറോനകളിലെ XII -ാം ക്ലാസ് കുട്ടികളുടെ പഠനസംഗമം യഥാക്രമം ചെന്നലോട്, കൊട്ടിയൂർ ഇടവകകളിൽ നടത്തി. തരിയോട് ഫൊറോന ഡയറക്ടർ ബഹു. ചാക്കോ മേപ്പുറത്തച്ചൻ, ബഹു. സോമി വടയാപറമ്പിലച്ചൻ, ഫൊറോന സെക്രട്ടറിമാരായ ശ്രീ. ജോസ് മലയിൽ, ശ്രീ. ജിൽസ് മേക്കര എന്നിവർക്കും ഫൊറോന ടീം അംഗങ്ങൾക്കും ഏറെ നന്ദി. ബഹു. പാലക്കിയച്ചനും, ബഹു. ചേമ്പാലയച്ചനും കൊച്ചച്ചനും പ്രത്യേകം നന്ദി അറിയിക്കുന്നു. ഒപ്പം ഡയറക്ടറച്ചനോടൊപ്പം ക്ലാസുകൾ നയിച്ച സജി നരിവേലി സാറിനും നന്ദി.

**അധ്യാപക പഠന സംഗമം**

നടവയൽ ഫൊറോനയിലെ അധ്യാപകരുടെ പഠനസംഗമം ചുണ്ടക്കര ഇടവകയിൽ നടത്തി. പഠനസംഗമം ഭംഗിയായി ക്രമീകരിച്ച ഫൊറോന ഡയറക്ടർ ബഹു. ആലുക്ക ജോർജ്ജച്ചനും, സെക്രട്ടറി ശ്രീ. ജോസ് താഴത്തേൽ, ഫൊറോന ടീം അംഗങ്ങൾ, ചുണ്ടക്കര ഇടവകയിലെ അധ്യാപകർ എല്ലാവർക്കും ഹൃദ്യമായ നന്ദി. ചുണ്ടക്കര ഇടവക വികാരി ബഹു. കണിയാമറ്റത്തിലച്ചനും കൊച്ചച്ചനും പ്രത്യേകം നന്ദി. ഡയറക്ടറച്ചനോടൊപ്പം ക്ലാസ്സുകൾ നയിച്ച ശ്രീ. സജി നരിവേലി, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർക്കും നന്ദി.

**മാതാപിതാക്കൾക്ക് സെമിനാർ**

കുറുമ്പാലക്കോട്ട ഇടവകയിൽ മാതാപിതാക്കൾക്കുള്ള സെമിനാർ സംഘടിപ്പിച്ച ബഹു. ജോസഫ് പരുവുമ്മേലച്ചനും, ക്ലാസ് നയിച്ച

ശ്രീ. ബേബി ജോസഫ് ചക്കാലസാറിനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**ഫൊറോനാ വാർത്തകൾ - നടവയൽ ഫൊറോന**

നടവയൽ മേഖല മതാധ്യാപക സംഗമം 18-12-2011 ഞായറാഴ്ച രാവിലെ 9.30 ന് വി.കുർബാനയോടുകൂടി ആരംഭിച്ചു. 10.30 ന് മോൺ. ജോസഫ് കണിയാമറ്റത്തിലച്ചൻ സംഗമം ഉത്ഘാടനം ചെയ്തു. ഈ വർഷം നടത്തിയ 'നിറക്കൂട്ട്' ചിത്രരചന മത്സരത്തിൽ വിജയിച്ചവർക്ക് മേഖല ഡയറക്ടർ റവ. ഫാ. ജോർജ് ആലുക്ക സമ്മാനങ്ങൾ വിതരണം ചെയ്തു. സാഹിത്യമത്സര വിജയികൾക്ക് റവ. ഫാ. ജോഷി പുൽപ്പയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. കൈയ്യെഴുത്ത് മാസിക മത്സരത്തിൽ വിജയിച്ച ഇടവകയ്ക്കുള്ള സമ്മാനങ്ങൾ റവ. ഫാ. ബെന്നി മുതിരക്കാലായിൽ വിതരണം ചെയ്തു. സംഗമത്തിൽ 185 അധ്യാപകർ പങ്കെടുത്തു.

**കൈയ്യെഴുത്തു മാസിക മത്സരത്തിൽ വിജയിച്ചവർ**

ചെറുകാട്ടൂർ ഇടവകയുടെ 'മനാസ്സെ' - Ist
വിളമ്പുകണ്ടം ഇടവകയുടെ 'നിറവ്' - IInd
വാളവയൽ ഇടവകയുടെ 'ദൂത്' - IIIrd

**സാഹിത്യ മത്സരം ഇടവകതലത്തിൽ സമ്മാനം ലഭിച്ചവർ**

ചെറുകാട്ടൂർ 61 പോയിന്റ് - Ist
നടവയൽ 45 പോയിന്റ് - IInd
പറളിക്കുന്ന് 44 പോയിന്റ് - IIIrd

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## Logos 2011

**C ഗ്രൂപ്പിൽ** - ഏറ്റവും അധികം മാർക്ക് ലഭിച്ച മാതൃസംഘടനാ പ്രവർത്തകർ

(01) റോസമ്മ വടയാപറമ്പിൽ - തലഞ്ഞി, (02) ഷാബി വടക്കേനിരപ്പേൽ - തേൾപ്പാറ, (03) ദീപ താഴത്തുമലയിൽ - കുന്നലാടി

**D ഗ്രൂപ്പിൽ** - ഏറ്റവും അധികം മാർക്ക് ലഭിച്ച മാതൃസംഘടനാ പ്രവർത്തകർ

(01) ടെസി പാലനിൽക്കുംതൊട്ടി - വാഴവറ്റ, (02) വൽസമ്മ മഠത്തിൽ - മീനങ്ങാടി, (03) മോളി അമ്പലത്തിങ്കൽ - കാവുംമന്ദം

**E ഗ്രൂപ്പിൽ** - ഏറ്റവും അധികം മാർക്ക് ലഭിച്ച മാതൃസംഘടനാ പ്രവർത്തകർ

(01) ഗ്രേയ്സി വലിയമറ്റം - ചുങ്കക്കുന്ന്, (02) മേരി ബേബി പുതിയിടം - നടവയൽ, (03) ആനിയമ്മ പുളിമൂട്ടിൽ - പാതിരിപാടം

## Six Members Family

കൈപകശ്ശേരി തോമസ് & കുടുംബം - ചുങ്കക്കുന്ന്

## Five Members Family

(01) ഞൊണ്ടൻമാക്കൽ മാത്യു & കുടുംബം - കബിനിഗിരി

(02) മടിയക്കാങ്കൽ സണ്ണി & കുടുംബം - മരക്കടവ്

(03) ചിറമുഖത്ത് കുര്യാച്ചൻ & കുടുംബം - പ്രശാന്തഗിരി

ഇവരെ ഒരുക്കിയച്ച എല്ലാ വികാരിയച്ചൻമാർക്കും, സഹപ്രവർത്തകർക്കും പ്രത്യേക അഭിനന്ദനങ്ങൾ വരുംവർഷങ്ങളിൽ എല്ലാ സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

## Logos 2012

പാഠഭാഗങ്ങൾ: പുറപ്പാട് 25-40, മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

കാലത്തിന്റെ യവനിക ഒരു വർഷത്തിന് വിരാമമിട്ടു. പുതിയ പ്രതീക്ഷകളോടെ പുതുവത്സരം പിറന്നു. പുതുവത്സരം ദൈവത്തിൽ നിന്നുമുള്ള വീണ്ടുമൊരു വിളിയാണ്. കഴിഞ്ഞ വർഷത്തിലെ കുറവുകളോടും അപാകതകളോടും വിടപറഞ്ഞ് പുതിയ തീരുമാനങ്ങൾ എടുക്കേണ്ട സമയം. ഇത് ആത്മപരിശോധനയുടെ അവസരമാണ്. ഭൂതകാലത്തെ വിലയിരുത്തി, ഭാവികാലത്തിന് രൂപം കൊടുത്ത്, വർത്തമാനകാലത്തിൽ ജീവിക്കാൻ നമുക്ക് സാധിക്കണം.

സമയം ഒട്ടും പാഴാക്കാതെ മിഷൻലീഗിന്റെ വളർച്ചയ്ക്കുവേണ്ടി നമുക്ക് അധ്വാനിക്കാം. 'Time and Tide waits for nobody' സമയവും സമുദ്രത്തിലെ തിരകളും ആരെയും കാത്തുനിൽക്കാറില്ല. അലസമായി നാം നഷ്ടപ്പെടുത്തുന്ന ഓരോ നിമിഷവും ശാശ്വതമായ നഷ്ടമാണ് നമുക്ക് വരുത്തുക. ഈ നിമിഷമാണ് യഥാർത്ഥത്തിലുള്ള സമയം. ഈ പുതുവർഷത്തിലെ ഓരോ നിമിഷവും നമുക്ക് ധന്യമാക്കിതീർക്കാം. പ്രേഷിത വർഷത്തിൽ കൂടുതൽ കർമ്മനിരതരാകാൻ ഈ ചിന്ത നമുക്ക് ഉപകരിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ,
**സോണിയച്ചൻ**

## അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി

പ്രവർത്തന വർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി 10-ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. സി.എം.എൽ. അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറണാട്ട് മാനേജിംഗ് കമ്മറ്റി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ

അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതമാശംസിച്ചു. ജോ.സെക്രട്ടറി ദിൽന കാവനമാലിൽ റിപ്പോർട്ട്, കണക്ക് അവതരിപ്പിച്ചു. കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങൾ വില യിരുത്തുകയും വരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുകയും ചെയ്തു.

**വൈസ് പ്രസിഡന്റ്, സംസ്ഥാന മാനേജിംഗ് കമ്മിറ്റി അംഗം - തെരഞ്ഞെടുപ്പ്**

മാനേജിംഗ് കമ്മിറ്റിയിൽ പുതിയ വൈസ് പ്രസിഡന്റായി കുമാരി ബിൻസി പട്ടർമഠത്തിലിനേയും, സംസ്ഥാന കമ്മിറ്റി അംഗമായി ഡയാന, മണിമൂളി, നിലമ്പൂർ റീജണിന്റെ ഓർഗനൈസറായി ലിനു പൊട്ടയ്ക്ക ലിനെയും നോമിനേറ്റ് ചെയ്തു.

**നന്ദിയുടെ ഒരു വാക്ക്**

രൂപതാ വൈസ് പ്രസിഡന്റായിരുന്ന ജോസ്ന പാറക്കുന്നേലിനും, സംസ്ഥാന മാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന ജോസ്മിൻ വട്ടുകുള ത്തിനും മണിമൂളി, നിലമ്പൂർ റീജണിന്റെ ഓർഗനൈസർ നിധീഷ് ആലുങ്കനും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**പ്രേഷിത 2011 - കല്ലോടി, മണിമൂളി മേഖലയിൽ**

ശാഖാസന്ദർശനവും സെമിനാറും കല്ലോടി, മണിമൂളി മേഖല കളിലെ ശാഖകളിൽ നടന്നു. ശാഖാസന്ദർശനത്തിന് സഹായിച്ച എക്സിക്യൂട്ടീവ് & ടീം അംഗങ്ങളെ ഏറെ നന്ദിയോടെ ഓർക്കുന്നു.

**മലബാർ റിജണൽ സംഗമം**

പാലക്കാട് വച്ച് നടന്ന മലബാർ റീജണൽ സംഗമത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**രൂപതാ വാർഷികവും സിമ്പോസിയവും**

രൂപതാ വാർഷികവും സിമ്പോസിയവും ജനുവരി 26 ന് മാനന്ത വാടി സെന്റ് പാട്രിക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. ക്രിസ്ത്യൻ ഭക്തിഗാന രചയിതാവും ഗായകനുമായ ബേബി ജോൺ കലയന്താനി മുഖ്യാതിഥിയായിരിക്കും. മാനന്തവാടി രൂപത വികാരി ജന റാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യും. രാവിലെ 9 മണിക്ക് മാർട്ടിൻനഗർ പള്ളിയിൽ നിന്നും ആരംഭിക്കുന്ന റാലിയോടു കൂടിയാണ് വാർഷികത്തിന് തുടക്കം കുറിക്കുന്നത്. ശാഖയിൽ നിന്നും 10 അംഗങ്ങൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സംസ്ഥാന കലാസാഹിത്യ മത്സര വിജയികൾക്കുള്ള സമ്മാന വിതരണം**

ഇപ്രാവശ്യം സംസ്ഥാന കലാ-സാഹിത്യ മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ വാർഷികത്തിന് വിതരണം ചെയ്യുന്നതായിരിക്കും. സമ്മാനാർഹരായ അംഗങ്ങൾ വാർഷികത്തിന് എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രേഷിതവർഷം - മിഷൻസന്ധ്യകൾ**

പ്രേഷിതവർഷത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന മിഷൻസന്ധ്യകൾ ജനുവരി 1 മുതൽ 4 വരെ വിവിധ ഇടവകകളിൽ നടത്തപ്പെടുന്നു.

**ഏയ്ഞ്ചൽ മീറ്റ്**

എയ്ഞ്ചൽ മീറ്റ് നടത്താത്ത മേഖലകൾ എത്രയും പെട്ടെന്ന് നടത്തണമെന്ന് അറിയിക്കുന്നു.

**ആദരാഞ്ജലികൾ**

തോമസ് ഏറണാട്ട് സാറിന്റെ പ്രിയപ്പെട്ട അമ്മച്ചിയുടെ വേർപാടിൽ ചെറുപുഷ്പ മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ നേരുന്നു.

**മിഷൻഞായർ വിഹിതം, സംസ്ഥാന വിഹിതം**

വിഹിതങ്ങൾ രൂപതയിൽ ഏൽപ്പിക്കാത്ത ശാഖകൾ എത്രയും പെട്ടെന്നുതന്നെ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**മിഷൻവോയ്സ് ടെലികിസ് ഫോൺ ഇൻ പ്രോഗ്രാം**

മിഷൻ വോയ്സ് ടെലികിസ് ഫോൺ ഇൻ പ്രോഗ്രാം വിജയികൾ.

1) ജിതിൻ ബാബു തൈപറമ്പിൽ - കല്ലുവയൽ
2) ജോസഫ് തൈപറമ്പിൽ - കല്ലുവയൽ
3) അമൃത ചിറമുഖത്ത് - പ്രശാന്തഗിരി
4) ജിബിൻ തച്ചിലോട്ട് - തെനേരി
5) അരുൺ ബാബു വേങ്ങമറ്റം - തെനേരി
6) സോണിജ് മാരംകണ്ടത്തിൽ - കുഞ്ഞോം
7) ട്രീസ മരിയ വേങ്ങമറ്റത്തിൽ - തെനേരി

വിജയം കരസ്ഥമാക്കിയവർക്ക് എല്ലാവിധ ആശംസകളും നേരുന്നു. ജനുവരി 26-ന് വാർഷികത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്.

**മിഷൻ ഞായർ വിഹിതം തന്ന ശാഖകൾ**

പറളിക്കുന്ന്-400, നെടുമ്പാല-100, വൈത്തിരി-300, ഒലിവുമല-200, ചെറുകാട്ടൂർ-500, ഏലപ്പീടിക-150, പയ്യമ്പിള്ളി-1000, മംഗലശ്ശേരി-300,

കൽപ്പറ്റ–2300, പാലേമാട്–1500, തൃശിലേരി–500, കരിമ്പിൽ–200, റൂബി നഗർ–400, പൂളപ്പാടം–250, നരിവാലമുണ്ട–600, മരകാവ്–2250, ശിശുമല –1000, ഒറ്റപ്ലാവ്–250, സീതാമൗണ്ട്–500, മംഗളം–300, മീനങ്ങാടി–300, കുന്നൂർ–750, വടക്കനാട്–150, കൊമ്മയാട്–300, പോരൂർ–1000, പാതിരി പ്പാടം–500, ഭൂദാനം–100, തലഞ്ഞി–500, മണിമൂളി–2750, പാലാങ്കര–1835, കരിമാനി–300, കബനിഗിരി–250, ചുങ്കക്കുന്ന്–1500, അരിഞ്ചേർമല–1000, കല്ലുമുക്ക്–100, പ്രശാന്തഗിരി–250, കല്ലോടി–1500, നെല്ലിയോടി–750, കുറു മ്പാല–750, ആറാട്ടുതറ–500, കൊട്ടിയൂർ–2000, ഞാറപ്പാടം–300, മുണ്ടേരി –150, മരുത–200.

## പലതുള്ളി തന്ന ശാഖകൾ

ഒലിവുമല–60, ഇരുളം–120, കരിമ്പിൽ–150, ശിശുമല–350, ഒറ്റപ്ലാവ് –100, മൊതക്കര–50, വടക്കനാട്–50, വിമലഗിരി–570, തെനേരി–400, കുഞ്ഞോം–150, കൊമ്മയാട്–150, പറളിക്കുന്ന്–100, ഒഴുക്കൻമൂല–160, പൂള പ്പാടം–500, കല്ലോടി–750, പുതിയിടംകുന്ന്–85, മണിമൂളി–700, നരിവാല മുണ്ട–100, ഞാറപ്പാടം–50, മുണ്ടേരി–150, മരുത–100.

## മേഖലാ വാർത്തകൾ

*തരിയോട്* :- തിരുബാലസഖ്യ മത്സരം നടത്തി. സ്നേഹജ്യോതി കാവുംമന്ദം ശാഖയിൽ, സാന്ത്വനം കോട്ടത്തറ ശാഖയിൽ നടത്തി.

*കൽപ്പറ്റ* :- കൽപ്പറ്റ ഗവ. ഹോസ്പിറ്റലിൽ ഭക്ഷണം നൽകി. ഹൃദയരാഗം പുറത്തിറക്കി.

*മണിമൂളി* :- എയ്ഞ്ചൽമീറ്റ് നടത്തി. ബൈബിൾ വാക്യപഠന മത്സരം നടത്തി. ജോ.ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തി.

*നീലഗിരി* :- എയ്ഞ്ചൽ മീറ്റിൽ 250 കുട്ടികൾ പങ്കെടുത്തു. സി. ആൻസി തോമസ് സി.എം.സി. & ടീം നേതൃത്വം നിൽകി. മേഖലയിലെ ജോ.ഡയറക്ടേഴ്സ് സംഗമം നടത്തി, ട്രിനിറ്റി നടത്തി. ഫോൺ ഇൻ പ്രോഗ്രാം നടത്തി അതിൽ മേരി തൊണ്ടൻമാക്കിൽ വിമലഗിരി ഒന്നാം സ്ഥാനവും, അഭിജിത്ത് ബേബി പിട്ടാപ്പിള്ളി കൽപ്ര രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ആശാഭവൻ സന്ദർശിച്ചു.

## ശാഖാവാർത്തകൾ

*മക്കിയാട്* :- പ്രേഷിതറാലിയും അര മണിക്കൂർ ആരാധനയും നടത്തി.
*ചുള്ളിയോട്* :- കാവൽ മാലാഖയുടെ തിരുനാൾ ആഘോഷിച്ചു. മിഷൻഗ്രാമങ്ങൾക്ക് നൽകാൻ വസ്ത്രശേഖരണം നടത്തി.
*ദ്വാരക* :- മിഷൻ റാലി നടത്തി. വി.കൊച്ചുത്രേസ്യായുടെ നാമധാരി കളെ ആദരിച്ചു.

*ഏലപ്പീടിക* :- പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തി.

*തോണിച്ചാൽ* :- മിഷൻമാസം ആചരിച്ചു.

*ഇരുളം* :- തണൽ അമ്പലവയൽ രോഗീസന്ദർശനം നടത്തി. ബൈബിൾ ദൃശ്യാവതരണം ഗ്രൂപ്പടിസ്ഥാനത്തിൽ, നമസ്കാര പരീക്ഷ എന്നിവ നടത്തി.

*കയ്യൂന്നി* :- കപ്പാല ഗവ. ഹോസ്പിറ്റൽ, കപ്പാല, കയ്യൂന്നി എന്നിവിടങ്ങളിലെ വെയിറ്റിംഗ് ഷെഡ് വൃത്തിയാക്കി. ധ്യാനത്തിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.

*പട്ടാണികൂപ്പ്* :- മാതാപിതാക്കൾക്കും കുട്ടികൾക്കും അർദ്ധദിന സെമിനാർ നടത്തി.

*നരിവാലമുണ്ട* :- പ്രേഷിതകൂടാരം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. മിഷൻമുദ്രാവാക്യ മത്സരം നടത്തി.

*മൺവയൽ* :- സി. അർച്ചനയുടെ നേതൃത്വത്തിൽ ദൈവവിളി സെമിനാർ നടത്തി.

*വഞ്ഞോട്* :- ചികിത്സാ സഹായമായി 1500 രൂപ നൽകി.

*തലഞ്ഞി* :- ക്രിസ്റ്റീൻ ധ്യാനം നടത്തി. ചോക്കാട് അഗതിമന്ദിരം സന്ദർശിച്ചു.

*കാവുംമന്ദം* :- ദൈവവിളിദിനം, യുവജനദിനം, കർഷകദിനം എന്നിവ ആചരിച്ചു.

*കരിമ്പിൽ, റൂബിനഗർ* :- മിഷൻഞായർ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

*മംഗളം* :- കുടുംബസന്ദർശനം, സിമിത്തേരി സന്ദർശനം ഇവ നടത്തി.

*കൊട്ടിയൂർ* :- ചുങ്കക്കുന്ന് സെന്റ് കമില്ല്യൻസ് ഹോസ്പിറ്റൽ സന്ദർശിച്ചു. മരിയഭവൻ, കൃപാഭവൻ എന്നീ വൃദ്ധസദനങ്ങൾ സന്ദർശിച്ചു.

*നെയ്ക്കുപ്പ* :- കിടപ്പിലായ ഒരു സഹോദരിക്ക് വേണ്ടി പ്രാർത്ഥിച്ചു. ബഡ്ഷീറ്റ് നൽകുകയും ചെയ്തു.

*പുതുശ്ശേരിക്കടവ്* :- തിരുബാലസഖ്യ മത്സരത്തിൽ പങ്കെടുത്തു. സമ്മാനം നേടി. സി. ശാലിനിയുടെ നിര്യാണത്തിൽ അനുശോചനം നേരുകയും പ്രാർത്ഥിക്കുകയും ചെയ്തു.

*പനംചിറ* :- 1, 2 തീയതികളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.

*സീതാമൗണ്ട്* :- സുകൃതമഞ്ജരി, വചനമുത്തുകൾ, ക്വിസ് മത്സരം എന്നിവ നടത്തി.

*ഞാറപ്പാടം* :- മിഷൻമാസം, മിഷൻ റാലി എന്നിവ നടത്തി.
*ചാരിറ്റി* :- ജയിൽ സന്ദർശനം നടത്തി.
*വൈത്തിരി* :- വൃക്ഷത്തൈ നട്ടു. തിരുബാലസഖ്യ മത്സരത്തിൽ 7 പേർ പങ്കെടുത്തു.
*പോരൂർ* :- പ്രേഷിത വർഷാചരണത്തോട് അനുബന്ധിച്ച് നടന്ന വാർഡു പ്രാർത്ഥനകളിൽ ഓരോ കുടുംബത്തിനും വചനം എഴുതിവിതരണം ചെയ്തു.
*ചെറുകാട്ടൂർ* :- സി.എം.എൽ. സീനിയേഴ്സിന്റെ നേതൃത്വത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഒരു നേരത്തെ ഭക്ഷണം നൽകി.
*മരക്കടവ്* :- വി. കുർബാനയെക്കുറിച്ച് സെമിനാർ നടത്തി.
*ആടിക്കൊല്ലി* :- ശാഖാ ഡയറക്ടർ ഒരാഴ്ചത്തെ പ്രേഷിതയാത്ര നടത്തി. പഞ്ചാബ്, ജമ്മു കാശ്മീർ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ സന്ദർശിച്ച് മിഷൻ അനുഭവം പങ്കുവച്ചു. ഗ്രൂപ്പടിസ്ഥാനത്തിൽ പത്രവായന നടത്തിവരുന്നു.
*കല്ലുവയൽ* :- പള്ളിയും പരിസരവും സിമിത്തേരിയും വൃത്തിയാക്കി.
*അമരക്കുനി* :- സെമിനാർ നടത്തി.
*മംഗലശ്ശേരി* :- ഇടവകദിനം ആഘോഷിച്ചു. ഇടവകയിൽ സേവനമനുഷ്ഠിച്ച വികാരിമാർ, കൈക്കാരന്മാർ, കമ്മറ്റിക്കാർ, മുതിർന്ന മാതാപിതാക്കന്മാർ എന്നിവരെ ആദരിച്ചു. ഇടവകയിൽ പ്രായമായ മാതാപിതാക്കളുടെ വീഡിയോ പ്രോഗ്രാം, പൊതുസമ്മേളനം തുടങ്ങിയവ നടത്തി.
*ദീപ്തിഗിരി* :- രോഗീസന്ദർശനം, അരമണിക്കൂർ ആരാധന എന്നിവ നടത്തി.
*മുണ്ടേരി* :- സി.എം.എൽ. അംഗങ്ങൾ അര മണിക്കൂർ ആരാധന നടത്തി.
*വാളവയൽ* :- സിമിത്തേരി സന്ദർശിക്കുകയും മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.
*കേളകം* :- തിരുക്കുടുംബ പ്രയാണത്തിൽ എല്ലാവരും പങ്കെടുത്തു.
*മാർട്ടിൻനഗർ* :- ക്രിസ്റ്റീൻ ധ്യാനം നടത്തി. 40 കി.ഗ്രാം. അരി പാവപ്പെട്ട ഒരു കുടുംബത്തിന് നൽകി.
*കേണിച്ചിറ* :- മിഷനറിമാർക്ക് വേണ്ടി അര മണിക്കൂർ ആരാധന നടത്തി.
*പനവല്ലി* :- പള്ളിയും പരിസരവും പൂന്തോട്ടവും വൃത്തിയാക്കി. സിമിത്തേരി സന്ദർശനം നടത്തി.
*കാട്ടിക്കുളം* :- സിമിത്തേരി സന്ദർശിച്ച് മരണമടഞ്ഞവർക്കായി പ്രാർത്ഥിച്ചു. ശിശുദിനത്തിൽ കുഞ്ഞുങ്ങൾക്ക് ശിശുദിന ഗ്രീറ്റിംഗ്സ് കാർഡ് നൽകുകയും മധുരം നൽകുകയും ചെയ്തു.

*കരിമാനി* :- തീപ്പെട്ടി അരി ശേഖരണം നടത്തി.

*വാകേരി* :- മേഴ്സിഹോം സന്ദർശിച്ചു. യുവജനക്യാമ്പിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.

*കുറുമണി* :- രാജത്വതിരുനാൾ ആഘോഷിച്ചു.

*കല്ലോടി* :- ധ്യാനം നടത്തി. 15 കുടുംബങ്ങൾക്ക് ബൈബിൾ നൽകി.

*അപ്പപ്പാറ, വടക്കനാട്* :-സിമിത്തേരി സന്ദർശനം, പൂന്തോട്ടനിർമ്മാണം, പള്ളിപരിസരം വൃത്തിയാക്കൽ എന്നിവ നടത്തി.

*കൊമ്മയാട്* :- ബൈബിൾ നേഴ്സറി ഉദ്ഘാടനം നടത്തി. ഒരു കുടുംബത്തിന് വിവാഹസഹായം 1000 രൂപ നൽകി.

*കുറുമ്പാല* :- തിരുബാല സഖ്യമത്സരം നടത്തി. ആരാധന, സിമിത്തേരി സന്ദർശനം എന്നിവ നടത്തി.

*മീനങ്ങാടി* :- മിഷൻ എക്സിബിഷൻ നടത്തി. ബൈബിൾവാക്യപഠന മത്സരം നടത്തി. സ്റ്റാർ ഗ്രൂപ്പിന് രൂപം നൽകി.

*നെല്ലിയോടി* :- സിമിത്തേരി വൃത്തിയാക്കി അലങ്കരിച്ചു. ആരാധന നടത്തി. പള്ളിപണിക്ക് വേണ്ടി പ്രാർത്ഥിച്ചു. പാതിരിപ്പാടം പള്ളിയും പരിസരവും വൃത്തിയാക്കി.

*പാതിരിപ്പാടം* :- പള്ളിയും പരിസരവും വൃത്തിയാക്കി.

*ചെന്നലോട്* :- തിരുബാലസഖ്യ കുട്ടികൾക്കായി മത്സരം നടത്തി. രോഗീ സന്ദർശനം നടത്തി.

*ചൂരൽമല* :- ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു. പ്രേഷിത റാലിയും നടത്തി.

*ചുള്ളിയാന* :- മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് കത്ത് എഴുതി.

*കുന്നലാടി* :- പുഷ്പഗിരി ഹോസ്പിറ്റൽ സന്ദർശിച്ചു. സമർപ്പണ ജീവിതത്തിന്റെ 50 വർഷം പിന്നിട്ട സി. ക്രിസ്പിൻ മേരി തെക്കേലിന് ജൂബിലി ആശംസകളും പ്രാർത്ഥനയും നേർന്നു.

*പാലേമാട്* :- മിഷൻ രൂപതയിൽ സേവനം ചെയ്യുന്ന ഫാ. സാവിയോ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് എടുത്തു.

*നടവയൽ* :- സെന്റ് ആൻസ് ഹോസ്പിറ്റൽ, പനമരം ഹോസ്പിറ്റൽ, മരിയ സദൻ എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു. ഓസാനാഭവൻ സന്ദർശിച്ച് 1300 രൂപയും അരിയും നൽകി.

*കോട്ടത്തറ* :- കൊളാഷ് നിർമ്മിച്ചു. 'ഞാൻ എന്റെ ഇടവകയിൽ പ്രേഷിതൻ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗമത്സരം നടത്തി.

*തെനേരി* :- അൾത്താര ബാലസംഗമം നടത്തി. മിഷൻ വോയ്സ് ടെലി ബൈബിൾ ക്വിസിൽ പങ്കെടുത്തു. തിരുബാലസഖ്യ മത്സരത്തിൽ മെർളിൻ വടാശ്ശേരി, ബിനീറ്റ ഏറണാട്ട്, അമൽ തടത്തിൽ എന്നിവർ വിജയികളായി. ഉണ്ണീശോപ്പെട്ടി സ്ഥാപിച്ചു.
*ജൂഡ്സ്മൗണ്ട്* :- സകലവിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാളിൽ അംഗങ്ങൾ എല്ലാവരും വി.ബലിയിൽ പങ്കെടുത്തു. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു. റാലിയും നടത്തി.
*തവിഞ്ഞാൽ* :- അഗതിമന്ദിരം സന്ദർശിച്ചു. രോഗീസഹായമായി 1000 രൂപ നൽകി. ഏകദിന സെമിനാർ നടത്തി.

ജീവിതത്തിന്റെ കലണ്ടറിൽ നിന്ന് ഒരു വർഷംകൂടി കൊഴിഞ്ഞു വീണിരിക്കുന്നു. കഴിഞ്ഞ ഒരുവർഷം തമ്പുരാൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിപറയാം. തമ്പുരാന്റെ കൈപിടിച്ച് പുത്തനാണ്ടിലേയ്ക്ക് പ്രവേശിക്കാം.... പുതുവത്സരാശംസകൾ നേർന്നുകൊണ്ട്

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളെ,

"ഒരിക്കൽ ക്രിസ്തുവിനോട് തന്റെ ശിഷ്യൻമാർ യാചിച്ചു. കർത്താവെ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെയെന്ന്". മറ്റൊരു പുതുവർഷത്തിലേയ്ക്ക് കാലെടുത്തുവയ്ക്കുമ്പോൾ ഈ പുതു വത്സരവും നമുക്ക് നല്കുന്ന സന്ദേശവും മറ്റൊന്നല്ല. എല്ലാ രീതിയിലും എല്ലാകാര്യങ്ങളിലും അല്പം കൂടി മുന്നേറാൻ നമുക്ക് സാധിക്കണമെന്ന് തന്നെയാണ്. കഴിഞ്ഞ വർഷത്തേതിനേക്കാൾ ഇത്തിരി കൂടി സ്നേഹം.... ഇത്തിരികൂടി കരുണ.... ഇത്തിരികൂടി സംഘടനാ പ്രവർത്തനം.... ഇത്തിരികൂടി സംഘടനാ മികവ്... ഇത്തിരികൂടി തീക്ഷണത... ഇത്തിരികൂടി കൃത്യനിഷ്ഠ... ഇത്തിരികൂടി അനുസരണം.... ഇത്തിരികൂടി വിശ്വാസം.... എല്ലാറ്റിനും ഉപരിയായി അല്പം കൂടി പ്രാർത്ഥന. ഇതൊക്കെയാണ് ഈ പുത്തനാണ്ടിൽ നമ്മെ നയിക്കേണ്ടത്. കടന്നുപോന്ന സഹനപാതയെപ്രതി ദു:ഖിച്ചിരിക്കേണ്ടവനല്ല ക്രൈസ്തവ യുവാവ്. പിന്നെയോ പരാജയത്തിന്റെ കനൽ വഴികളെ പിന്നിട്ട് വിജയത്തിന്റെ കൽപ്പടവുകൾ ചവിട്ടികയറുന്നവനാകണം.വർഷങ്ങൾ പിന്നോട്ട് പോകുമ്പോൾ നാം മുന്നോട്ടാണ് പോകേണ്ടത്. പ്രതീക്ഷയുടെ പൊൻവെളിച്ചമായ് യുവാവായ ക്രിസ്തു നമ്മുടെ മുന്നിലുണ്ട്. വെളിച്ചം പാഥേയമാക്കി നമുക്ക് മുന്നേറാം.അവൻ തെളിച്ച വഴിയിലൂടെ, പുതുവർഷത്തിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

നന്ദിയോടെ....

കഴിഞ്ഞ ഒരുവർഷക്കാലം കെ. സി. വൈ. എം.പ്രസ്ഥാനത്തിന് വേണ്ടി പ്രസിഡന്റ് എന്ന നിലയിൽ സേവനം ചെയ്ത സജിൻ ജോസ്

ചാലിനും, സെക്രട്ടറിയേറ്റ് , സിൻഡിക്കേറ്റ് അംഗങ്ങൾക്കും സ്നേഹ പൂർവ്വം നന്ദിപറയുകയാണ്. പ്രസ്ഥാനത്തിനുവേണ്ടി സമയവും സാഹചര്യവും കഴിവുകളുമെല്ലാം സെക്രട്ടറിയേറ്റ് അംഗങ്ങൾ ചെലവഴിക്കുകയായിരുന്നു. രൂപതാതല പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നിർവ്വഹിച്ച പ്രസിഡണ്ട് ശ്രീ. സജിൻ ജോസ് ചാലിൽ, ജന. സെക്രട്ടറി. ശ്രീ. ഷംജിത്ത് ചേലയ്ക്കൽ, വൈസ് പ്രസിഡണ്ട് സൻസി പൊട്ടയിൽ സെക്രട്ടറിമാരായ ആന്റണി മങ്കടപ്ര, ശ്രുതി നെടുങ്ങോട്ടുകുടിൽ, ട്രഷറർ ജിതേഷ് മുളയ്ക്കക്കുന്നേൽ, കോ. ഓഡിനേറ്റർ ഡിന്റോ മുണ്ടുപാലയ്ക്കൽ, ആനിമേറ്റർ സി. വിൻസി ജോൺ എഫ്. സി. സി. എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി. ഒരു പ്രവർത്തന വർഷത്തിന് തിരശ്ശീല വീഴുമ്പോൾ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ പ്രാർത്ഥനയും പ്രോത്സാഹനവും, സാമിപ്യവും വഴി സഹകരിച്ച അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം, ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ, രൂപതയിലെ മുഴുവൻ വൈദീകർ, ആനിമേറ്റേഴ്സ്, മേഖലാ ഡയറക്ടറച്ചൻമാർ, മേഖലാ ആനിമേറ്റർമാർ, മേഖലാ യൂണിറ്റ് ഭാരവാഹികൾ, പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങൾ എല്ലാവർക്കും എല്ലാവർക്കും ഒരായിരം നന്ദി. ഒപ്പം പ്രസ്ഥാനത്തിലെ മുൻകാല ഭാരവാഹികളേയും തിങ്കിംഗ് സെൽ അംഗങ്ങളേയും നന്ദിയോടെ സ്മരിക്കട്ടെ. പുതുവർഷത്തിൽ കൂടുതൽ കരുത്തോടെ പ്രസ്ഥാനത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ നമുക്കാകട്ടെയെന്ന് ആശംസിക്കുന്നു.

## 'ഉത്സവ് -2011' മാനന്തവാടി രൂപതയ്ക്ക് രണ്ടാം സ്ഥാനം

നെയ്യാറ്റിൻകര രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന ഉത്സവ് 2011 സംസ്ഥാനതല കലാ മത്സരങ്ങളിൽ കേരളത്തിലെ 29 രൂപതകളിൽനിന്നായി 1500 ഓളം യുവജനങ്ങൾ പങ്കെടുത്ത കലോത്സവത്തിൽ മാനന്തവാടി രൂപത 162 പോയിന്റോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കി. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, ആനിമേറ്റർ സി. വിൻസി ജോൺ എഫ്. സി. സി. സെക്രട്ടറിയേറ്റ് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ രൂപതയിൽ നിന്ന് 53 പേർ പങ്കെടുത്തു. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

### സംസ്ഥാന മത്സര വിജയികൾ

കവിതാരചന

| | | |
|---|---|---|
| മെബിൻ കാരക്കുന്നേൽ, പടമല | – | B grade |
| അഞ്ജലി കറുത്തേടത്ത്, ടൗൺചർച്ച് | – | B grade |

കഥാരചന

ലിറ്റി വെണ്ടർമ്യാലിൽ, പുതിയിടംകുന്ന് – II A grade
സ്റ്റെഫി നെല്ലിക്കുന്നേൽ, ആലാറ്റിൽ – B grade

ഉപന്യാസം

ഷൈനി തുമ്പിയാംകുഴി, പോരൂർ – I A grade
അമ്പിളി പടിയങ്കണ്ടത്തിൽ, ശാന്തിഗിരി – B grade

കൊളാഷ്

ഷിബിൻ അർപ്പത്താനത്ത്, അരിഞ്ചേർമല – III B grade
പ്രദീഷ് കൊല്ലംകുന്നേൽ, ചെന്നലോട് – C grade

പോസ്റ്റർ രചന

മനു മറ്റത്തിൽ, തരിയോട് – A grade
ഷിബിൻ അർപ്പത്താനത്ത്, അരിഞ്ചേർമല – A grade

നോട്ടീസ് രചന

ബിജു ചിറ്റേടത്ത്, ഏലപ്പീടിക – II A grade
റോഷിൻ ഇഞ്ചപ്ലാക്കൽ, പുതിയിടംകുന്ന് – III A grade

കാർട്ടൂൺ രചന

അരുൺ കുറിയേടത്ത്, തവിഞ്ഞാൽ – I A grade
മനു മറ്റത്തിൽ, തരിയോട് – III A grade

മുദ്രാവാക്യരചന

ബിജു ചിറ്റേടത്ത്, ഏലപ്പീടിക – I A grade
ആന്റണി മങ്കടപ്ര, മുള്ളൻകൊല്ലി – C grade

പത്രവാർത്താരചന

സജിൻ ജോസ് ചാലിൽ, പയ്യമ്പള്ളി – B grade
ആന്റണി മങ്കടപ്ര, മുള്ളൻകൊല്ലി – B grade

ബൈബിൾ ക്വിസ്

ഷിജോ വല്ലൂരാൻ, ശിശുമല – II C grade
സജിന മാത്യു പയറ്റിനാൽ, ശിശുമല –
സൻസി പൊട്ടയിൽ, കല്ലോടി –

പ്രസംഗം

സജിൻ ജോസ് ചാലിൽ, പയ്യമ്പള്ളി – A grade

ഡിബേറ്റ്

സജിൻ ജോസ് ചാലിൽ, പയ്യമ്പള്ളി – III A grade
ആന്റണി മങ്കടപ്ര, മുള്ളൻകൊല്ലി

ലളിതഗാനം

| | | |
|---|---|---|
| നെവൽരാഗ് പുതിയകുന്നത്ത്, ബത്തേരി | – | B grade |
| ജിൻസി ഉറുമ്പിൽ, കബനിഗിരി | – | B grade |
| വിൻസെന്റ് പുത്തൻപുരയ്ക്കൽ, പുതിയിടംകുന്ന് | – | C grade |
| നീതു ആശാരിപറമ്പിൽ, കബനിഗിരി | – | C grade |

മോണോ ആക്ട്

| | | |
|---|---|---|
| ധന്യ പുത്തൻപുര, പ്രശാന്തഗിരി | – | A grade |
| ജെസിൻ ഏലംകുന്നേൽ, നരിവാലമുണ്ട | – | B grade |

മിമിക്രി

| | | |
|---|---|---|
| നോബിൾ താന്നിവേലിൽ, കൊട്ടിയൂർ | – | II A grade |
| ജെസിൻ ഏലംകുന്നേൽ, നരിവാലമുണ്ട | – | B grade |

പ്രച്ഛന്നവേഷം

| | | |
|---|---|---|
| ധന്യ പുത്തൻപുര, പ്രശാന്തഗിരി | – | II A grade |
| ജസ്റ്റിൻ ചെഞ്ചട്ടേൽ, പുതിയിടംകുന്ന് | – | B grade |

നാടോടിനൃത്തം

| | | |
|---|---|---|
| സെറിൻ മൂലയിൽ, മണിമൂളി | – | A grade |
| പ്രദീഷ് കൊല്ലംകുന്നേൽ, ചെന്നലോട് | – | B grade |

കെ.സി.വൈ.എം. ആന്തം

| | | |
|---|---|---|
| വിൻസെന്റ് പുത്തൻപുരയ്ക്കൽ & പാർട്ടി, പുതിയിടംകുന്ന് | – | C grade |

സംഘഗാനം

| | | |
|---|---|---|
| വിൻസെന്റ് പുത്തൻപുരയ്ക്കൽ & പാർട്ടി, പുതിയിടംകുന്ന് | – | C grade |

മൈം

| | | |
|---|---|---|
| ഷിജു മടത്താശ്ശേരി & പാർട്ടി, പ്രശാന്തഗിരി | – | II A grade |

തെരുവ് നാടകം

| | | |
|---|---|---|
| ബിനു പൊട്ടയ്ക്കൽ & പാർട്ടി, പ്രശാന്തഗിരി | – | II A grade |

മാർഗ്ഗംകളി

| | | |
|---|---|---|
| അന്നപോൾ കുഴിക്കാട്ടിൽ & പാർട്ടി, മുള്ളൻകൊല്ലി | – | I A grade |

**ലഹരിവിമുക്ത ഗ്രാമം**

പുൽപ്പള്ളി-മരക്കടവ് ഇടവകയിലെ പ്രദേശം ലഹരിവിമുക്ത ഗ്രാമമെന്ന കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പ്രോഗ്രാമിനോട് ചേർത്ത് നിർത്തി ലഹരിവിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ

ഭാഗമായി ഇടവകയിലെ അംഗങ്ങൾക്ക് ലഹരിക്കെതിരെയുള്ള ബോധ വത്ക്കരണ ക്ലാസ്സ് നടത്തി. സജിൻ ജോസ് ചാലിൽ അധ്യക്ഷത വഹിച്ചു. ഫാ. ടോമി പുത്തൻപുരയ്ക്കൽ, റവ. ഫാ. ജോർജ് കിഴക്കും പുറം എന്നിവർ സംസാരിച്ചു. ഷംജിത്ത് ചേലയ്ക്കൽ, ആന്റണി മങ്കടപ്ര, മേഖല, യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.

**അംഗത്വ സ്വീകരണം**

2012 വർഷത്തിൽ അംഗത്വം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന വർ രൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്ന ബയോഡാറ്റയുടെ ഫോം വാങ്ങി പൂരിപ്പിച്ച് നൽകേണ്ടതാണ്.

**ആദരാഞ്ജലികൾ**

തോമസ് ഏറനാട്ട് സാറിന്റെ അമ്മയുടെ നിര്യാണത്തിൽ കെ. സി.വൈ.എം. രൂപതാസമിതി അനുശോചനം രേഖപ്പെടുത്തി.

**മേഖലാവാർത്തകൾ - തരിയോട് മേഖല**

കെ.സി.വൈ.എം. തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ നട ത്തിയ നേതൃത്വപരിശീലന ക്യാമ്പിന് ദീപനാളം തെളിഞ്ഞു. മേഖലാ പ്രസിഡന്റ് എബിൻ മുട്ടപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേള നത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. യുവത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും യുവജനങ്ങൾ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും സന്ദേശം നൽകി. മേഖലാ ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനി യിൽ സ്വാഗതം ആശംസിച്ചു. ഫൊറോന ഡയക്ടർ റവ. ഫാ. മാത്യു പൈക്കാട്ട്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. ബിനോയി പാനി കുളം, ജെസ്‌ലിൻ കറുത്തേടത്ത് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തരിയോട് സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തിയ ക്യാ മ്പിൽ ശ്രീ. അലക്സ് താളുപ്പാടത്ത്, ശ്രീ. ഷാജു പി. ജെയിംസ്, സി.റ്റിസി SH, ശ്രീ. ബാബു ചിറപ്പുറം, ശ്രീ. ബിജു മാത്യു അരീക്കാട് എന്നിവർ ക്ലാസുകൾ എടുത്തു. 140 ഓളം യുവജനങ്ങൾ പങ്കെടുത്തു. മേഖലാ യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**മാനന്തവാടി മേഖല**

മേഖല സിൻഡിക്കേറ്റ് അംഗങ്ങൾ വൈത്തിരി ജയിൽ സന്ദർശി ക്കുകയും മധുരപലഹാര വിതരണം നടത്തുകയും ചെയ്തു. പേൾ മത്സ രങ്ങളിൽ വിജയികളായവർക്ക് സമ്മാനവിതരണം നടത്തുകയും യൂണി റ്റുകളുടെ റിപ്പോർട്ട് അവതരണം നടത്തുകയും ചെയ്തു. അപകടത്തിൽ

പരിക്കേറ്റ മുൻ മേഖല സെക്രട്ടറി സുരേഷ് വയലിൽ പുളിയാനിക്ക ലിനെ ഭാരവാഹികൾ സന്ദർശിച്ചു. 'അയനം' ഭവന സന്ദർശനത്തിന്റെ ഭാഗമായി ജീന കറുത്തേടത്തിന്റെ ഭവനം സന്ദർശിച്ചു.

**കുറുമ്പാല യൂണിറ്റ്**

തരിയോട് മേഖല നടത്തിയ ക്യാമ്പിൽ യൂണിറ്റിൽ നിന്നും അംഗ ങ്ങൾ പങ്കെടുത്തു. പഠനത്തിൽ നല്ല മാർക്ക് വാങ്ങിയ രണ്ട് കുട്ടികൾക്ക് കെ.സി.വൈ. എമ്മിന്റെ വകയായി സമ്മാനങ്ങൾ നൽകി.

**പടമല യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ ബഹു. സണ്ണി മഠത്തിലച്ചന്റെ നേതൃത്വ ത്തിൽ പള്ളി പരിസരത്ത് 'കുരിശിന്റെ വഴി' നിർമ്മാണത്തിന്റെ ഭാഗ മായി പരിസരം വൃത്തിയാക്കുവാനും കല്ല് പതിപ്പിക്കുന്നതിനുമെല്ലാം അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**പുതിയിടംകുന്ന് യൂണിറ്റ്**

നെയ്യാറ്റിൻകരയിൽ വച്ച് നടന്ന KCYM സംസ്ഥാന കലാ-സാഹി ത്യമത്സരത്തിൽ റവ. ഫാ. ജെയ്സ് പൂതക്കുഴിയുടെ നേതൃത്വത്തിൽ 9 പേർ പങ്കെടുത്തു. കഥാ രചനയ്ക്ക് ലിറ്റി വെണ്ടർമ്യാലിന് A ഗ്രേയ്ഡോടെ 2-ാം സ്ഥാനവും നോട്ടീസ് രചനയ്ക്ക് റോഷൻ ഇഞ്ചപ്ലാ ക്കലിന് A ഗ്രേയ്ഡോടെ 3-ാം സ്ഥാനവും ലഭിച്ചു. വിവിധ മത്സരങ്ങളി ലായി 20 പോയിന്റ് നേടാൻ യൂണിറ്റിന് സാധിച്ചു. പ്രേഷിതവർഷത്തോ ടനുബന്ധിച്ച് തക്കല രൂപതയിലെ വയലുങ്കര സെന്റ് ആന്റണീസ് ദേവാ ലയത്തിൽ റവ. ഫാ. ജെയ്സ് പൂതക്കുഴി, ശ്രീ. ജെസ്റ്റിൻ ചെഞ്ചട്ടയിൽ, ജോഷി ഓണിശ്ശേരി എന്നിവർ സന്ദർശനം നടത്തി. ശ്രീ. സുജേഷ് മുട്ട ത്ത്കുന്നേൽ സ്വാഗതം ആശംസിച്ചു. അവിടെ വി. ബലി അർപ്പിക്കു കയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ആശംസകളർപ്പിക്കുകയും ചെയ്തു. മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് KCYM പുതിയിടംകുന്ന് യൂണിറ്റിന്റെ നേതൃത്വത്തിൽ മുല്ലപ്പെരിയാർ ഐക്യദാർഢ്യ ധർണ്ണ നടത്തി. ധർണ്ണ രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര യ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അനീഷ് ഓമക്കര എന്നി വർ പ്രസംഗിച്ചു. ലിറ്റി വെണ്ടർമ്യാലിൽ, ബിൻസി പട്ടർമഠത്തിൽ, റോഷിൻ ഇഞ്ചപ്ലാക്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. റവ. ഫാ. ജെയിസ് പൂതക്കുഴി, ജെസ്റ്റിൻ ചെഞ്ചട്ടയിൽ, ജോഷി ഓണി ശ്ശേരി, സി.മരിയ തോമസ് എന്നിവർ നേതൃത്വം നൽകി. മുദ്രാവാക്യം വിളിച്ചും KCYM ആന്തം പാടിയും 45 ഓളം അംഗങ്ങൾ ധർണ്ണയ്ക്ക് ശക്തി പകർന്ന് ധർണ്ണ വിജയിപ്പിച്ചു.

**ശിശുമല യൂണിറ്റ്**

നെയ്യാറ്റിൻകര രൂപതയിൽ വച്ചുനടന്ന സംസ്ഥാന മത്സരത്തിൽ ശിശുമല യൂണിറ്റിൽ നിന്നും ബൈബിൾ ക്വിസിൽ പങ്കെടുത്ത ഷിജോ വല്ലൂരാൻ, സജീന പയറ്റിനാൽ എന്നിവർ C ഗ്രേയ്ഡോടെ രണ്ടാം സ്ഥാനം നേടി. സമ്മാനാർഹരെ ഇടവക തലത്തിൽ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. മേഖല പ്രതിനിധികളുടെ തിരഞ്ഞെടുപ്പും ക്രിസ്തുമസ് ആഘോഷവും യൂണിറ്റിൽ വച്ച് നടന്നു. മേഖല ഡയറക്ടർ റവ. ഫാ. ജിമ്മി ഓലിക്കലും രൂപത പ്രസിഡന്റ് സജിൻ ജോസ് ചാലിലും മേഖല പ്രതിനിധികളും സന്നിഹിതരായി രുന്നു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര ക്രിസ്തു മസ് സന്ദേശം നൽകുകയും കേക്ക് മുറിക്കുകയും ചെയ്തു.

**പുതുശ്ശേരി യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിയുടെ നേതൃ ത്വത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിനായി ചിട്ടി തുടങ്ങി. ഇട വകയിൽ നിന്നും മരണംമൂലം വേർപിരിഞ്ഞുപോകുന്നവരുടെ വീട്ടു കാരെ സഹായിക്കുന്നതിന് 'പ്രത്യാശാഫണ്ട്' എന്ന പേരിൽ ഒരു ഫണ്ട് നിർമ്മിക്കുകയും സഹായിക്കുകയും ചെയ്തു വരുന്നു.

**അമ്പലവയൽ യൂണിറ്റ്**

KCYM അമ്പലവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. റവ. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. 2012 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

സ്നേഹത്തോടെ,

**ഷംജിത്ത് ചേലയ്ക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 05 മുതൽ 08 വരെ നടന്ന കോഴ്സിൽ 97 പേരും, മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 16 മുതൽ 19 വരെ നടന്ന കോഴ്സിൽ 75 പേരുംപങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| MONTH | DATE | Starting Time | Closing Time | VENUE |
|---|---|---|---|---|
| January | 08-11 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 20-23 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| February | 05-08 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 17-20 | 9.30 pm | 2.00 pm | Pastoral Centre, Dwaraka |
| March | 04-07 | 9.30 pm | 2.00 pm | Pastoral Centre, Dwaraka |
| | 16-19 | 4.30 am | 5.00 pm | Manimooly |
| | 30 April 02 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| April | 12-15 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 27-30 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| May | 06-09 | 9.30 am | 2.00 pm | Boys' Town |
| | 16-19 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 27-30 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| June | 15-18 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| July | 20-23 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

| | | | | |
|---|---|---|---|---|
| August | 10-13 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 24-27 | 4.30 pm | 5.00 pm | Manimooly |
| September | 02-05 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 29 Oct. 02 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| October | 12-15 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 26-29 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| November | 09-12 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 24-27 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| December | 07-10 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 21-24 | 4.30 pm | 2.00 pm | Manimooly |
| | 28-31 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

## Approved Centers of Marriage Preparation Course - Outside Kerala

(01) Austria - Rev.Fr.Thomas Thandappilly CST (Vienna); (02) United Kingdom - Rev.Fr.Thomas Parayadyil MST (London); (03) Saudi-Arabia - Rev. Fr. Sony Thekkumuriyil (Dammam, Kobar, Jubal); Fr. Jose Oliakatt (Riyad, Jeddah); (04) Ahmedabad - Rev. Fr. Kuriachan Paul (Ahmedabad); (05) New Delhi - Rev.Fr.Jose Edassery (New Delhi); (06) Chennai-Rev. Dr. Jose Palatty - (Chennai); (07) Bangalore - Rev. Fr. Mathew Koikara CMI (Bangalore)

## കത്തോലിക്കാ മാതൃസംഘടന

ഡിസം. 15 ന് ദ്വാരകപാസ്റ്ററൽ സെന്ററിൽവെച്ച് രൂപതാ കത്തോലിക്കമാതൃസംഘടനയുടെ 2011 ലെ ജനറൽബോഡിയും, രൂപതാ വാർഷികവും നടത്തപ്പെട്ടു. 300 അംഗങ്ങൾ പങ്കെടുത്തു. സി. ആലീസ് നയിച്ച ബോധവത്കരണക്ലാസ്സിന് ശ്രീമതി ജിഷ പറയിടം നന്ദിപറഞ്ഞു. തുടർന്ന് പ്രസി. ശ്രീമതി മോളിയുടെ അധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. ശ്രീമതി ഫിലോ ചേലയ്ക്കലിന്റെ ഈശ്വര പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. ബഹു. ഡെന്നിസച്ചന്റെ സ്വാഗ താശംസയും തുടർന്ന് സെക്രട്ടറി ശ്രീ.ഫിലോ ചേലയ്ക്കൽ വാർഷിക റിപ്പോട്ടും, ട്രഷർ. ശ്രീമതി ഷൈനി ഇളപ്പുപാറ കണക്കും അവതരി പ്പിച്ചു. ലോഗോസ്ക്വിസ് വിജയികൾക്കും വനിതകളുടെ സാഹിത്യരച ന മത്സരത്തിന്റെ വിജയിക്കൾക്കും റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി, റവ.ഫാ. ജോണി കാരക്കാട്ട്കുന്നേൽ, സി. സബീന, സി. ടെസീന,

ശ്രീമതി ജിഷ പറയിടത്തിൽ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. അസി. ഡയ. ബിനു വടക്കേലച്ചന്റെ ആശംസയെ തുടർന്ന് ശ്രീമതി കത്രിക്കുട്ടി ടീച്ചറിന്റെ നന്ദിയോടെ ജനറൽ ബോഡി സമാപിച്ചു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഫെറോന സംഗമങ്ങൾക്ക് വേണ്ടിയുള്ള ക്ലാസ്സുകൾ രൂപതാ ടീം ഒരുങ്ങികഴിഞ്ഞു. ആവശ്യമുള്ള ഇടവകകൾ രൂപതാ ഡയ.ഫാ. ഡെന്നീസ് കഴുതാടിയിലച്ചനെ സമീപിക്കുക - 04935-241335, 9497083955

**സാഹിത്യരചനമത്സരത്തിന്റെ വിജയികൾ**

**കഥ**

I ലിറ്റി വെണ്ടർമ്യാലിൽ - പുതിയിടംകുന്ന്, II സുനി പുന്നോലികുന്നേൽ - പൂളപ്പാടം, III മെർലിൻ കരിമാലിൽ - തെനേരി

**കവിത**

I മഞ്ജു ഇഞ്ചപ്ലാക്കൽ - പുതിയിടംകുന്ന്, II ഷീജ കാഞ്ഞിരക്കാട്ട് - കണിയാരം, III സുനി പുന്നോലികുന്നേൽ - പൂളപ്പാടം,

**ഉപന്യാസം**

I ബീന കുരിയക്കാട്ടിൽ - കല്ലോടി, II ഷീജ കാഞ്ഞിരക്കാട്ട് - കണിയാരം, III ഷേർളി പൂപാട്ടിൽ - കൊട്ടിയൂർ

സാഹിത്യരചന മത്സരത്തിന്റെ വിജയത്തിനായി ഒരുങ്ങുകയും, ഒരുക്കുകയും ചെയ്ത എല്ലാവർക്കും അഭിനന്ദനങ്ങൾ... രൂപതാ കൂട്ടായ്മയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

## നെടുമ്പാല യൂണിറ്റ്

നവംബർ 12 ന് മാതൃസംഘടനയുടെ മാസമീറ്റിംഗ് നടന്നു. അന്നേ ദിവസം  നെടുമ്പാലയൂണിറ്റിൽ മേഖല. ഡയ. ഫാ. ജോസഫ് വയലിൽ, ആനിമേറ്റർ സി. കുസ്മോസ് മേഖല പ്രസി. ശ്രീമതി ആലീസ് ഉദിമൂട്ടിൽ എന്നിവർ വിസിറ്റ് നടത്തി. ശാഖ. ഡയ. ബഹു. തോമസ് പൊൻതൊട്ടിയച്ചൻ സന്ദർശകർക്ക് സ്വാഗതം ആംശസിച്ചു. ബഹു. വയലിലച്ചൻ ക്ലാസ്സെടുത്തു. റിക്കോർഡുകൾ പരിശോധിച്ചു. യൂണിറ്റിന് എല്ലാനന്മകളും നേർന്ന് യോഗം അവസാനിച്ചു. സെക്രട്ടറി. ശ്രീമതി ലൂസി കൂനംപറമ്പിൽ എല്ലാവർക്കും നന്ദിപറഞ്ഞു. ഈ നാളുവരെ സെക്രട്ടറി സ്ഥാനത്ത് നിന്നുകൊണ്ട് സംഘടനയിൽ സജീവമായി പ്രവർത്തിച്ച ശ്രീമതി ലൂസി കുനംപറമ്പിൽ താമസംമാറി പോകുന്ന വിവരം ആനിമേറ്റർ അംഗങ്ങളെ അറിയിക്കുകയും ലൂസിയുടെ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ടു നന്ദി പറയുകയും ചെയ്തു.

## ഇടിവണ്ണ യൂണിറ്റ്

ഒക്ടോബർ മാസത്തിൽ അമ്മമാരുടെ നേതൃത്വത്തിൽ

വി.കുർബ്ബാനയ്ക്ക് മുൻമ്പ് ജപമാല വളരെ ഭക്തിപൂർവ്വം അർപ്പിക്കുക യുണ്ടായി. 31 ന് ജപമാലറാലിയോടനുബന്ധിച്ച് ദീപ കാഴ്ചകളൊരു ക്കാൻ അമ്മമാർ സഹായിച്ചു. നവംബർ 01 ന് നിലമ്പൂരിൽ വെച്ച് നട ത്തിയ മേഖലാ എക്സിക്യൂട്ടിവ് യോഗത്തിൽ ശ്രീമതി സാലി ജോസ് പങ്കെടുത്തു. ലോഗോസ് ക്വിസിൽ ചിന്നമ്മ പാലത്ത് താൻ പങ്കെടുത്ത വിഭാഗത്തിൽ രൂപതയിൽ രണ്ടാം സ്ഥാനം നേടിയത് അഭിമാനത്തോടെ അറിയിക്കുന്നു. 21 ന് ദേവാലയവും പരിസരവും വൃത്തിയാക്കി.

**മണ്ണുവയൽ യൂണിറ്റ്**

നവംബർ 12 ന് വികാരി. ഫാ. ജോർജ് പടിഞ്ഞാറയുടെ സ്വാഗതത്തോടെ അമ്മമാർക്കായി ഒരു സെമിനാർ തുടങ്ങി. 60 പേർ പങ്കെടുത്തു. സി. ഷാന്റി ക്ലാസ്സ് നയിച്ചു. ജീവന്റെ മൂല്യത്തെ കുറി ച്ചാണ് ക്ലാസ്സ് എടുത്തത്. തുടർന്ന് വി. കുർബ്ബാന അർപ്പിച്ചു. പ്രസി. സുജ നടുത്തൊട്ടി നന്ദി പറഞ്ഞു.

**പോരൂർ യൂണിറ്റ്**

ഡിസം. 03 ന് ബഹു. തോമസച്ചന്റെ അദ്ധ്യക്ഷതയിൽ എക്സി ക്യൂട്ടീവ് അംഗങ്ങൾ പ്രാർത്ഥനയോടെ ഒരുമിച്ചുകുടി. പ്രേഷിതവർഷാ ചരണം പ്രമാണിച്ച് ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് വാർഡ് പ്രതിനിധികൾ ബഹു. സിസ്റ്റേ ഴ്സിനോടൊപ്പം എല്ലാ ഭവനങ്ങളും സന്ദർശിച്ചു പ്രാർത്ഥിച്ചു. വാർഡ് പ്രാർത്ഥനയ്ക്ക് മുമ്പ് എല്ലാവാർഡുകളിലേയും അമ്മമാർ അതാതു വാർഡുകളിൽ ബഹു. അച്ചന്റേയും സിസ്റ്റേഴ്സിന്റേയും സാന്നിധ്യ ത്തിൽ ഒരുമിച്ചുകൂടി. വാർഡുകളിലെ ഈ കൂട്ടായ്മയുടെ സവിശേഷത കളെ കുറിച്ച് ബഹു. തോമസച്ചൻ സംസാരിച്ചു. ഓരോ വാർഡുകളിൽ നിന്നും പ്രസിഡണ്ട്, സെക്രട്ടറി എന്നിവരെ തിരഞ്ഞെടുത്തു. അവരുടെ ഉത്തരവാദിത്വത്തെകുറിച്ച് ഓർമ്മപ്പെടുത്തി. തുടർന്ന് ബഹു. സിസ്റ്റേഴ് 01 മുതൽ 20 വരെയുള്ള വാർഡുകളിൽ വി. കുർബ്ബാനയിലെ സജീവ ഭാഗഭാഗിത്വം എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ്സുകൾ എടുത്തു. അതിനുശേഷം വാർഡുപ്രാർത്ഥനയിൽ ജപമാല ചൊല്ലി ബഹു.അ ച്ചന്റെ ആശീർവാദത്തിനുശേഷം എല്ലാവരും ഭവനങ്ങളിലേക്ക് മടങ്ങി.

**ദ്വാരക യൂണിറ്റ്**

നവംബർ 20 ന് ഇടവകയിലെ കുടുംബനാഥന്മാർക്കായി ബോ ധവൽക്കരണ സെമിനാർ നടന്നു. 95 പേർ പങ്കെടുത്തു. ദിവ്യബലിക്ക് ശേഷം ബഹു.ജോയി തുരുത്തേൽ ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു.സീയോൻ പ്രോ-ലൈഫ് മൂവ്മെന്റിലെ പ്രവർത്തകരായ അഡ്വക്കേറ്റ് ജോസും, ശ്രീ.സാലുവും ചേർന്ന് 'കർത്താവിന്റെ ദാനമായ

മക്കൾ കുടുംബത്തിന് അനുഗ്രഹം' എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ്സുകൾക്ക് നേതൃത്വം നൽകി ക്ലാസ്സുകൾ വളരെ സജീവമായിരുന്നു. അതിനുശേഷം 06 ഗ്രൂപ്പുകളായി തിരിച്ച് ചർച്ച നടത്തി. സിസ്റ്റേഴ്സിന്റെയും, കൈകാരന്മാരുടെയും, മാതൃസംഘം ഭാരവാഹികളുടെയും സഹകരണം സെമിനാറിനെ കൂടുതൽ സജീവമാക്കി. വികാരിയച്ചന്റെയും, ആനിമേറ്ററിന്റേയും നേതൃത്വത്തിൽ ഇടവകയിലെ മാതൃസംഘങ്ങൾ പോരൂർ ഇടവകയിലെ സ്നേഹാലയം സന്ദർശിച്ചു. അവരുടെകൂടെ ആ ദിവസം ചെലവഴിക്കുകയും ചെയ്തു.

**കൽപ്പറ്റ യൂണിറ്റ്**

നവംബർ 13 ന് മാതൃസംഘടനയുടെ നേതൃത്വത്തിൽ ഇടവകയിലെ മാതാപിതാക്കൾക്കായി രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ അസി. ഡയറക്ടർ ഫാ. ബിനു വടക്കേൽ 'കുടുംബത്തിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. 130 അമ്മമാർ പങ്കെടുത്തു.

**നടവയൽ യൂണിറ്റ്**

ഡിസം 03 ന് നടവയലിൽ വെച്ച് യൂണിറ്റ് എക്സിക്യൂട്ടിവ് ചേർന്നു. 10 ന് കേണിച്ചിറയിൽ വെച്ച് നടവയൽ യൂണിറ്റിന്റെ മാതൃസംഘടനയുടെ ക്രിസ്തുമസ്സ് ആഘോഷം നടന്നു. ചിത്രരചന, കഥ, കരോൾ ഗാനം എന്നീ മത്സരങ്ങൾ നടത്തിയിരുന്നു. നടവയൽ യൂണിറ്റിൽ വനിതകൾക്കായി നടത്തിയ രചനാമത്സരത്തിൽ വിജയികളായവർക്കും ലോഗോസിൽ യൂണിറ്റിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയവർക്കും പ്രോത്സാഹനസമ്മാനം നല്കി. ക്രിസ്തുമസ് ഫ്രണ്ടായി ലഭിച്ച ശാഖകൾക്ക് സ്നേഹവിരുന്നിനുള്ള സാധനങ്ങൾ സമ്മാനമായി നല്കി.

**നടവയൽ യൂണിറ്റ്**

ആദ്യ ഞായറാഴ്ച മീറ്റിംഗ് നടത്തി. സി.ആഗ്നസ് അമ്മമാർക്കായി ക്ലാസ്സെടുത്തു.

**വിളമ്പുകണ്ടം യൂണിറ്റ്**

നവംബർ മാസത്തിൽ മരിച്ചുപോയ മാതൃസംഘടനാംഗങ്ങൾക്കായി പ്രാർത്ഥിച്ചു. രണ്ടാം ശനിയാഴ്ച അമ്മമാർക്കായി ക്ലാസ്സ് സംഘടിപ്പിച്ചു. രോഗിസന്ദർശനം നടത്തുകയും പിടിയരി പിരിക്കുകയും ചെയ്തു.

**കല്ലുവയൽ യൂണിറ്റ്**

നവംബർ മാസത്തിൽ മരിച്ചുപോയ മാതൃസംഘടനാംഗങ്ങൾക്കുവേണ്ടി വി. കുർബാനയും, ഒപ്പീസും നടത്തി. പ്രേഷി

തപ്രവർത്തനത്തിന്റെ വിജയത്തിനായും ദൈവവിളി പ്രോത്സാഹന ത്തിനായും ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിക്കാൻ തീരുമാ നിച്ചു.

**ചുണ്ടക്കര യൂണിറ്റ്**

നവം. 16 ന് അംഗങ്ങൾ ജയിൽ സന്ദർശിച്ചു. അവിടുത്തെ അന്തേ വാസികൾക്കായി കലാപരിപാടികൾ അവതരിപ്പിക്കുകയും പലഹാര ങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**ആറാട്ടുതറ യൂണിറ്റ്**

ഡിസം. 02 ന് മീറ്റിംഗ് ശ്രീമതി സിസിലി വടക്കേടത്തിന്റെ സ്വാഗ തത്തോടെ ആരംഭിച്ചു. ശാഖാ സന്ദർശനത്തിന് മേഖലാ. ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ ഉണ്ടായിരുന്നു. റവ. ഫാ. ചക്കോച്ചൻ വാഴക്കാല അദ്ധ്യക്ഷ പ്രസംഗം നടത്തി. ആനിമേറ്റർ, പ്ര സിഡണ്ട്, സെക്രട്ടറി എന്നിവർ ആശംസ നേർന്നു. ശാഖാ ആനി. സി. ഉഷ യോഗത്തിന് നന്ദി പറഞ്ഞു.

**മുണ്ടേരി യൂണിറ്റ്**

മുണ്ടേരി ഇടവകയിൽ വെച്ച് മണിമൂളി മേഖലയുടെ ആഭി മുഖ്യത്തിൽ സീയോൻ പ്രോ-ലൈഫ് മൂവ്മെന്റിലെ പ്രവർത്തകരായ അഡ്വക്കേറ്റ് ജോസും, ശ്രീ.സാലുവും ചേർന്ന് സെമിനാർ നടത്തി. മണിമൂളി മേഖലഭാരവാഹികൾ, മുണ്ടേരി, ഭൂദാനം, ഇടവകയിലെ മാതാ ക്കളും പങ്കെടുത്തു.

**വഞ്ഞോട് യൂണിറ്റ്**

ഡിസ. 02 ന് മാതൃസംഘടനയുടെ മീറ്റിംഗ് ബഹു.വികാരിയ ച്ചന്റെ നേതൃത്വത്തിൽ ചേർന്നു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. വികാരിയച്ചൻ ക്ലാസ്സ് എടുത്തു ഡിസ.08 നോട് അനുബന്ധിച്ച് 13 മണി ആരരാധന നടത്തുകയും മണിക്കൂറുകൾ ഇടവിട്ട് അമ്മമാർ ആരാധ നയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. മാർച്ച് 04 മുതൽ 08 വരെ യുള്ള ഇടവക വാർഷിക ധ്യാനത്തിന്റെ വിജയത്തിനായി 5,000 കൊന്ത ചെല്ലുവാനും തീരുമാനിച്ചു.

**ചുള്ളിയാന യൂണിറ്റ്**

പുതിയ ഭാരവാഹികൾ

ഡയറക്ടർ - ഫാ.തോമസ് കുറ്റിക്കാട്ടുക്കുന്നേൽ
ആനിമേറ്റർ - സി. മാർട്ടിൻ എസ്.എച്ച്
പ്രസിഡന്റ് - ഷിജി എടാട്ടേൽ

വൈ. പ്രസി - ലീന തോപ്പിൽ
സെക്രട്ടറി - സാലി പുത്തൻപുരയിൽ
ജോ.സെ - മോളി തോപ്പിൽ
ട്രഷറർ - ലാലി ചാരുപ്ലാക്കൽ

ബഹു.തോമസച്ചന്റെ നേതൃത്വത്തിൽ എല്ലാ മാസവും മീറ്റിംഗ് ചേരുകയും ഭാവി പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയുകയും ചെയ്യുന്നു. രോഗിസന്ദർശനവും, ചികിൽസ സഹായവും ചെയ്യുന്നു. വികാരിയച്ചന്റെയും, ആനിമേറ്ററിന്റേയും നേതൃത്വത്തിൽ ഇടവകയിലെ മാതൃസംഘങ്ങൾ പോരൂർ ഇടവകയിലെ സ്നേഹാലയം സന്ദർശിച്ചു. അവരെ കുമ്പസാരിപ്പിക്കുകയും, അവർക്ക്വേണ്ടി വി.കുർബ്ബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അവരുടെകൂടെ ആ ദിവസം ചെലവഴിക്കുകയും ചെയ്തു.

**ആടിക്കൊല്ലി യൂണിറ്റ്**

ഇടവക വികാരി ബഹു. ഡൊമിനിക് വളകൊടിയിലച്ചന്റെയും, രൂപതാ മാതൃസംഘടന ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിലച്ചന്റേയും നേതൃത്വത്തിൽ 16 ന് അമ്മമാർക്കായി ഒരു അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. ശ്രീമതി മേഴ്സി അമരിക്കാട്ട് എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്ന് ബഹു.ഡെന്നീസച്ചൻ ക്ലാസ്സ് നയിച്ചു. ക്ലാസ്സിനു ശേഷം മാതൃസംഘടന ഉദ്ഘാടനം ചെയ്തു. മേഖലാ ആനിമേറ്റർ സി. അർച്ചനയുടെ സാന്നിദ്ധ്യവും, ആശംസയും സെമിനാറിനുണ്ടായിരുന്നു. ശ്രീമതി സ്വപ്ന കരിക്കേടം എല്ലാവർക്കും നന്ദി പറഞ്ഞു.
പുതിയ ഭാരവാഹികൾ

ഡയറക്ടർ - ഫാ. ഡൊമിനിക് വളകൊടിയിൽ
ആനിമേറ്റർ - സി. ഫ്ളവർലെറ്റ് SABS
പ്രസിഡന്റ് - ശ്രീമതി ലിസി എള്ളിൽ
വൈ. പ്രസി. - ശ്രീമതി മേരിക്കുട്ടി കരിക്കേടം
സെക്രട്ടറി - ശ്രീമതി ഷീന കുന്നുംപുറത്ത്
ജോ.സെ. - ശ്രീമതി ഷൈബി പന്തലാങ്കൽ
ട്രഷറർ - ശ്രീമിതി സീമ എള്ളിൽ

**ഒണ്ടയങ്ങാടി യൂണിറ്റ്**

മേഖലാ. ഡയ. ബഹു. ചാക്കോ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ മേഖലാ ടീം ഒണ്ടയങ്ങാടി യൂണിറ്റ് ശാഖാ സന്ദർശനം നടത്തി. വികാരിയച്ചൻ സ്വാഗതം ആശംസിച്ചു. മേഖലാ ഡയറക്ടറും, ആനിമേറ്ററും സംഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും കടമകളെകുറിച്ചും വചനത്തിന്റെ അടിസ്ഥാനത്തിൽ ഓർമ്മപ്പെടുത്തി

റെക്കോർഡുകൾ പരിശോധിച്ച് ഒപ്പു വെച്ചു. ശാഖാ. ആനി.സി. ആൽഫി ആശംസകളും അർപ്പിച്ചു. ശ്രീമതി ക്ലാര കടിയങ്കൽ നന്ദി പറഞ്ഞു.

**കമ്മന യൂണിറ്റ്**

റവ. ഫാ. മാത്യു കാട്ടറത്തച്ചന്റെ നേതൃത്വത്തിൽ 80 പേർ പങ്കെടുത്തു. ശ്രീ.ജോസ് പള്ളത്ത് ജീവന്റെ മൂല്യത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ആനി. സി. മരിയറ്റ നന്ദിയും അർപ്പിച്ചു.

**തരിയോട് ഫൊറോന**

ഡിസം. 03 ന് ചെന്നലോട് ഇടവകയിൽ വെച്ച് കരോൾഗാന മത്സരവും, മേഖലാവാർഷികവും നടത്തി. വാർഷികസമ്മേളനത്തിൽ മേഖല പ്രിസി. ശ്രീമിതി എൽസി അദ്ധ്യക്ഷയായിരുന്നു. ആനിമേറ്റർ സി.ആൻസി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സെക്ര. ശ്രീമതി അന്നമ്മ പുതുക്കാട്ടിൽ റിപ്പോർട്ട് അവതരിപ്പിച്ചു. തരിയോട് ഫൊറോന അസി. ഡയ.ഫാ.ജോർജ് പാലത്തടത്തിൽ സമ്മേളനം ഉൽഘാടനം ചെയ്തു. കരോൾഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കുറുമ്പാല, രണ്ടാം സ്ഥാനം കാവുംമന്ദം, മൂന്നാംസ്ഥാനം പുതുശ്ശേരിക്കടവ്. വിജയിക്കൾക്ക് ഫൊറോന ഡയ. റവ. ഫാ. സെബാസ്റ്റ്യൻ പാലക്കിയച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ട്രഷറർ. ശ്രീമതി അന്നമ്മ പൊൻതൊട്ടിയിൽ ഏവർക്കും നന്ദിപറഞ്ഞു.

**ലക്കിടി യൂണിറ്റ്**

പുതുതായി രൂപംകൊണ്ട ലക്കിടി യൂണിറ്റിന് രൂപതാ മാതൃ സംഘടനാ കൂട്ടായ്മയിലേക്ക് സ്വാഗതം, പ്രവർത്തന മേഖലയിൽ എല്ലാ നന്മകളും നേരുന്നു.

**മരിയൻ സിംഗിൾസ്**

20 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജനുവരി 17 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

2011 ഡിസംബർ 2 ആദ്യവെള്ളി 63 ശുശ്രൂഷകർ സോണൽ മീറ്റിം ഗിനായി സിയോൻ ചാപ്പലിൽ ചേർന്നു. 10 മണിയ്ക്ക് സിയോൺ ഡയ റക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ ദിവ്യകാരുണ്യനാഥനെ ആരാധനയ്ക്കായി അൾത്താരയിൽ പ്രതിഷ്ഠിച്ചു. ശ്രീ. ആന്റണി പള്ളത്ത് വിവിധ നിയോഗങ്ങളുമായി ജപമാല നയിച്ചു. കോ-ഓഡിനേ റ്റർ ശ്രീ. ബേബി മൂത്തേടം ഈനാൾ വരെ നയിച്ച, വഴിനടത്തിയ തമ്പു രാന്റെ മുമ്പിൽ കൃതജ്ഞതയുടെ നറുമലരുകളുമായി 11.45 വരെ ആരാധ അർപ്പിച്ചു. 12 മണിയ്ക്ക് ബഹു. താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി.

വി. കുർബായ്ക്കുശേഷം ഉടനെതന്നെ മീറ്റിംഗ് ആരംഭിച്ചു. സിയോന്റെ പുതിയ ഡയറക്ടറായി ചാർജ്ജെടുത്ത അച്ചൻ ശുശ്രൂഷ കർ ശ്രദ്ധിക്കേണ്ട, അനുഷ്ഠിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചു. തുടർന്ന് ഈ മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന ശുശ്രൂഷകർക്ക് പൂവ് നൽകി മംഗളം ആശംസിച്ചു. ലഘുഭക്ഷണത്തിനുശേഷം 6 PM വരെയുള്ള സമയം എൽഡറിംഗിനും പാസ്റ്ററിംഗിനും ശനിയാഴ്ചത്തേ യ്ക്കുള്ള ഒരുക്കങ്ങൾക്കുമായി വിനിയോഗിച്ചു.

## ജാഗരണ പ്രാർത്ഥന

6.30 PM ന് ജപമാല ചൊല്ലി. 7 മണിയ്ക്ക് ബഹു. മനോജ് കാക്കോ നാൽ അച്ചൻ വി. ബലി അർപ്പിച്ചു വചനസന്ദേശം നൽകി. ജാഗരണ പ്രാർത്ഥനയിൽ പങ്കെടുക്കാൻ വന്നവർ എല്ലാവരും അത്താഴം കഴിച്ചു. കുരിശിന്റെ വഴി നടത്തിയശേഷം ആരാധന ആരംഭിച്ചു. ബഹു. മനോജ് കാക്കോനാൽ അച്ചനും മ്യൂസിക് ടീമും സിയോൻ ടീമും ചേർന്ന് ആരാ

ധന നയിച്ചു. കർത്താവ് ഗ്രൂപ്പിനായി നൽകിയ സന്ദേശങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനാ കോ-ഓർഡിനേറ്റർ ശ്രീ. ജോസ് മാളോല പങ്കുവെച്ചു. 12 മണിയ്ക്ക് പ്രാർത്ഥന അവസാനിപ്പിച്ച് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി - ഏകദിന കൺവെൻഷൻ 3-12-11**

6 PM ന് ശുശ്രൂഷകർ പരിശുദ്ധ അമ്മയുടെ സന്നിധിയിൽ എത്തി. ബഹു. ഡയറക്ടറച്ചൻ പരി. അമ്മയുടെ ഒരു തിരുസ്വരൂപം വെഞ്ചരിച്ചു. ദിവസത്തിന്റെ വിശുദ്ധീകരണത്തിനും ശുശ്രൂഷകരുടെ ശക്തീകരണത്തിനുമായി പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടി അമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് സിയോനുചുറ്റും ജപമാല ചൊല്ലിക്കൊണ്ട് നടന്നു പ്രാർത്ഥിച്ചു. അതിനുശേഷം ബഹു. അച്ചൻ വചനസന്ദേശം നൽകി. സിയോൻ ഹാളിനെയും ശുശ്രൂഷകരേയും വി. ജലം തളിച്ച് അഭിഷേചിച്ചു. ഒരുക്കശുശ്രൂഷകൾക്കുശേഷം 8.30 ന് സ്റ്റേജിലെ ശുശ്രൂഷകൾ ആരംഭിച്ചു. പ്രഭാതപ്രാർത്ഥന, ജപമാല, സ്തുതി ആരാധന എന്നിവ പതിവുപോലെ നടത്തി. 11-12 വരെ ശ്രീ. ബൈജു കൊച്ചുകുടിയിൽ പ്രാർത്ഥനയേയും വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയേയും പറ്റി വചനം പങ്കുവെച്ചു. 12 മണിയ്ക്ക് മറ്റ് ആറ് വൈദികരോടൊപ്പം സിയോനിൽ ഡയറക്ടറെന്ന നിലയിൽ ആദ്യമായി വി. ബലി അർപ്പിക്കാനെത്തിയ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന് അസി. ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചൻ സ്വാഗതം ആശംസിച്ചു. കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം പൂവ് നൽകി അച്ചനെ സ്വീകരിച്ചു. ദിവ്യബലി മധ്യേ ബഹു. താന്നിയിൽ അച്ചൻ വചനസന്ദേശം നടത്തി. ദിവ്യബലിക്കുശേഷം സാക്ഷ്യങ്ങൾ, ലഘുഭക്ഷണം ഇവയുണ്ടായിരുന്നു. തുടർന്ന് ദിവ്യകാരുണ്യ ആരാധന, സൗഖ്യപ്രാർത്ഥന, ദിവ്യകാരുണ്യപ്രദക്ഷിണം ഇവ ഏറ്റവും ഹൃദയസ്പർശകവും അനുഭവവേദ്യവുമായിരുന്നു. ഏറ്റവും ഒടുവിൽ പ്രത്യേകമായി പ്രാർത്ഥന ആവശ്യപ്പെട്ട വ്യക്തികളെ ബഹു. വൈദികർ ഒന്നുചേർന്ന് പ്രാർത്ഥിച്ചു. ഇന്നു സിയോനിൽ വന്ന എല്ലാവർക്കും തന്നെ കുമ്പസാരിക്കാൻ സാധിച്ചു. ധാരാളം ബഹു. വൈദികരുടെ സാന്നിധ്യം ഇന്നത്തെ എല്ലാ ശുശ്രൂഷകളിലും ഉണ്ടായിരുന്നു. 65 പേർക്ക് കൗൺസിലിംഗ് കൊടുക്കാൻ കഴിഞ്ഞു. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു. ശുശ്രൂഷകർ എല്ലാം പുനഃക്രമീകരിച്ചശേഷം ഭവനങ്ങളിലേക്കു മടങ്ങി.

**രണ്ടാംശനി ശുശ്രൂഷകൾ 10-12-11**

**ദമ്പതീകൂട്ടായ്മ**

10 മണിക്ക് ആരംഭിച്ച ജപമാല സി. ലിന്റ FCC നയിച്ചു. ശ്രീ. ജോസഫ് തോട്ടുംപുറം സ്തുതി ആരാധനക്കു നേതൃത്വം നൽകി. 11 മണിക്ക് ഇവാഞ്ചലൈസേഷൻ കോ-ഓർഡിനേറ്റർ ശ്രീ. ജോസ് തേനമാക്കൽ യേശു ഏകരക്ഷകനാണ്, രക്ഷ പ്രാപിക്കാൻ നാം എന്താണ് ചെയ്യേണ്ടതെന്നും വി. മത്തായി 5:1- മുതലുള്ള സുവിശേഷ ഭാഗങ്ങൾ വിശദീകരിച്ച് ക്ലാസ്സെടുത്തു. 12.15 ന് സിയോൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഷെയറിംഗും ആരാധനയും നടത്തി. ശ്രീ. പോൾസൺ വലിയമറ്റം ആരാധനയ്ക്ക് നേതൃത്വം നൽകി. ബഹു. താന്നിയിൽ അച്ചൻ 4 PM ന് സമാപനാശീർവ്വാദം നൽകി.

**കൗൺസിലിംഗ് ദിനം**

പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് രാവിലെ 9.30 മുതൽ കൗൺസിലിംഗ് ശുശ്രൂഷ ആരംഭിച്ചു. 4 മണി വരെ തുടർന്ന ശുശ്രൂഷയിൽ 70 പേർ വന്ന് കൗൺസിലിംഗ് നടത്തി. ശാരീരിക മാനസിക, ആത്മീയ സൗഖ്യവും സന്തോഷവുമുള്ളവരായി മടങ്ങി പോയി.

**മൂന്നാംവെള്ളി - സൗഖ്യദിനം, ജാഗരണപ്രാർത്ഥന**

10.00 AM ന് ശുശ്രൂഷകൾ ആരംഭിച്ചു. ജപമാല, സ്തുതി ആരാധന ഇവയ്ക്കുശേഷം 12 മണിയ്ക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ചു. രോഗികൾക്കുവേണ്ടി സൗഖ്യപ്രാർത്ഥന നടത്തി.

6 PM മുതൽ ജാഗരണപ്രാർത്ഥന ആരംഭിച്ചു. സിയോൻ ശുശ്രൂഷകരും തമ്പുരാന്റെ കൃപയും അനുഗ്രഹങ്ങളും പ്രതീക്ഷിച്ച് ജാഗരിച്ച് പ്രാർത്ഥിക്കാൻ മറ്റനേകരും കടന്നുവന്നു. ബഹു. മനോജ് കറുത്തേടത്ത് അച്ചൻ വി. ബലി അർപ്പിച്ചു. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 4 a.m. ന് വി. ബലി അർപ്പിച്ചു. 5 മണിക്ക് പ്രാർത്ഥന അവസാനിച്ചു.

**സിയോൻ 2012 ജനുവരി മാസത്തിൽ**

| | | |
|---|---|---|
| 6 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 7 ആദ്യശനി | - | ഏകദിന കൺവെൻഷൻ, |
| | - | ക്രിസ്റ്റീൻ പ്രോഗ്രാം, |
| | - | കൗൺസിലിംഗ് |

| | | |
|---|---|---|
| 14 രണ്ടാം ശനി | – | പൊതുകൗൺസിലിംഗ് |
| | – | ദമ്പതീ കൂട്ടായ്മ |
| | – | യുവജന കൂട്ടായ്മ |
| 20 മൂന്നാം വെള്ളി | – | സൗഖ്യദിനം |
| | – | ജാഗരണ പ്രാർത്ഥന |
| 27 നാലാം വെള്ളി | – | ജാഗരണ പ്രാർത്ഥന-സുവിശേഷമുന്നണി |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
സിയോൻ ഡയറക്ടർ
**ഫാ. മനോജ് കാക്കോനാൽ**
**ഫാ. മാത്യു കറുത്തേടത്ത്**

**ദിവ്യകാരുണ്യ കൺവെൻഷൻ**


2012 ജനുവരി 7-ാം തീയതി ശനിയാഴ്ച

ദിവ്യകാരുണ്യ ഏകദിന കൺവെൻഷൻ നടത്തുന്നു

വചനപ്രഘോഷണം: **റവ. ഫാ. ജോസഫ് കുമ്പുക്കൽ**

(തലശ്ശേരി രൂപത)

വി. കുർബാന, വചനസന്ദേശം: **അഭി. മാർ ജേക്കബ് തൂങ്കുഴി**



# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

1. 2011 നവംബർ 19 ന് അസംപ്ഷൻ ഫൊറോന ചർച്ച് ബത്തേരിയിൽവെച്ച് പ്രസ്തുത മേഖലയിലെ 2011 ൽ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികൾക്കായി 'Angels' Meet' നടത്തി. അതോടൊപ്പം ഇടവകയിലെ 6, 7, 8 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഏകദിന ധ്യാനം നടത്തി. 400 ഓളം കുട്ടികൾ പങ്കെടുത്ത പരിപാടിയ്ക്ക് ജീസസ് യൂത്ത് നേതൃത്വം നൽകി. രാവിലെ 10 മണിക്ക് ജപമാലയോടുകൂടെ ആരംഭിച്ച ധ്യാനത്തിൽ റവ. ഫാ. മനോജ് കാക്കോനാൽ, കുമാരി ജെന്നി കുന്നേൽ എന്നിവർ ക്ലാസുകൾ നയിച്ചു.
2. 2011 ഡിസംബർ 4, 5 തീയതികളിൽ സെന്റ് ജോസഫ്സ് കത്തീഡ്രൽ ചർച്ച് മാനന്തവാടിയിൽ വെച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ യുവജനധ്യാനം നടത്തി. ഇടവകയിലെ 90 ഓളം യുവജനങ്ങൾ പങ്കെടുത്ത ധ്യാനത്തിൽ റവ. ഫാ. മനോജ് കാക്കോനാൽ, ബൈജു ജോസ് കൊച്ചുകുടിയിൽ, ജെന്നി കുന്നേൽ, അരുൺ ആന്റണി മഠത്തിൽ എന്നിവർ വചനം പങ്കുവെച്ചു.
3. ഡിസംബർ 5-ാം തീയതി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, വാഴവറ്റയിൽ വെച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 'Angels' Meet' നടത്തി. കൽപ്പറ്റ മേഖലയിലെ 2011 ൽ പ്രഥമദിവ്യകാരുണ്യം സ്വീകരിച്ച 150 ഓളം കുട്ടികൾ കുഞ്ഞുമാലാഖമാരുടെ സംഗമത്തിൽ പങ്കുചേർന്നു. റവ. ഫാ. മനോജ് കറുത്തേടത്ത് കുട്ടികളുമായി വചനം പങ്കുവെച്ചു.
4. **Jesus Youth - Service Meeting**

ഡിസംബർ 2, ആദ്യവെള്ളിയാഴ്ച സിയോൻ ധ്യാനകേന്ദ്രത്തിൽ സർവ്വീസ് മീറ്റിംഗിനായി മാനന്തവാടി രൂപതയിലെ ജീസസ് യൂത്ത് - സർവ്വീസ് ടീം അംഗങ്ങൾ ഒരുമിച്ച് ചേർന്നു.

5. ഡിസംബർ 3, ആദ്യശനിയാഴ്ച സിയോൻ ചാപ്പലിൽ വെച്ച് കുട്ടികൾക്കായുള്ള ക്രിസ്റ്റീൻ പ്രോഗ്രാം നടത്തി. 50 ഓളം കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു.

6. ഡിസംബർ 9, രണ്ടാം വെള്ളിയാഴ്ച സിയോൻ ചാപ്പലിൽ വെച്ച് ജീസസ് യൂത്ത് ജാഗരണ പ്രാർത്ഥന നടത്തി. വൈകിട്ട് 6.30 ന് ജപമാലയോടുകൂടി ആരംഭിച്ച പ്രാർത്ഥനയിൽ 25 ജീസസ് യൂത്ത് ലീഡേഴ്സ് നോടൊപ്പം സി. അനിജ CMC, സി. സാൽവിൻ SKD, സി. റ്റിന SH എന്നിവരുടെയും ബഹു. മനോജ് കാക്കോനാൽ അച്ചന്റെയും സാന്നിധ്യം ഉണ്ടായിരുന്നു. 7 മണിയ്ക്ക് അർപ്പിക്കപ്പെട്ട ദിവ്യബലിയെ തുടർന്ന് കുരിശിന്റെ വഴിയും ദിവ്യകാരുണ്യ ആരാധനയും നടത്തി. പ്രാർത്ഥനാശുശ്രൂഷകളുടെ സമാപനത്തിൽ സിയോൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന് ജീസസ് യൂത്ത് ഒരുമിച്ച് ചേർന്ന് സ്വീകരണം നൽകി.

8. ഡിസംബർ 10, രണ്ടാം ശനിയാഴ്ച സിയോൻ ചാപ്പലിൽ വെച്ച് ജീസസ് യൂത്തിന്റെ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. രാവിലെ 10 മണിക്ക് ജപമാലയോടെ ആരംഭിച്ച പ്രോഗ്രാമിൽ 45 ഓളം യുവജനങ്ങൾ പങ്കെടുത്തു. ബഹു. മനോജ് കാക്കോനാൽ അച്ചൻ ദിവ്യബലി അർപ്പിച്ചു. വൈകിട്ട് 3 മണിക്ക് 'ദിവ്യകാരുണ്യ ആരാധന'യോടെ സമാപിച്ചു.

**ഫാ. മനോജ് കാക്കോനാൽ**
ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരെ,

ഉണ്ണിയേശുവിന്റെ ജനനത്തിരുനാളിന്റെ സന്തോഷത്തോടൊപ്പം തന്നെ കടന്നുവരുന്ന പുതുവർഷത്തെ, പുത്തൻപ്രതീക്ഷകളും പുതിയ കാഴ്ചപ്പാടുകളുമായി നമുക്കേവർക്കും വരവേൽക്കാം. വഴിയും സത്യവും ജീവനുമായി നമ്മുടെയിടയിലേക്ക് കടന്നുവന്ന യേശുവിന്റെ മാതൃക സ്വീകരിച്ച് വിൻസെൻഷ്യൻ സഹോദരങ്ങളായ നമുക്കും ഈ പുതുവർഷത്തിൽ മറ്റുള്ളവരുടെ ജീവിതങ്ങൾക്ക് വഴിയും പ്രതീക്ഷയും സാന്ത്വനവുമൊക്കെയായി കടന്നുചെല്ലാൻ പരിശ്രമിക്കാം. കഴിഞ്ഞ ഒരു വർഷം നമ്മുടെ പ്രവത്തനങ്ങൾക്ക് ശക്തി നൽകിയ നല്ല ദൈവത്തിന് നന്ദി പറയാം. ചുറ്റുമുള്ളവരെ സഹായിക്കാൻ നമുക്ക് ലഭിക്കുന്ന അവസരങ്ങൾ ശ്രദ്ധാപൂർവ്വം പരിഗണിക്കാം. കടന്നുപോയ വർഷങ്ങളിൽ ചെയ്യാൻ കഴിയാതെ പോയ സേവനങ്ങളെ തിരിച്ചറിഞ്ഞ് പരിഹരിക്കാൻ ശ്രമിക്കാം. എല്ലാവർക്കും സമാധാനപൂർണ്ണവും ഐശ്വര്യസമൃദ്ധവും ദൈവാനുഗ്രഹം നിറഞ്ഞതുമായ ഒരു പുതുവർഷം ആശംസിക്കുന്നു.

## സി.സി. യോഗം

17-12-2011 ന് പാസ്റ്ററൽ സെന്ററിൽ വച്ച് സി.സി. പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങന്റെ അദ്ധ്യക്ഷതയിൽ സി.സി. യോഗം നടന്നു. ഏറെ കാര്യങ്ങൾ വളരെ ക്രിയാത്മകമായി ചർച്ചചെയ്യപ്പെട്ട ഒരു മീറ്റിംഗായിരുന്നു ഇത്. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ അടിസ്ഥാന ഘടകമായ കോൺഫ്രൻസുകൾ ഊർജ്ജസ്വലമായി തനതുപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതിന്റെ ആവശ്യകത തദവസരത്തിൽ സൂചിപ്പിക്കപ്പെട്ടു. വിദേശത്തേയ്ക്ക് കത്തുകളയയ്ക്കുന്നതിൽ നാം ഇനിയും ശ്രദ്ധാലുക്കളാകണമെന്ന് അദ്ദേഹം പറഞ്ഞു. എല്ലാ കോൺഫ്രൻസുകളും തങ്ങളുടെ ക്രിസ്മസ് വിശേഷങ്ങൾ എഴുതി

വിദേശത്തേയ്ക്കയയ്ക്കണമെന്നും ഒരു കോപ്പി സി. സി. യിൽ എത്തിക്കണമെന്നും അപേക്ഷിച്ചു.

## ക്രിസ്മസ് പുതുവത്സരാഘോഷം

ഈ വർഷത്തെ ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ, ജനുവരി 2-ാം തീയതി നടവയൽ ഓസ്സാനാം ഭവനിൽ വച്ച്, അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ സാന്നിധ്യത്തിൽ സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. തദവസരത്തിൽ വർഷം തോറും ചെയ്യാറുള്ളതുപോലെ ഓസ്സാനാം ഭവൻ അന്തേവാസികൾക്ക് പുതുവസ്ത്രവിതരണവും നടത്തുന്നതാണ്. 11.30 AM വി. കുർബാന തുടർന്ന് പുതുവസ്ത്ര വിതരണം, മധുരപലഹാര വിതരണം എന്നിവ ഉണ്ടായിരിക്കും. ഈയവസരത്തിൽ മുഴുവൻ എ. സി. പ്രസിഡണ്ടുമാരെയും, ബോർഡംഗങ്ങളെയും, നടവയൽ കോൺഫ്രൻസംഗങ്ങളെയും, ബഹു. വൈദികർ, സിസ്റ്റേഴ്സ് എന്നിവരെയും സ്നേഹപൂർവ്വം ഈ ചടങ്ങിലേയ്ക്ക് ക്ഷണിക്കുന്നു.

## കൈപിടിച്ചുയർത്താം അവരേയും

മാനന്തവാടി രൂപതാ വിൻസെന്റ് ഡി പോൾ ഈ പുതുവർഷത്തിൽ "കൈപിടിച്ചുയുർത്താം അവരേയും" എന്ന നൂതന പ്രോജക്ടിന് രൂപം നൽകുകയാണ്. ഇടവകയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അവരെ സഹായിക്കുന്ന പദ്ധതിയാണിത്. 2011-12 സാമ്പത്തിക വർഷത്തിൽ കേവലം 2 പ്രോജക്ട് മാത്രമാണ് മാനന്തവാടി സി.സി. യ്ക്ക് ലഭിച്ചത്. നമ്മുടെ കോൺഫ്രൻസുകൾ പ്രോജക്ടുകൾ അപേക്ഷിക്കുന്നതിന്റെ എണ്ണം കുറവായതാണ് ഇതിനു കാരണം. ഇത് പരിഹരിച്ച് കൂടുതൽ അപേക്ഷകൾ നാഷണൽ കൗൺസിൽ നൽകി കഴിയുന്നത്ര പ്രോജക്ട് ലഭ്യമാക്കുകയാണ് ഈ പ്രോജക്ടിന്റെ ഉദ്ദേശം. സമയബന്ധിതമായി നടത്തുന്ന ഈ പദ്ധതിയുടെ ആദ്യപടിയായി ജനുവരി 8-ാം തീയതി എല്ലാ എ. സികളും ആത്മീയോപദേഷ്ടാവിന്റെ സാന്നിധ്യത്തിൽ വിശേഷാൽ എ. സി യോഗം കൂടി എ.സി യിലെ ഏതൊക്കെ കോൺഫ്രൻസിന് പ്രോജക്ട് ആവശ്യമുണ്ടെന്നും ഏതുതരത്തിലുള്ള പ്രോജക്ട് ആണ് നടപ്പാക്കേണ്ടതെന്നും തിട്ടപ്പെടുത്തണം. അന്നേദിവസം ഓരോ എ. സിയിലേയ്ക്കും പ്രസ്തുത പ്രോജക്ട് വിശദീകരിക്കുന്നതിനായി ബോർഡ് മെമ്പർമാർ വരുന്നതാണ്. എ. സി. സെക്രട്ടറിക്കായിരിക്കും പ്രോജക്ട് അപേക്ഷ എല്ലാ കോൺഫ്രൻസിൽ നിന്നും ശേഖരിക്കേണ്ടതിന്റെ ചുമതല. എ.സി. പ്രസിഡണ്ടുമാർ അർഹതപ്പെട്ട എല്ലാ കോൺഫ്രൻസും പ്രോജക്ടിന് അപേക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പുവരു

ത്തണം. ഫെബ്രുവരി 15 മുതൽ ഒരാഴ്ചക്കാലം ഈ പ്രോജക്ടിന്റെ നടത്തിപ്പിനുവേണ്ടി സി. സി. സമയം കണ്ടെത്തുകയാണ്. അതുകൊണ്ട് ഫെബ്രുവരി 15 നുള്ളിൽ എല്ലാ കോൺഫ്രൻസുകളും പ്രോജക്ട് അപേക്ഷ പൂർത്തിയാക്കി എ. സി. സെക്രട്ടറിവശം കൊടുക്കേണ്ടതാണ്. എ. സി. സെക്രട്ടറിയുടെ പക്കൽ നിന്നും താഴെ പറയും പ്രകാരം അപേക്ഷ സി. സി യിൽ സ്വീകരിക്കുന്നതാണ്.

1. പാടിച്ചിറ, ബത്തേരി, പുൽപ്പള്ളി, നടവയൽ എ.സി 15-2-12
   ട്രഷറർ അന്നേ ദിവസം ഓഫീസിൽ ഉണ്ടാകും.
2. കൽപറ്റ, വാഴവറ്റ, കുറുമ്പാല എ. സി കൾ 16-2-12
   പ്രസിഡന്റ് അന്നേദിവസം ഓഫീസിൽ ഉണ്ടാകും.
3. തരിയോട്, തോണിച്ചാൽ, കല്ലോടി 17-2-2012
   സെക്രട്ടറി ഓഫീസിൽ ഉണ്ടാകും.
4. മാനന്തവാടി, കുറുമ്പാല, പയ്യമ്പള്ളി 18-2-12
   വൈസ് പ്രസിഡന്റ് ജിൽസ് മേക്കൽ ഓഫീസിൽ ഉണ്ടാകും.
5. ഗൂഡല്ലൂർ, മണിമൂളി, നിലംമ്പൂർ 23-2-12
   വൈസ് പ്രസിഡന്റ് ജോസ് സാർ ഓഫീസിൽ ഉണ്ടാകും.

**യുവജന മത്സരം**

വിൻസെന്റ് ഡി പോളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യുവജന മത്സരങ്ങൾ ജനുവരി 28 ന് സി. സി. ഓഫീസിൽ വെച്ച് നടത്തുന്നതാണ്. 18 നും 30 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളുടെ മത്സരങ്ങൾ എ. സി. തലത്തിൽ അതിനുമുമ്പായി നടത്തി ഓരോ വിഭാഗത്തിലും ഓരോരുത്തരെവീതം സി. സി. തലത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ സെപ്റ്റംബർ 2011 ലെ രൂപതാ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

**പുതിയ കോൺഫ്രൻസ് രൂപീകരണം**

1. മാനന്തവാടി രൂപതയിൽ മാനന്തവാടി എ. സി. യുടെ കീഴിലുള്ള യവനാർകുളം സെന്റ് മേരീസ് ഇടവകയിൽ സെന്റ് മേരീസ് വിൻസെന്റ് ഡി പോൾ എന്ന പേരിൽ പുതിയ കോൺഫ്രൻസ് രൂപീകരിച്ചു. ഇടവക വികാരി റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ അദ്ധ്യക്ഷനായിരുന്നു. സി. സി. സെക്രട്ടറി അഗസ്റ്റിൻ കൊടിയംകുന്നേൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഭാരവാഹികൾ - ജോസഫ് കിഴക്കേടം - പ്രസിഡന്റ്, ഉലഹന്നാൻ പുൽപ്പറമ്പിൽ - വൈസ് പ്രസിഡന്റ്, ജോസ് ആക്കപ്പടിക്കൽ - സെക്രട്ടറി, ഷീബ വാളായിൽ - ജോ. സെക്രട്ടറി, ജോയി കൊച്ചുകുടിയിൽ-ട്രഷറർ.
2. നിലമ്പൂർ ഏരിയാ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ്

തെരേസാ കോൺഫ്രൻസിന്റെ തെരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് – മറിയാമ്മ ജോർജ്ജ്, പൊട്ടൻകുളം (H), നിലമ്പൂർ, സെക്രട്ടറി – ട്രീസാ ജെയിംസ് നജലംമ്പുഴ (H), നിലമ്പൂർ, ട്രഷറർ – സോജി ജോൺസ്, തച്ചംപുറം (H).

സ്കോളർഷിപ്പ് വിതരണം 17-12-11 നടന്ന സി.സി. യോഗത്തിൽ വെച്ച് താഴെ പറയുന്ന കുട്ടികൾക്ക് റിന്യൂവൽ സ്കോളർഷിപ്പ് തുക എ. സി. പ്രസിഡന്റു മുഖേന വിതരണം ചെയ്തു. കോൺഫ്രൻസ് പ്രസിഡന്റുമാർ എത്രയും വേഗം തുക കൈപ്പറ്റി കാപ്ലിഷൻ റിപ്പോർട്ട് ജനുവരി 2 നു നടക്കുന്ന സി. സി. യോഗത്തിൽ എത്തിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. അനുമോൾ. കെ. കെ | – | സെന്റ് ഫ്രാൻസീസ് അസീസി |
| 2. മിനു കെ. പൗലോസ് | – | സെന്റ് മേരീസ് തെനേരി |
| 3. റിത്തു ഫ്രാൻസീസ് | – | ഇൻഫന്റ് ജീസസ് ശശിമല |
| 4. നീനു സണ്ണി | – | സെന്റ് മേരീസ് നടവയൽ |
| 5. സതീഷ് സി. ബി. | – | സെന്റ് തോമസ് തരിയോട് |
| 6. ജോസഫ് ജോസഫ് | – | ക്രൈസ്റ്റ് കിംഗ് മണിമൂളി |
| 7. ജിൻസി സേവ്യർ | – | സെന്റ് മേരീസ് മണിമൂളി |
| 8. സിൽനാ വർഗ്ഗീസ് | – | സെന്റ് ജോർജ്ജ് ചുള്ളിയാന |
| 9. പ്രിൻസ് കെ. എം. | – | സെന്റ് അൽഫോൻസ് ചുള്ളിയാന |
| 10. മിൻസി മോൾ ജോസഫ് | – | സെന്റ് ജോസഫ്സ് അടയ്ക്കാതോട് |
| 11. റിനു ജോണി | – | ഫാത്തിമമാതാ ചുങ്കക്കുന്ന് |
| 12. ഷാലിൻ ബിജു | – | ക്രൈസ്റ്റ് കിംഗ് പുതുശ്ശേരിക്കടവ് |
| 13. അഖിൽ തോമസ് | – | സെന്റ് മേരീസ് കുറുമ്പാല |
| 14. ഷിന്റോ ജോർജ് | – | സെന്റ് അൽഫോൻസ് പുതുശ്ശേരിക്കടവ് |
| 15. അലക്സ് വി. സ്റ്റാനി സാവിയോസ് (HES) | – | സെന്റ് മേരീസ് ബത്തേരി |
| 16. അഖിൽ ജോസ് | – | സെന്റ് തോമസ് അരിഞ്ചേർമല |
| 17. ജിസ്നാ ജോർജ്ജ് | – | ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ |
| 18. മനു മാത്യു | – | സെന്റ് മേരീസ് പറളിക്കുന്ന് |
| 19. നിത്യ മോൾ കെ. | – | സെന്റ് ആന്റണീസ് വാകേരി |
| 20. അവിനാഷ് ജോസ്(HES) | – | സെന്റ് ജോസഫ് കുറുമ്പാല |
| 21. റിൻസ് ജോയ് | – | സെന്റ് ജോസഫ് റിപ്പൺ |

**അറിയിപ്പുകൾ**

1. ഡിസംബർ 31 അവസാനിക്കുന്ന ക്വാർട്ടറിനെ അടിസ്ഥാനമാക്കി ക്വാർട്ടർലിസ്റ്റേറ്റ് മെന്റ് ജനുവരി 10 നകം എല്ലാ എ. സി. പ്രസിഡന്റു മാരും സി. സി യിൽ എത്തിക്കേണ്ടതാണ്.
2. ഓസ്സാനാംഭവൻ അന്തേവാസികൾക്ക് വസ്ത്രവിതരണം ചെയ്യുവാനുള്ള തുക ഇനിയും നൽകുന്ന കോൺഫ്രൻസുകൾ എ. സി. പ്രസിഡന്റുമാർ വശം തുക ഉടൻതന്നെ ഏൽപ്പിക്കേണ്ടതാണ്.
3. 2011-12 വർഷത്തെ ഡയറിക്കു നൽകുവാനുള്ള തുക എ. സി. പ്രസിഡന്റുമാർ ജനുവരി 2 ന് നടക്കുന്ന സി. സി. യോഗത്തിൽ നൽകേണ്ടതാണ്.

**ഓസ്സാനാംഭവൻ സന്ദർശനം**

ഓസ്സാനാംഭവൻ സന്ദർശനം, അവിടുത്തെ ശുശ്രൂഷ തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിന് പ്രസിഡന്റിനെ സഹായിക്കുന്നതിനുവേണ്ടി മുൻ ബത്തേരി എ. സി. പ്രസിഡന്റായ ബ്രദർ തോമസ് തൈരംചേരിലിനെ ഓസ്സാനാഭവൻ മാനേജരായി നിയമിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുകയാണ്.

**കൊട്ടിയൂർ എ.സി. സന്ദർശനം**

| | | |
|---|---|---|
| 1. സെന്റ് ജോസഫ് അടയ്ക്കത്തോട് (പു) | - | 21-01-2012 |
| 2. സെന്റ് ജോർജ് അമ്പായത്തോട് (പു) | - | 23-01-2012 |
| 3. സെന്റ് മേരി അമ്പായത്തോട് (വ) | - | 25-01-2012 |
| 4. ഫാത്തിമ മാതാ ചുങ്കക്കുന്ന് (പു) | - | 26-01-2012 |
| 5. സെന്റ് അൽഫോൻസ ചുങ്കക്കുന്ന് (വ) | - | 28-01-2012 |
| 6. സാൻ ജോസ് കേളകം (മിക്സഡ്) | - | 30-01-2012 |
| 7. സെന്റ് സെബാസ്റ്റ്യൻ കൊട്ടിയൂർ | - | 01-02-2012 |
| 8. സെന്റ് തോമസ് കൊട്ടിയൂർ | - | 02-02-2012 |
| 9. സെന്റ് അൽഫോൻസ നെല്ലിയോടി | - | 04-02-2012 |
| 10. സെന്റ് അൽഫോൻസ ഒറ്റപ്ലാവ് | - | 06-02-2012 |
| 11. ബ്ലസഡ് ചാവറ കുര്യാക്കോസ് പാൽച്ചുരം | - | 08-02-2012 |
| 12. സെന്റ് ജൂഡ്സ് നെല്ലിയോടി | - | 09-02-2012 |
| 13. സെന്റ് തോമസ് പാൽച്ചുരം | - | 11-02-2012 |
| 14. സെന്റ് ഫ്രാൻസീസ് അസ്സീസി, വെള്ളൂന്നി | - | 13-02-2012 |

ഏവർക്കും പുതുവത്സരാശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം, **ബ്രദർ എം.സി. തോമസ് മാങ്ങൻ**

സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മദ്യവിരുദ്ധ ഞായർ

കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷന്റെ ആഹ്വാനപ്രകാരം ജനുവരി 29 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. 'മദ്യവിമുക്ത സഭയും സമൂഹവും' എന്ന മുദ്രാവാക്യവുമായി കഴിഞ്ഞ 12 വർഷം കേരള സമൂഹത്തിൽ സമിതി ഏറ്റെടുത്ത ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സമീപകാലത്തായി ഏറെ ഫലം നൽകിയിട്ടുണ്ട് എന്നതിൽ തർക്കമില്ല. രാഷ്ട്രീയ പാർട്ടികളിലും ഗവൺമെന്റിലും മദ്യവിരുദ്ധ മനോഭാവം കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യമനസുകൾ അമിതമായി മദ്യത്തിലേയ്ക്ക് ചാഞ്ഞുക്കൊണ്ടിരിക്കുന്നു. അതിനാൽ ഈ മദ്യവിരുദ്ധ ഞായർ ആഘോഷത്തിന് ഏറെ പ്രസക്തിയുണ്ട്. മനുഷ്യമനസുകളിൽ മാനസാന്തരം വരാതെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ഫലം കാണുകയില്ല. ആയതിനാൽ ഈ മദ്യവിരുദ്ധ ഞായർ, മദ്യവിരുദ്ധ ആശയം മനുഷ്യമനസിലെത്തിക്കാൻ ആവശ്യമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുമല്ലോ.

## മദ്യവിരുദ്ധ വാരാചരണം

ജനുവരി 22 മുതൽ 29 വരെ മാനന്തവാടി രൂപതയിൽ മദ്യവിരുദ്ധ വാരാചരണം നടത്തുകയാണ്. മതബോധനം, കെ.സി.വൈ.എം, സി.എം.എൽ, മാതൃസംഘം എന്നിവയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ വാരാചരണം കൂടുതൽ ഫലപ്രദമാക്കുവാൻ പരിശ്രമിക്കുമല്ലോ.

## മദ്യവിരുദ്ധഞായർ പിരിവ്

മദ്യവിരുദ്ധഞായറാഴ്ച ലഭിക്കുന്ന സ്തോത്രകാഴ്ചയാണ് രൂപത മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം. ആയതിനാൽ എല്ലാ ഇടവകകളിലും അന്ന് പ്രത്യേകം പിരിവെടുത്ത് രൂപതാ കേന്ദ്രത്തിൽ എത്തിച്ചാൽ ഏറെ ഉപകാരമായി. മുൻവർഷം

ധാരാളം ഇടവകകൾ പൂർണ്ണമായി സഹകരിച്ചു. ഈ വർഷവും സഹാ യിക്കുമല്ലോ.

### സംസ്ഥാനസമ്മേളനം മാറ്റിവെച്ചു

അഭിവന്ദ്യ പിതാക്കന്മാരുടെ അസൗകര്യം മൂലം കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷന്റെ സംസ്ഥാന സമ്മേളനം 2012 ജനുവരി 27, 28 തീയതികളിലേക്ക് മാറ്റിവെച്ചു.

### സംസ്ഥാന ഡയറക്ടർമാരുടെ സന്ദർശനം

മദ്യവിരുദ്ധ സമിതി സംസ്ഥാന ഡയറക്ടർ റവ. ഫാ. ആന്റണി റ്റി.ജെ. യും സംസ്ഥാന ഭാരവാഹികളും രൂപതയിൽ സന്ദർശനം നട ത്തി. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കാര്യങ്ങൾ വിശദീകരി ക്കാനാണ് സന്ദർശിച്ചത്. സംസ്ഥാന വൈസ്പ്രസിഡന്റ് പി. എ. ജെയിം സ്, സെക്രട്ടറി സണ്ണി എന്നിവരും സന്നിഹിതരായിരുന്നു. കെ.സി.വൈ. എം. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര, റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ എന്നിവർ പ്രസംഗിച്ചു.

### ചുങ്കക്കുന്ന് ഫൊറോനയിൽ മേഖലാ സമിതി

കെ.സി.ബി.സി മദ്യവിരുദ്ധസമിതി ചുങ്കക്കുന്ന് ഫൊറോനയിൽ ശക്തിയാർജിക്കുന്നു. എല്ലാ ഇടവകകളിലും ശക്തമായ സാന്നിധ്യമാ കുവാൻ ഡിസംബർ 4 ന് ചുങ്കക്കുന്നിൽ ചേർന്ന മേഖലാ സമ്മേളനം തീരുമാനിച്ചു. മേഖലാസമ്മേളനം ഫൊറോന വികാരി റവ. ഫാ. തോമസ് ചേറ്റാനി ഉദ്ഘാടനം ചെയ്തു. പാൽച്ചുരം, അമ്പായത്തോട്, കൊട്ടിയൂർ, കേളകം, ചുങ്കക്കുന്ന് ഇടവകകളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു.

രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ക്ലാസ്സ് നയിച്ചു. A.A പ്രവർത്തനങ്ങളെപ്പറ്റി ശ്രീ. ജോർജ്ജ് കുര്യൻ സംസാരിച്ചു. മേഖലാസമിതി തെരഞ്ഞെടുപ്പ് നടത്തി.

### ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | – | ശ്രീ. ആന്റണി വെട്ടം, ചുങ്കക്കുന്ന് |
| വൈസ് പ്രസിഡന്റ് | – | ശ്രീമതി ലിസി വയലുങ്കൽ, പാൽച്ചുരം |
| സെക്രട്ടറി | – | ശ്രീ. ജോസഫ് മണ്ഡപം, ചുങ്കക്കുന്ന് |
| ജോ. സെക്രട്ടറി | – | ശ്രീ. ബിജോ കരിയത്ര, ചുങ്കക്കുന്ന് |
| ട്രഷറർ | – | ഡോ. ഡാനിയേൽ കൊല്ലാറത്ത്, കേളകം |

### തീരുമാനങ്ങൾ

- എല്ലാ ഇടവകകളിലും മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരിക്കുക.
- ലഹരിവിരുദ്ധ ക്രിസ്തുമസ് സന്ദേശം നൽകുക.

- ചുങ്കക്കുന്നിൽ ആരംഭിക്കാൻ പോകുന്ന ബിവറേജ് കോർപ്പറേഷന്റെ ചില്ലറ മദ്യവിൽപ്പന ശാലക്കെതിരെ പ്രതിഷേധം ശക്തമാക്കുക.

ചുങ്കക്കുന്ന് മേഖലയിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ നേതൃത്വവും പ്രേരകശക്തിയും ബഹു. തോമസ് ചേറ്റാനിയച്ചനാണ്. അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**ദ്വാരക ഇടവകയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് പുതിയ മുഖം**

ദ്വാരക ഇടവകയിൽ വാർഡ്തല ക്രിസ്തുമസ് ആഘോഷപരിപാടികളിൽ ലഹരിവിരുദ്ധ സന്ദേശത്തിന് പ്രാധാന്യം നൽകി പുതിയ ശൈലിയിൽ ക്രിസ്തുമസ് ആഘോഷിച്ചു. വാർഡുതല ക്രിസ്തുമസ് സംഗമത്തിൽ മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. എല്ലാ ഭവനങ്ങളും മദ്യരഹിത ക്രിസ്തുമസ് ആഘോഷിക്കണമെന്ന ആഹ്വാനം നൽകി. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ജോസ് പള്ളത്ത് എന്നിവരും വിവിധ ദിവസങ്ങളിൽ സന്ദേശം നൽകി.

വൈവിധ്യമാർന്ന പരിപാടി സംഘടിപ്പിച്ച ഇടവക വികാരി റവ. ഫാ. ജോയി തുരുത്തേൽ പരിപാടികൾക്ക് നേതൃത്വം നൽകിയ ശ്രീ. വർക്കി  നിരപ്പേൽ വാർഡ് കമ്മറ്റി അംഗങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് നീർത്തട വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന നീർത്തട വികസന പരിപാടികൾ പുരോഗമിക്കുന്നു. ജലമണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിവരുന്ന മൺകയ്യാല, കല്ലുകയ്യാല, നീർക്കുഴി തുടങ്ങിയവയുടെ നിർമ്മാണം 50% ത്തിലധികം പൂർത്തീകരിച്ചു. വരുമാന വർദ്ധക പരിപാടികളുടെ ഭാഗമായി പശുവളർത്തൽ, ആടുവളർത്തൽ, മത്സ്യകൃഷി, കോഴിവളർത്തൽ, പച്ചക്കറി കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പദ്ധതി നടത്തിപ്പിന് നബാർഡിൽ നിന്നും 2-ാം ഗഡു നേടിയെടുക്കുന്നതിന് WSSS ന് സാധിച്ചു.

**മോണിറ്ററിംഗ് കമ്മറ്റി യോഗങ്ങൾ**

നീർത്തട വികസന പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് തിരുവനന്തപുരത്ത് നബാർഡിന്റെ ഓഫീസിൽ ചേർന്ന യോഗത്തിൽ WSSS ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ജനറൽ കോ-ഓഡിനേറ്റർ ജോസ് പി. എ. എന്നിവർ പങ്കെടുത്തു. ബത്തേരി വോയ്സ് ഓഫീസിൽ വെച്ചു നടന്ന ജില്ലയിലെ അവലോകന യോഗത്തിൽ ജനറൽ കോ-ഓഡിനേറ്റർ പി. എ. ജോസ് പങ്കെടുത്തു.

**സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ 16 കോളനികളിലായി നടത്തിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി രണ്ടാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്നു. ഇതിനോടകം മൺകയ്യാലകളുടെയും കല്ലുകയ്യാലകളുടെയും നിർമ്മാ

ണം, കാപ്പിതൈ നടീൽ, സ്വാശ്രയസംഘങ്ങളുടെ രൂപീകരണം എന്നിവ പൂർത്തീകരിക്കുവാൻ സാധിച്ചു. കുരുമുളക് നേഴ്സറി തയ്യാറാക്കൽ, വാഴകൃഷി, കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി, ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു. ഫീൽഡുപബ്ലിസിറ്റിയുമായി സഹകരിച്ച് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ചാലിൽ, കുഞ്ഞോം, പെരിഞ്ചേരിമല കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**ജൈവ സാക്ഷ്യപത്ര ലഭ്യതാപദ്ധതി**

ഫെയർ ട്രേഡിൽ പുതിയതായി 2011 വർഷത്തിൽ 443 കർഷകർക്ക് അംഗത്വം നൽകി. കർഷകർക്ക് ആവശ്യമായ ഗുണനിലവാരമുള്ളതും 24 X 25 അടി വലുപ്പമുള്ളതുമായ 150 ടാർപോളിൻ ഷീറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി. ഫെയർ ട്രേഡ് അംഗങ്ങൾക്ക് ഈ ഇനത്തിൽ 500/– രൂപ സഹായധനം അനുവദിക്കുന്നതിന് തീരുമാനിച്ചു. 2011 വർഷത്തെ ഇന്റേണൽ ഇൻസ്പെക്ഷൻ പൂർത്തിയാക്കി. 2762 കർഷകരുടെ ജൈവസാക്ഷ്യപത്രരേഖകളും ഫയലുകളാക്കി എക്സ്റ്റേണൽ ഇൻസ്പെക്ഷനുവേണ്ട നടപടികളും പൂർത്തിയാക്കി. കർഷകരിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 59 ക്രഡിറ്റ് യൂണിയനുകൾ രൂപീകരിച്ചു. ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 650 കർഷകർക്ക് അംഗത്വം നൽകി.

**ഫാം വയനാട് പദ്ധതി**

കാരിത്താസ് ഇന്ത്യയുടെയും, കേരള സോഷ്യൽസർവ്വീസ് ഫോറത്തിന്റെയും സഹായത്തോടെ വയനാട് ജില്ലയിലെ ഏഴ് സന്നദ്ധസംഘടനകളിലൂടെ നടപ്പിലാക്കിവരുന്ന ഫാം വയനാട് പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. മാനന്തവാടി, തിരുനെല്ലി, എടവക, തരിയോട്, പടിഞ്ഞാറത്തറ, കോട്ടത്തറ എന്നീ ആറു പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 614 കർഷകർക്ക് അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. വിതരണോൽഘാടനം തൃശിലേരി സെ.ജോർജ്ജ് പള്ളി വികാരി റവ. ഫാ. ശാന്തിദാസ് നിർവ്വഹിച്ചു. പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം അദ്ധ്യക്ഷത വഹിച്ചു. കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ അന്നമ്മ സെബാസ്റ്റ്യൻ സ്വാഗതവും എം.എം. വർക്കി നന്ദിയും പറഞ്ഞു.

**തൊഴിലധിഷ്ഠിത സാങ്കേതിക പരിശീലന പരിപാടി**

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന തൊഴിലധിഷ്ഠിത സാങ്കേതിക പരിശീലന ഗവേഷണ വിഭാഗവുമായി (FVTRS) സഹക

രിച്ച് നടത്തുന്ന ഫെറോ സിമന്റ് ടെക്നോളജി പരിശീലനത്തിന്റെ ഉദ്ഘാടനം നവംബർ 7-ാം തീയതി ബോയ്സ്ടൗണിൽ നടന്നു. ജനറൽ കോ-ഓഡിനേറ്റർ ജോസ് പി. എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. ചാക്കോ. എൻ. ജെ. ക്ലാസ്സ് നയിച്ചു.

**ടെക്സ്റ്റൈൽ പ്രിന്റിംഗും ഫാബ്രിക് പെയിന്റിംഗും പരിശീലനം**

നവംബർ 21-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് പ്രസ്തുത പരിശീലന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ നിർവ്വഹിച്ചു. ഇടയ്ക്കുവെച്ച് പഠനം നിർത്തിയ 20 വനിതകളാണ് പരിശീലനാർത്ഥികൾ. പ്രോജക്ട് കോ-ഓഡിനേറ്റർ കെ. ഒ. ജോയി അദ്ധ്യക്ഷത വഹിച്ചു. അനൂപ് വർഗ്ഗീസ്, പി. എ. ജോസ് എന്നിവർ സംസാരിച്ചു. മിനി ജെയിംസ് ക്ലാസ്സുകൾ നയിച്ചു.

**പാരമ്പര്യേതര ഊർജ്ജസംരക്ഷണം**

ചെറുകാട്ടൂർ, കല്ലുമൊട്ടംകുന്ന്, കമ്മന, ഒഴുക്കൻമൂല, ചുണ്ടക്കുന്ന് എന്നീ സ്ഥലങ്ങളിൽ അഞ്ചു ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 6 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2010-11 വർഷം നിർമ്മാണം പൂർത്തിയാക്കിയ 91 പ്ലാന്റുകളുടെ സബ്സീഡി തുക നവംബർ മാസം വിതരണം ചെയ്തു. മലങ്കര, ഒഴുക്കൻമൂല സ്ഥലങ്ങളിൽ പ്ലാന്റുകളുടെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. NAIP പദ്ധതി പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ പത്തു മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി.

**സേവ് എ ഫാമിലി പ്ലാൻ (SAFP)**

നവംബർ മാസത്തിൽ SAFP ഗുണഭോക്താക്കളിൽ നിന്നും ക്രിസ്തുമസ് ആശംസാ കാർഡുകൾ ശേഖരിക്കുകയും ഉപകാരികൾക്ക് അയയ്ക്കുകയും ചെയ്തു. മേഖലാ തലത്തിൽ നടത്തിവരുന്ന മീറ്റിംഗുകൾ മൂന്നു മേഖലകളിൽ പൂർത്തിയാക്കി. മാനന്തവാടി മേഖലയുടെ മീറ്റിംഗ് WSSS ഓഡിറ്റോറിയത്തിലും കൽപ്പറ്റ മേഖലയുടെ യോഗം ചെന്നലോട് സെ. സെബാസ്റ്റ്യൻസ് പാരീഷ് ഹാളിലും പുൽപ്പള്ളി മേഖലയുടേത് കൃപാലയ സ്കൂൾ ഓഡിറ്റോറിയത്തിലും വെച്ച് നടത്തി. യഥാക്രമം ശ്രീ. ചാക്കോ എൻ. ജെ, റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, സി. ജോയി മരിയ എന്നിവർ പരിപാടികൾ ഉദ്ഘാടനം ചെയ്തു. അനൂപ് വർഗ്ഗീസ്, ചാക്കോ. എൻ.ജെ എന്നിവർ കുടുംബ ബഡ്ജറ്റ്, മദ്യവും മയക്കുമരുന്നുദൂഷ്യവശങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. പുതു

തായി തെരഞ്ഞെടുത്ത കുടുംബങ്ങളുടെ പ്രാഥമിക വിവരണവും പദ്ധതി രൂപീകരണവും പൂർത്തിയാക്കി.

**പ്രവർത്തന ഗവേഷണം**

പനമരം ഗ്രാമപഞ്ചായത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടന്നുവരുന്ന പ്രവർത്തന ഗവേഷണം പ്രാഥമിക ഘട്ടം പിന്നിട്ടു. തൊഴിലിനുവേണ്ടി കർണ്ണാടകയിലേയ്ക്ക് താൽക്കാലികമായി കുടിയേറുന്ന ആദിവാസികളേയും തൊഴിൽ നൽകുന്ന കർഷകരേയും നേരിൽ കണ്ട് ചർച്ച നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പനമരം ഗ്രാമപഞ്ചായത്തിലെ 6, 8 വാർഡുകളിലെ നെടുംകുന്ന്, പരിയാരം കോളനികളിലെ 60 കുടുംബങ്ങളിൽ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചു. വയനാട് ലേബർ മിഷൻ എന്ന പേരിൽ ലേബർ ബാങ്കും പ്രവർത്തനക്ഷമമായി. പനമരം കാനറാ ബാങ്കിലും, നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിലും അക്കൗണ്ടുകൾ ആരംഭിക്കുകയും നിക്ഷേപം തുടങ്ങുകയും ചെയ്തു. ഒക്ടോബർ, നവംബർ മാസങ്ങളിലായി ആകെ 11450/- രൂപ നിക്ഷേപിക്കുവാൻ സാധിച്ചു. കൂടാതെ എല്ലാ കുടുംബങ്ങളും അത്യുല്പാദനശേഷിയുള്ള പച്ചക്കറി വിത്തുകളുടെ നഴ്സറി തയ്യാറാക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടത്തുള്ള യൂണിവേഴ്സിറ്റി കാംപസിൽ എം.എസ്. ഡബ്ല്യുവിനു പഠിക്കുന്ന വിദ്യാർത്ഥികളുടെ സേവനവും ലേബർ മിഷന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചു.

ബാരയൂർ ഐ. എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന ദേശീയ ശില്പശാലയിൽ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ശ്രീ. ഒ. പി. അബ്രാഹം പങ്കെടുത്ത് പ്രബന്ധം അവതരിപ്പിച്ചു. പ്രവർത്തന ഗവേഷണത്തിന് കൺസൾട്ടന്റ് ശ്രീ. ടി.എ. വർഗ്ഗീസ് സാങ്കേതിക മേൽനോട്ടം നടത്തി വരുന്നു.

**സന്ദർശനം**

വായാട്ടുപറമ്പ്, വടക്കുംപാട് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ്വൺ വിദ്യാർത്ഥികൾ ശാസ്ത്രീയ സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രായോഗിക പാഠങ്ങൾ പഠിക്കുന്നതിനായി WSSS ഓഫീസും ഫീൽഡും സന്ദർശിച്ചു. കാരിത്താസ് ഇന്ത്യയുടെ സുവർണ്ണജൂബിലി ആഘോഷ പരിപാടികളിൽ WSSS ഡയറക്ടറും ടീം അംഗങ്ങളും പങ്കെടുത്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ,**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നതിനുള്ള ഉപാധിയായിട്ടാണല്ലോ സഭ തൊഴിലിനെ കാണുന്നത്. സൃഷ്ട വസ്തുക്കളുടെ പരിപൂർണതയിലേയ്ക്കുള്ള പ്രയാണത്തിൽ ലഭ്യമാകുന്ന ദൈവീക പരിപാലനയിലുള്ള മാനുഷിക പങ്കാളിത്തമാണിത്. എന്നിരുന്നാലും തൊഴിലിനേക്കാൾ പ്രാധാന്യം സഭ നൽകുന്നത് തൊഴിൽ ചെയ്യുന്ന മനുഷ്യനാണ്. "തൊഴിൽ മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ തൊഴിലിനു വേണ്ടിയല്ല" – എന്നാണ് സഭ പഠിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ തൊഴിലെടുക്കുന്ന മനുഷ്യരുടെ നന്മയും സുരക്ഷിതത്വവുമാണ് സഭ ആഗ്രഹിക്കുന്നത്. ഇവർക്കുവേണ്ടി നിലകൊള്ളുകയും ക്ഷേമപദ്ധതികൾ നടപ്പിൽവരുത്താനും, ഉള്ളവയുടെ ഫലം എല്ലാവരിലും എത്തിക്കുകയുമാണ് സഭയ്ക്ക് ചെയ്യാൻ കഴിയുക. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പ്രസ്ഥാനമാണ് KCBC ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് (KLM). നമ്മുടെ രൂപതയിലും KLM ന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ വൈദികരുടെയും ഭാഗത്തുനിന്നും നല്ല താല്പര്യത്തോടെയുള്ള പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുള്ള നന്ദി അറിയിക്കുന്നു. കൂടുതൽ കൃമീകൃതവും ശക്തവുമായ രീതിയിൽ KLM പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തുടർന്നും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## സുരക്ഷ പെൻഷൻ പദ്ധതി

കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന അസംഘടിത തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയുമായി ചേർന്ന് KLM ആവിഷ്കരിച്ചിട്ടുള്ള പെൻഷൻ പദ്ധതിയാണിത്. സാധാരണ തൊഴിലാളികൾക്കും സഭാസ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ഇതിൽ ചേരാം. ഇതിനോടകം 50-ൽ പരം ഇടവകകളിലെ ദേവാലയ ശുശ്രൂഷകരും സെക്രട്ടറിമാരും ഇതിൽ ചേർന്നിട്ടുണ്ട്. ഇനിയും ചേരാനുള്ളവർ ഈ മാസം തന്നെ ചേർന്നാൽ മാത്രമേ ഈവർഷത്തെ സർക്കാർ വിഹിതം ലഭിക്കുകയുള്ളൂ. കൂടാതെ ഇടവകയിലെ സാധാരണ തൊഴിലാളികളെയും (ജാതിമത ഭേദമന്യേ) ഈ പദ്ധതിയിൽ ചേർക്കാവുന്നതാണ്.

## സുരക്ഷ ക്ലിനിക്ക്

തൊഴിലാളികളെ സുരക്ഷാ പദ്ധതിയിൽ ചേർക്കുന്നതിനായി അമ്പായത്തോട് ഇടവകയിൽ സുരക്ഷാക്ലിനിക്ക് സംഘടിപ്പിച്ചു. വികാരി റവ. ഫാ. ജോസ് കുളിരാനി മുഴുവൻ വീടുകളും സന്ദർശിച്ച് അർഹരായവരുടെ വിവരങ്ങൾ ശേഖരിക്കുകയും അവരെ വാർഡ്തലത്തിൽ ഒരുമിച്ച്കൂട്ടി ക്ലാസ് നൽകുകയും ചെയ്തു. തുടർന്ന് പദ്ധതിയിൽ ചേരുന്നതിനായി ഡിസംബർ 18-ന് ഞായറാഴ്ച ഇടവകയിൽ മുഴുവൻ ആളുകളെയും ഒരുമിച്ച് ചേർത്തു. KLM പ്രവർത്തകരും, WSSS പ്രവർത്തകരും അവിടെ എത്തി തൊഴിലാളികളെ പദ്ധതിയിൽ ചേർക്കുകയുണ്ടായി. 'സംരക്ഷിത കുടുംബം സുരക്ഷിത ഇടവക' എന്ന ചിന്തയോടെ അച്ചൻ നടത്തിയ ഈ പ്രവർത്തനത്തെ ഹൃദ്യമായി അഭിനന്ദിക്കുന്നു. താല്പര്യമുള്ള ഇടവകകളിൽ ഇതേ മാതൃകയിൽ അവിടെ വന്ന് പദ്ധതിയിൽ ആളുകളെ ചേർക്കുന്നതിന് രൂപതാ നേതൃത്വം തയ്യാറാണെന്ന കാര്യവും ഈ കൂട്ടത്തിൽ അറിയിക്കുന്നു.

## ദേവാലയ ശുശ്രൂഷകരുടെയും, സെക്രട്ടറിമാരുടെയും യോഗങ്ങൾ

നമ്മുടെ രൂപതയിലെ ദേവാലയ ശുശ്രൂഷകരുടെയും, സെക്രട്ടറിമാരുടെയും യോഗം ഡിസംബർ 13-ന് മാനന്തവാടിയിലും, ഡിസംബർ 14-ന് ബത്തേരിയിലും, ഡിസംബർ 15 ന് മണിമൂളിയിലും വെച്ച് നടന്നു. ഇവർക്കായി KCBC നടപ്പാക്കുന്ന പെൻഷൻ പദ്ധതിയായ സുരക്ഷ A യിൽ ഇവരെ ചേർക്കുകയായിരുന്നു ഉദ്ദേശം. രൂപതാ വികാരി ജനറാൾ ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ മാനന്തവാടി, ബത്തേരി യോഗങ്ങൾ ഉദ്ഘാടനം ചെയ്തു. ബത്തേരിയിൽ ഫൊറോന വികാരി ഫാ. സ്റ്റീഫൻ കോട്ടക്കൽ, മണിമൂളിയിൽ സോഷ്യൽ സർവ്വീസ് റീജിയണൽ ഡയറക്ടർ ഫാ. ബിജു ഉറുമ്പിൽ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. KLM രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, സംസ്ഥാന വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ, KLM രൂപതാ കോ-ഓഡിനേറ്റർ ശ്രീമതി മിനി ഉണ്ണികൃഷ്ണൻ, ശ്രീമതി ഷീന, ബ്രദർ ജോമേഷ് തേക്കിലക്കാട്ടിൽ എന്നിവർ യോഗങ്ങളിൽ പങ്കെടുത്ത് പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകി.

## KLM വയനാട് ജില്ലാ സമ്മേളനം

കേരള ലേബർ മൂവ്മെന്റ് കേരളത്തിലെ 14 ജില്ലകളിലും ജില്ലാ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി വയനാട് ജില്ലാ സമ്മേളനം ഒക്ടോബർ 15-ന് മാനന്തവാടി L.F. യു.പി. സ്കൂൾ ഓഡിറ്റോറിയ

ത്തിൽ നടന്നു. മാനന്തവാടി രൂപതാ മെത്രാനും, ലേബർ കമ്മീഷൻ ചെയർമാനുമായ ബിഷപ് മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷത വഹിച്ച സമ്മേളനം വയനാട് എം.പി. ശ്രീ. എം.ഐ. ഷാനവാസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.എൽ. പൗലോസ് മാനന്തവാടി ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, ബത്തേരി രൂപതാ വികാരി ജനറാൾ, KLM സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ വടശ്ശേരി, സംസ്ഥാന സെക്രട്ടറി ഷാജു ആന്റണി, റീജണൽ ഡയറക്ടർ ഫാ. ജോൺ കയത്തുംങ്കൽ കോഴിക്കോട് രൂപത, KLM വയനാട് മേഖല ഡയറക്ടർ ഫാ. ആന്റണി തുടങ്ങി നിരവധി നേതാക്കൾ പങ്കെടുത്തു. സമ്മേളനത്തിൽ മാനന്തവാടി, ബത്തേരി, കോഴിക്കോട് രൂപതകളിൽ നിന്നായി 600 ൽ പരം പ്രവർത്തകർ പങ്കെടുത്തു. സ്വാഗതസംഘം കൺവീനർ സെബാസ്റ്റ്യൻ പാലംപറമ്പിലും WSSS സ്റ്റാഫ് അംഗങ്ങളും ചേർന്ന് നടത്തിയ ക്രമീകരണങ്ങൾക്ക് ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ എന്നിവർ നേതൃത്വം നൽകി.

**സംസ്ഥാന നേതൃസമ്മേളനം**

KLM രൂപതാ ഭാരവാഹികളുടെ സമ്മേളനം ഡിസംബർ 5, 6 തീയതികളിലായി എറണാകുളം ആശീർഭവനിൽ നടന്നു. രൂപതയിൽ നിന്നും, ശ്രീമതി മിനി ഉണ്ണികൃഷ്ണൻ, ശ്രീ. ജോൺസൺ എന്നിവർ പങ്കെടുത്തു.

**സ്വാഗതം**

KLM പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും, സംഘടിപ്പിക്കുന്നതിനുമായി WSSS ഓഫീസിലേയ്ക്ക് നിയോഗിക്കപ്പെട്ടിരുന്ന ബ്രദർ ജോമേഷ് തേക്കിലക്കാട്ടിന് ഹൃദ്യമായ സ്വാഗതം.

**'കേരളാ ലേബർ മൂവ്മെന്റ്' – വയനാട് ജില്ലാ കൺവെൻഷൻ**

തൊഴിൽ മൗലികാവകാശമാക്കുക, അർജുൻസെൻ ഗുപ്ത കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിലെ മൂന്നു ശതമാനം തുക അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കായി മാറ്റിവയ്ക്കുക, സർക്കാർ ക്ഷേമനിധികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, മിനിമം പെൻഷൻ ആയിരം രൂപയായി നിജപ്പെടുത്തുക, വിലകയറ്റം തടയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് KLM ന്റെ വയനാട് ജില്ലാസമ്മേളനം 2011 ഒക്ടോബർ 15–ാം തീയതി ശനിയാഴ്ച മാനന്തവാടി ലിറ്റിൽ ഫ്ളവർ യു.പി. സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. സമ്മേളനത്തിന് തുടക്കം കുറിച്ച്കൊണ്ട് KLM സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ പതാക ഉയർത്തി. സമ്മേളനത്തിന്റെ

ഭാഗമായി നടത്തിയ സെമിനാറിന് WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ് പി. എ. സ്വാഗതം ആശംസിച്ചു. KLM വയനാട് മേഖലാ പ്രസിഡണ്ട് ശ്രീ. പൗലോസ് മോഡറേറ്ററായ സെമിനാറിൽ KLM സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ഷാജു ആന്റണി വിഷയാവതരണം നടത്തി.

തുടർന്ന് നടന്ന പൊതു സമ്മേളനത്തിന് KLM മാനന്തവാടി രൂപതാ ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതം ആശംസിച്ചു. KLM സംസ്ഥാന ഡയറക്ടർ റവ. ഫാ. ജെയ്സൺ വടശ്ശേരി ആമുഖപ്രഭാഷണം നടത്തി. KCBC ലേബർ കമ്മീഷൻ ചെയർമാനും മാനന്തവാടി രൂപതാ മെത്രാനുമായ ബിഷപ്പ് മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷത വഹിച്ച സമ്മേളനം വയനാട് പാർലമെന്റ് മണ്ഡലം എം.പി. എം. ഐ. ഷാനവാസ് ഉദ്ഘാടനം ചെയ്തു. 'സുരക്ഷ A' ഉദ്ഘാടനം വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.എൽ. പൗലോസ് നിർവ്വഹിച്ചു. ബത്തേരി വികാരി ജനറൽ മോൺ. വർഗ്ഗീസ് താന്നിക്കാകുഴി മുഖ്യസന്ദേശം നടത്തി. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. സണ്ണി ചാലിൽ, KLM ബത്തേരി രൂപതാ ഡയറക്ടർ റവ. ഫാ. ജോൺ കയത്തുങ്കൽ കോഴിക്കോട് രൂപതാ, ജീവന വയനാട് മേഖലാ ഡയറക്ടർ റവ. ഫാ. ആന്റണി, KLM സംസ്ഥാന സെക്രട്ടറി ജേക്കബ് ലോറൻസ് എന്നിവർ ആശംസകൾ അർപ്പിച്ചു. KLM സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ നന്ദി പറഞ്ഞു. സമ്മേളനത്തിൽ 511 പ്രതിനിധികൾ പങ്കെടുത്തു.

**ബോധവൽക്കരണ സെമിനാറുകൾ**

കേരളാ ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ ക്ഷേമനിധികളെക്കുറിച്ചും യൂണിറ്റുതലങ്ങളിൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തി. കോർഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ, ഷീന ആന്റണി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഫാ. ജോൺ ചൂരപ്പുഴ**
രൂപതാ ഡയറക്ടർ

# റേഡിയോ മാറ്റൊലി 90.4 mhz

## കമ്മ്യൂണിറ്റി റേഡിയോ ശില്പശാല

സി.ബി.സി.ഐ. മാധ്യമ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 10,11,12 തീയതികളിൽ കമ്മ്യൂണിറ്റി റേഡിയോ ശില്പശാല നടന്നു. സാമൂഹ്യ സാംസ്കാരിക രംഗത്ത് അതിവേഗം മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാധ്യമ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ സുവിശേഷ പ്രഘോഷണ രംഗത്ത് സംലഭ്യമാക്കുന്ന അനന്തമായ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സഭാസമൂഹം തയ്യാറാവണമെന്ന് മാനന്തവാടി ബിഷപ് മാർ ജോസ് പൊരുന്നേടം ശില്പശാലയുടെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. നാം ശീലിച്ചു വന്ന പരമ്പരാഗതമായ മതബോധനത്തിന് കുട്ടികളെയും യുവതലമുറയെയും ഇനി ആകർഷിക്കാനാവില്ല. ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങിയ സങ്കേതങ്ങൾ ലക്ഷോപലക്ഷം ജനങ്ങൾ ഉപയോഗിക്കുമ്പോൾ കത്തോലിക്കാ സാന്നിദ്ധ്യം വളരെ പരിമിതമായേ ഈ മേഖലയിൽ എത്തിയിട്ടുള്ളൂ. സി.ബി.സി.ഐ. മാധ്യമകമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോർജ് പ്ലാത്തോട്ടം സ്വാഗതം പറഞ്ഞു. രൂപതാ പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ഡെന്നീസ് ആശംസകളർപ്പിച്ച് സംസാരിച്ചു. ബാംഗ്ലൂർ, കാന്ദ്യാ, ബക്സർ, ടുറ, ജാൻസി, ഉദയ്പൂർ, ബൊംഗയ്ഗാവ്, ഛാന്ദാ, ഇടുക്കി എന്നീ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ ശില്പശാലയിൽ സംബന്ധിച്ചു.

## മഴവില്ല് പ്രസംഗമത്സരം

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ വിദ്യാലയ പരിപാടിയായ മഴവില്ല് സ്കൂൾ വിദ്യാർത്ഥികൾക്കായി മതമൈത്രിയെ അടിസ്ഥാനമാക്കി ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് പ്രസംഗ മത്സരം നടത്തി. എൽ.പി. വിഭാഗത്തിൽ കണിയാരം എ. എൽ.

പി. സ്കൂളിലെ അലൻ ജിയോസോയ് ഒന്നാം സ്ഥാനം നേടി. ദ്വാരക എ.യു.പി. സ്കൂളിലെ നവ്യാ സെബാസ്റ്റ്യൻ രണ്ടും, കല്ലോടി സെന്റ് ജോസഫ് യു.പി. സ്കൂളിലെ സാന്ദ്ര റോസ് മൂന്നും സ്ഥാനത്തിന് അർഹ രായി. യു.പി. വിഭാഗത്തിൽ മാനന്തവാടി ഹിൽ ബ്ലൂംസിലെ മെർലിൻ മരിയ റോയ്, കല്ലോടി സെന്റ് ജോസഫ് യു.പി. സ്കൂളിലെ അല ജോസ്, പൂതാടി ജി.യു.പി. സ്കൂളിലെ അതുൽ പി. എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ കല്ലോടി സെന്റ് ജോസഫ്സിലെ തിമോത്തി ലിവിങ്ങ്സ്റ്റൺ ജോണി ഒന്നാം സ്ഥാനം നേടി. കണിയാരം ഫാ. ജി.കെ.എം. ഹൈസ്കൂളിലെ അജയ് ആന്റോ സോയി രണ്ടും, മൂലങ്കാവ് ഗ്രീൻ ഹിൽസിലെ പ്രിയ ബെന്നി മൂന്നും സ്ഥാനത്തിന് അർഹരായി.

## 'ശാസ്ത്രം - സ്ത്രീകളുടെ ആരോഗ്യത്തിനും പോഷകാഹാര ത്തിനും'

കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റും കമ്യൂ ണിറ്റി റേഡിയോ മാറ്റൊലിയും സംയുക്തമായി 'ശാസ്ത്രം - സ്ത്രീക ളുടെ ആരോഗ്യത്തിനും പോഷകാഹാരത്തിനും' എന്ന വിഷയത്തെ ആസ്പദമാക്കി 365 ദിവസം നീണ്ടു നിൽക്കുന്ന റേഡിയോ പരിപാടി കൾ നടത്തുന്നു. ഇതിനു മുന്നോടിയായി എടവക, വെള്ളമുണ്ട, മാനന്ത വാടി പഞ്ചായത്തുകളിലെ 1000 വീടുകളിൽ സർവ്വേ നടത്തി. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കോമൺവെൽത്ത് എഡ്യുക്കേഷൻ മീഡിയാ സെന്റർ ഫോർ ഏഷ്യ (CEMCA) യിലെ വിദഗ്ദ്ധരായ ശ്രീമതി രുക്മിണി വെംരാജ്, പ്രൊഫ. ഉഷാ രവി, പ്രൊഫ. ലക്ഷ്മി മേനോൻ എന്നിവർ സർവ്വേയ്ക്ക് നേതൃത്വം നൽകി. ഇതോടനുബന്ധിച്ച് നടത്തിയ റേഡിയോ പ്രോഗ്രാം നിർമ്മാണ പരിശീലന പരിപാടിക്ക് ആകാശ വാണി റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ ലത രാജു നേതൃത്വം നൽകി. പരിപാടിയിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം റേഡിയോ മാറ്റൊലി കോൺഫ്രൻസ് ഹാളിൽ വെച്ച് വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. പൗലോസ് നിർവ്വഹിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം അദ്ധ്യ ക്ഷത വഹിച്ച യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. നീത വിജയൻ, പനമരം ബ്ലോക്ക് പഞ്ചായത്ത് അംഗം എം.സി. സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

### ഗ്ലോറിയ 2011

മാനന്തവാടി രൂപതാ മീഡിയ കമ്മീഷൻ സംഘടിപ്പിച്ച കരോൾഗാന മത്സരം ഗ്ലോറിയ 2011 ന്റെ പ്രാഥമിക റൗണ്ട് അതാത് ഫൊറോനകളിൽ വച്ച് മീഡിയാ കമ്മീഷൻ മേഖലാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ നടത്തി. ഫൊറോനാ തലത്തിൽ ഒന്നും രണ്ടും സ്ഥാന ങ്ങൾ കിട്ടിയ 16 ടീമുകൾ രൂപതാതല മത്സരത്തിൽ പങ്കെടുത്തു. ഡിസംബർ 17-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തിയ രൂപതാതല മത്സരത്തിൽ പുതിയിടംകുന്ന് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഇടവക ടീം 1-ാം സ്ഥാനം കരസ്ഥമാക്കി. തവിഞ്ഞാൽ സെന്റ് മേരീസ് ഇടവക ടീം 2-ാം സ്ഥാനവും, കല്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ ഇടവക ടീം മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് ക്യാഷ് പ്രൈസിനോടൊപ്പം ട്രോഫികളും നൽകി. ഒന്നും രണ്ടും മൂന്നും സ്ഥാന ക്കാർക്കുള്ള ട്രോഫികൾ സ്പോൺസർ ചെയ്തത് യഥാക്രമം ബഹു. ഫാ. പോൾ മണക്കാട്ടുമറ്റം, ഫാ. ജോസഫ് മഞ്ചുവള്ളി, ഫാ. ലിയോ പോൾഡ് മഠത്തിനകം എന്നിവരാണ്. ഒന്നാം സമ്മാനം പാസ്റ്ററൽ കൗൺസിൽ മെമ്പർ എം.സി. സെബാസ്റ്റ്യനും, രണ്ടാം സമ്മാനം ബഹു. ജോസഫ് മഞ്ചുവള്ളി അച്ചനും, മൂന്നാം സമ്മാനം ബഹു. ലിയോ പോൾഡ് മഠത്തിനകം അച്ചനും വിതരണം ചെയ്തു.

ഗ്ലോറിയ 2011 ന്റെ ഉദ്ഘാടനം രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. ചടങ്ങിന് ആശംസ നേർന്നു കൊണ്ട് രൂപതാ വിമൻസ് കമ്മീഷൻ സെക്രട്ടറി ജിഷ പറയിടം സംസാ രിച്ചു. മീഡിയാകമ്മീഷൻ ചെയർമാൻ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതം ആശംസിച്ചു.

### ഓഡിയോ - വീഡിയോ സ്റ്റുഡിയോ

മീഡിയാ കമ്മീഷനുവേണ്ടിയുള്ള ഓഡിയോ-വീഡിയോ സ്റ്റുഡി യോയുടെ വെഞ്ചരിപ്പു കർമ്മം ഡിസംബർ 21 ന് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ഔദ്യോഗിക ഉദ്ഘാടനം ജനുവരി മാസത്തിൽ നടത്തു ന്നതാണ്. ഇനിമുതൽ, ഇടവകകളിലെ വിവിധ പരിപാടികൾ റിക്കോർഡ് ചെയ്യുന്നതിനും എഡിറ്റു ചെയ്യുന്നതിനും മീഡിയാ കമ്മീഷന്റെ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

### മീഡിയ ഡയറക്ടേഴ്സിന്റെ മീറ്റിംഗ്

ഫൊറോനാ മീഡിയാ ഡയറക്ടേഴ്സിന്റെ ഒരു യോഗം ജനുവരി മാസത്തിൽ ചേരുന്നതാണ്. തീയതി പിന്നീട് അറിയിക്കും.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
വൈസ് ചെയർമാൻ, മീഡിയാ കമ്മീഷൻ

## Mary Matha arts & science college

**Tidings from 20 November 2011 onwards:**

- 33 Applications for the central Sector Scholarships mounting to Rs. 10,000/- for three consecutive years have been processed by the college this year. Swati Baby and Gokul MA have won the scholarship during the last two years.
- The semester End Univ. Exams are getting over and the college has already shifted gear to weeklong Fine Arts Competitions and Christmas Celebrations.
- Dr. E. M. Aneesh, has officiated Judge @ the Wayanad Dt *Sasthrolsavam* on 24 & 24 Nov.
- Dr. Rajeev Thomas, the NCC Officer has taken the Kerala-Lakshadweep contingent for the National Integration Camp in Rajasthan from 8-19 November.
- Fr. Manager blessed the New Computer Lab and the equipments purchased on UGC Assistance on the 13 Nov.
- Alna Maria Isac and Jensi George along with Shibin Sebastian presented a Paper on *Denial of Education to Marginalized Communitties: Factors Hindering Access to Higher Education in the* National Seminar on *Higher Education : Challenges & Prospects* organized by the Kannur Univ. Union 13-15 Dec.
- The Principal attended the interface of the Principals of colleges in Kerala with the Dy Secretary, UGC SWRO, Bangalore, Dr Gopukumar and the Member Secretary of the Kerala State Higher

Education Council, Dr. P. Anwar @ the Calicut University Seminar Hall.

- The Annual Alumni Gathering is scheduled for the 26 December.
- Students have donated generously to the Cancer Care Found of Ms.Cicily of Ondayangady.
- Around 100 Volunteers of the National Service Scheme will move to the Week-long Special Camp @ Appappara on 23 Dec. Fr. Francis and Sri Regi Francis will coordinate.
- The Volunteers of the NCC are out on various Regional and National Training Programs.
- Ms. Sruthimol TS, NSS Volunteer is selected by the Kannur University to the Prestigious Republic Day Parade @ New Delhi.
- The Open Defense in connection with the Ph D Final Examination of the Research Scholar of the Mathematics Research Centere, Ms Jisha Elizabeth Joy under the supervision of Dr. Sr. Germina was heald on 19 December.
- Merry Christmas and Flourishing 2012 to all our Well Wishers !

**Dr. Raju George**
Principal



# അറിയിപ്പുകൾ

## 1) ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം

മാനന്തവാടി ആരാധന സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഹോംമിഷൻ ശുശ്രൂഷയുടെ ഭാഗമായി ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം ബോയ്സ് ടൗണിൽ വെച്ച് നടത്തി. ധ്യാനത്തിന് 80 ഓളം പേർ പങ്കെടുത്തു. പരി. അമ്മയുടെ മദ്ധ്യസ്ഥതയിൽ പ്രത്യേകം ആശ്രയിച്ചുകൊണ്ട്, കുടുംബനവീകരണം ലക്ഷ്യമാക്കി നടത്തുന്ന ഈ ധ്യാനത്തിന് 100 സീറ്റുകളാണ് ഉള്ളത്. മദ്യപാനികൾ, മറ്റു ദുശീലങ്ങൾക്ക് അടിമപ്പെട്ടവർ എന്നിവർക്കുവേണ്ടി പ്രത്യേക വിടുതൽ ശുശ്രൂഷയും കൗൺസിലിംഗ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

അടുത്ത ധ്യാനം 2012 ജനുവരി 19–22 വരെയും, ഫെബ്രുവരി 9–12 വരെയും, മാർച്ച് 15–18 വരെയും നടത്തുന്നു. ഇടവകയിൽ നിന്ന് ധ്യാനത്തിന് സംബന്ധിക്കാൻ താല്പര്യമുള്ളവരെ പറഞ്ഞു വിടുമല്ലോ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ധ്യാനം വ്യാഴം 10 a.m. ന് ആരംഭിച്ച് ഞായർ 4. p.m.ന് അവസാനിക്കുന്നതാണ്. ധ്യാനഫീസ് 500 രൂപയാണ്. ധ്യാനം ബുക്കുചെയ്യുന്നതിനും മറ്റു വിവരങ്ങൾക്കുമായി താഴെ പറയുന്ന അഡ്രസ്സിലേയ്ക്കും നമ്പറിലേയ്ക്കും വിളിക്കുമല്ലോ.

SABS Provincial House
Dwaraka, Mananthavady
Ph: 04935-240815
Mob: 9387608762, 8086539498,
9388496328

## 2) Y12 - GOAL

യേശു പരിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെയും പീഡാനുഭവവും കുരിശുമരണവും പ്രാപിച്ചതിന്റെയും എല്ലാറ്റിലുമുപരി, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റതിന്റെയും, പന്തക്കുസ്താനുഭവം ശിഷ്യർക്കുണ്ടായ തിന്റെയും മാനവകുലത്തിന് ഒരമ്മയെ ലഭിച്ചതിന്റെയും ഉൾപ്പെടെ വിവിധ രക്ഷാകര സംഭവങ്ങളുടെ മഹാജൂബിലി ആഘോഷിക്കുന്ന 2033 ലേക്ക് യേശുവിന്റെ തിരുപ്പിറവിയുടെ മഹാജൂബിലി വർഷമായ 2000–ാം മാണ്ടിൽ ജനിച്ച കുട്ടികളെ ക്രിസ്തുശിഷ്യരായി വാർത്തെടുക്കുക എന്ന താണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം.

അതിന് "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2–52) എന്ന വച നത്തിന്റെ ജൂബിലിവർഷമായ 2012 ൽ 12 വയസ്സാവുന്ന കുട്ടികളെ ഈ മിഷനറി പ്രോജക്ടിലേക്കു ക്ഷണിച്ച്, യേശുവിനെപ്പോലെ ജ്ഞാന ത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരാൻ അവസരമൊരുക്കുന്നു Y12.

Y13 മുതൽ ഈ കുട്ടികൾ കൗമാരക്കാരായി മാറുന്നു. (Teens)
Y20 മുതൽ ഈ കുട്ടികൾ യുവജനങ്ങളായി മാറുന്നു. (Youth)
Y26 ൽ ഇവർ ജീവിതത്തിലെ വിവിധ മേഖലകളിലെത്തിച്ചേരുന്നു.

**ഇവർ ഏതു മേഖലയിലെത്തിച്ചേർന്നാലും അവിടെ യേശു വിന്റെ ശിഷ്യരായി മാറിക്കൊണ്ട്, യേശുവിനുവേണ്ടി മനുഷ്യ കുലത്തെ നേടിയെടുക്കുകയെന്നതാണ് Y12 ന്റെ സ്വപ്നം!**

**Y12 - വിനായി എനിക്ക് എന്താണ് ചെയ്യാൻ കഴിയുക?**

2012 –ൽ 12 വയസ്സാകുന്ന കുട്ടികൾക്കായി ക്രിസ്റ്റീൻ ചെയ്യുന്ന ഈ പ്രോജക്ടിൽ നിങ്ങളുടെ കുട്ടികളെയും നിങ്ങൾക്ക് പരിചയമുള്ള കുട്ടികളെയും പങ്കെടുപ്പിക്കാം. അതിനായി കുട്ടിയുടെ പേരും മേൽവിലാ സവും കുടുംബാംഗങ്ങളുടെ വിവരവും, പഠിക്കുന്ന സ്കൂൾ, ജനന തീയ തി, ടെലഫോൺ, മൊബൈൽ നമ്പറുകൾ, ഇ–മെയിൽ എന്നിവ സഹിതം പരമാവധി നേരത്തെ താഴെക്കൊടുത്തിരിക്കുന്ന അഡ്രസ്സിൽ അയച്ചു തരിക. കൂടുതൽ വിവരങ്ങൾ ക്രിസ്റ്റീൻ മാസിക (മലയാളം, ഇംഗ്ലീഷ്), ഫോൺ, ഇ–മെയിൽ ഇവയിൽ ഏതെങ്കിലും ഒരു മാധ്യമം വഴി നിങ്ങളെ അറിയിക്കുന്നതാണ്.

Y12 Project, Christeen, Kalathipady,
Vadavathoor P.O., Kottayam 686010
Ph; 0481-2572715, 2570126,
E-mail: director@christeen.org

## 3) വിശുദ്ധ നാട്ടിലേയ്ക്ക് തീർത്ഥയാത്ര

ഈശോയുടെ സ്വന്തം നാട്ടിലേയ്ക്ക് ഈശോ സ്വാഗതം ചെയ്യുന്നു.

ബൈബിളിൽ ഉൾക്കൊണ്ടിരിക്കുന്ന മനുഷ്യരക്ഷാകർമ്മം മുഴുവൻ അരങ്ങേറിയതും ഭൂമുഖത്തെ ഏറ്റവും പുണ്യപ്പെട്ടതും, ഈശോയുടെ സ്വന്തം നാടുമായ പാലസ്തീനാ വിശുദ്ധ നാട്ടിലേക്ക് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ മൂന്ന് തീർത്ഥയാത്രകൾ സംഘടിപ്പിച്ചിരിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലെ ഇസ്രായേലിലെ കാലാവസ്ഥ ഇന്ത്യക്കാരായ നമുക്ക് ഏറ്റവും അനുയോജ്യമായതുകൊണ്ടാണ് ഈ മാസത്തിൽ സംഘടിപ്പിച്ചിരിക്കുന്നത്. വിശുദ്ധ നാട്ടിൽ ഏറെ വർഷങ്ങൾ ജീവിച്ച് പഠനം നടത്തി, ഇസ്രായേലിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട 'ടൂർ ഗൈഡ്' ആയ ഫാ. ജോസഫ് കാപ്പിൽ തീർത്ഥാടക സംഘത്തെ നയിക്കുന്നു. പഴയനിയമത്തിലേയും പുതിയ നിയമത്തിലേയും കാര്യങ്ങളെക്കുറിച്ച് പുണ്യസ്ഥലങ്ങളെ സംബന്ധിച്ച് മലയാളത്തിൽ വിവരണം നൽകുന്നു.

വൈദീകരെയും സന്യസ്തരെയും അൽമായരേയും ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന 29, 30, 31-ാമത്തെ തീർത്ഥയാത്രകളാണിത്. ഈ തീർത്ഥയാത്ര 9 ദിവസം ദീർഘിക്കുന്നതാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽനിന്ന് പുറപ്പെട്ട് നെടുമ്പാശ്ശേരിയിൽ തന്നെ തിരിച്ചെത്തുന്നു.

**സന്ദർശിക്കുന്ന സ്ഥലങ്ങൾ**

പഴയ നിയമത്തിലെ പുണ്യസ്ഥലങ്ങളും ഈശോയുടെ ജനനം, ജീവിതം, സുവിശേഷ പ്രഘോഷണം, അത്ഭുതങ്ങൾ, പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, പെന്തക്കുസ്ത സംഭവം എന്നിവയുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങളെല്ലാം സന്ദർശിക്കുന്നു. ഗലീലാ തടാകം, തിബേരിയാസ് പട്ടണം, മദ്ഗല, അപ്പം വർദ്ധിപ്പിച്ച സ്ഥലം, കഫർണാം, പത്രോസിന്റെ വീടിരുന്ന സ്ഥാനം, പത്രോസിന് പരമാധികാരം നൽകിയ സ്ഥാനം, നസ്രസ്സ്, തിരുക്കുടുംബത്തിന്റെ ഭവനം, മംഗലവാർത്തയുടെ ബസലിക്ക, യോർദാൻ നദി, കാന, താബോർമല, ജറീക്കോ പട്ടണം, യൂദയാ മരുഭൂമി, ബഥാനിയായിൽ ലാസറിന്റെ ശവകുടീരം, ജറുസലേം പട്ടണം, എ.ഡി. 70-ൽ കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെട്ട യഹൂദ ദേവാലയ സ്ഥാനവും അതിന്റെ അങ്കണവും, കെദ്രോൺ താഴ്വര, ഗദ്സമേൻ തോട്ടം, ഒലീവ്മല, സ്വർഗ്ഗോ

രോഹണത്തിന്റെ സ്ഥാനം, ദാവീദിന്റെ പട്ടണം, സീലോഹാ, ബദ്സയ്ദാ കുളങ്ങൾ, കുരിശ്ശിന്റെ വഴി, ഗാഗുൽത്ത, ഈശോയുടെ കബറിടം, സെഹിയോൻ ഊട്ടുശാല, ദാവീദ് രാജാവിന്റെ ശവകുടീരം, വിലാപത്തിന്റെ മതിൽ, ഹക്കൽദാമ (രക്തപ്പറമ്പ്), ബദ്ലേഹം, സക്കറിയാസിന്റെയും എലിസബത്തിന്റെയും ഭവനസ്ഥാനം, സ്നാപക യോഹന്നാന്റെ ജന്മസ്ഥാനം, പുതിയ ജറുസലേം പട്ടണം തുടങ്ങിയ സ്ഥലങ്ങളെല്ലാം സന്ദർശിക്കുന്നു. ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്, ജോർദ്ദാൻ എന്നീ രാജ്യങ്ങളിലൂടെയാണ് ഈ യാത്ര നടത്തുന്നത്. ഈജിപ്തിലെ പിരമിഡുകൾ സന്ദർശിച്ച് സൂയസ് കനാൽ (പഴയനിയമത്തിലെ ചെങ്കടൽ) കടന്ന് ഇസ്രായേൽ ജനം ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് കാനാൻ ദേശത്തേക്കുള്ള യാത്രയുടെ നാൽപത് വർഷങ്ങൾ ചിലവഴിച്ച സീനായ് മരുഭൂമിയിലൂടെ യാത്ര ചെയ്ത്, മരുഭൂമി അനുഭവം സ്വന്തമാക്കി, വിശുദ്ധനാട്ടിൽ എത്തിച്ചേരത്തക്ക വിധത്തിലാണ് യാത്ര ക്രമീകരിച്ചിരിക്കുന്നത്. വിശുദ്ധനാട് സന്ദർശനം കഴിഞ്ഞ് മടങ്ങും വഴി യോർദ്ദാൻ രാജ്യത്തിലേക്ക് കടന്ന് പഴയനിയമത്തിലെ വിമോചന നേതാവായ മൂശ മരിച്ച് സംസ്ക്കരിക്കപ്പെട്ടിരിക്കുന്ന നേബോ മലയും സന്ദർശിക്കുകയാണ്. പരമാവധി എല്ലാ സ്ഥലങ്ങളും സന്ദർശിക്കാനുള്ള ഏർപ്പാടുകൾ എല്ലാം ചെയ്തിട്ടുണ്ട്. എല്ലാ സ്ഥലങ്ങളെ സംബന്ധിച്ചും ബൈബിളുമായി ബന്ധപ്പെടുത്തി, വിശദീകരണങ്ങളും ചരിത്രവും പറഞ്ഞു കൊടുത്ത് ഈ യാത്ര ഏറ്റവും ഫലദായകവും അനുഗ്രഹപ്രദവും ഒരു ദൈവീക അനുഭവവുമാക്കിത്തീർക്കാനുള്ള ലക്ഷ്യമാണ് ഈ തീർത്ഥയാത്രയ്ക്കുള്ളത്.

ഈശോയുടെ ജീവിതവുമായി ഏറ്റവുമധികം ബന്ധപ്പെട്ട ഗലീലാ തടാകത്തിലൂടെ ഒരു ബോട്ട് യാത്രയും ഉണ്ടായിരിക്കും. അതുപോലെ ഈജിപ്തിലെ നൈൽ നദിയിലൂടെയും ബോട്ട് യാത്ര നടത്തുന്നതാണ്.

**ഈ തീർത്ഥയാത്രയുടെ സവിശേഷതകൾ**

ഈ തീർത്ഥയാത്ര ഒരു പ്രാർത്ഥനാരൂപിയിലായിരിക്കും നടത്തുന്നത്. ഇത് വെറുമൊരു ടൂറിസമോ ഉല്ലാസയാത്രയോ അല്ല. യാത്ര പുറപ്പെടുന്നതിന് മുൻപ് തീർത്ഥാടക സംഘത്തിലെ അംഗങ്ങളെ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ഒരുമിച്ച് ചേർത്ത് ആദ്ധ്യാത്മികവും, ഭൗതീകവുമായി ഈ തീർത്ഥയാത്രയ്ക്ക് വേണ്ടി നടത്തേണ്ട ഒരുക്കങ്ങളെക്കു

റിച്ചും യാത്രാവിവരങ്ങളെക്കുറിച്ചും മറ്റുകാര്യങ്ങളെക്കുറിച്ചും പറയുന്നതാണ്.

വിശുദ്ധനാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട പുണ്യസ്ഥലങ്ങളിലെല്ലാം ആഘോഷമായ ദിവ്യബലിയർപ്പണം ഉണ്ടായിരിക്കും (ബദ്‌ലേഹം, നസ്രത്ത്, താബോർമല, ഗദ്‌സേമൻ തോട്ടം, ഗാഗുൽത്താ, കഫർണാം). മറ്റു പുണ്യസ്ഥലങ്ങളിലെല്ലാം ബൈബിൾ വായനയും പ്രാർത്ഥനയും നടത്തുന്നതാണ്. ഈശോ രക്തം വിയർത്ത് പ്രാർത്ഥിച്ച ഗദ്‌സമൻ തോട്ടത്തിൽ ഒരു ദിവസം രാത്രി 8 മുതൽ 9 വരെ 1 മണിക്കൂർ ആരാധനയും ഉണ്ടായിരിക്കും. ഈശോ കുരിശും ചുമന്നുകൊണ്ട് ഗാഗുൽത്തായിലേയ്ക്ക് പോയ അതേ വഴിയിലൂടെ ആഘോഷമായ കുരിശിന്റെ വഴിയും നടത്തുന്നതാണ്. ഈ തീർത്ഥയാത്രയിലുടനീളം, ആവശ്യമായ എല്ലാ വിധ ആദ്ധ്യാത്മിക ശുശ്രൂഷകളും നൽകുന്നതാണ്. വി.ഗ്രന്ഥത്തിലെ രക്ഷാകരചരിത്രത്തിലുടനീളം നടത്തുന്ന ഒരു പുണ്യയാത്രയും ബൈബിൾ പഠനവുമായിരിക്കും ഈ തീർത്ഥയാത്ര. വി.ഗ്രന്ഥം കൈയ്യിലേന്തി ഓരോ പുണ്യസ്ഥാനത്തും പ്രാർത്ഥിച്ചും, ധ്യാനിച്ചും, വി.ഗ്രന്ഥത്തിലെ രക്ഷാകര സംഭവങ്ങളെക്കുറിച്ചും പഠിച്ചും, ദൈവാനുഭവം നേടിയെടുത്ത് അനുഗ്രഹീതരാകുവാനുമാണ് ഈ യാത്ര ലക്ഷ്യം വയ്ക്കുന്നത്.

**മറ്റ് പ്രത്യേകതകൾ**

ഈ യാത്ര ഒരു തീർത്ഥാടനവും ബൈബിൾ പഠനവുമായിട്ടാണ് നടത്തപ്പെടുന്നത്. സുവിശേഷങ്ങളും ഈശോയുടെ ജീവിതപ്രവർത്തനങ്ങളും കൂടുതൽ മനസിലാക്കാൻ ആവശ്യമായ പഴയ നിയമപശ്ചാത്തലങ്ങളെപ്പറ്റിയും വിവരിച്ചുകൊടുക്കുന്നു.

ഈശോ ജീവിച്ച കാലഘട്ടത്തിലെ യഹൂദപാരമ്പര്യങ്ങളെക്കുറിച്ചും, ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും രാഷ്ട്രീയപശ്ചാത്തലം, ദൈവാലയവും ബലിയർപ്പണങ്ങളും, പൗരോഹിത്യശുശ്രൂഷകൾ, സിനഗോഗ്, പെസഹാ ആഘോഷം, മറ്റ് ആഘോഷങ്ങളും തിരുന്നാളുകളും, അന്ന് കുരിശുമരണം നൽകപ്പെട്ടിരുന്നവിധം, സാമ്പത്താചരണരീതി, സമൂഹത്തിലെ വിവിധഗ്രൂപ്പുകളും അവരുടെ പ്രത്യേകതകളും, ഈശോയ്ക്ക് ശേഷം ഇന്നു വരെയുള്ള പലസ്തീനായുടെ ചരിത്രം, ഇന്നത്തെ ഇസ്രായേൽ രാഷ്ട്രം – ഈ യാത്രക്കിടയിൽ വിവരിച്ചുമനസ്സിലാക്കികൊടുക്കുന്നു.

കൂടാതെ മദ്ധ്യപൂർവ്വദേശത്തെ രാജ്യങ്ങളെപ്പറ്റിയും ഇസ്രായേൽ പലസ്റ്റീനിയൻ സംഘട്ടനങ്ങളുടെ ചരിത്രവും ഇന്നത്തെ അവസ്ഥയും വിശദീകരിച്ച് കൊടുക്കുന്നതാണ്.

ഈ തീർത്ഥയാത്രയിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ, വിശദവിവരങ്ങൾക്കായും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ബന്ധപ്പെടുക.

ഈശോയിൽ ഒത്തിരി സ്നേഹത്തോടെ,

Mr. N. V. Joseph
(Travel Agent)
Manager, P.L. World Ways
Mavoor Road Junction, Kozhikode.
Ph: 0495-2720016, 2722564, 2722562
Mob: 9447468162

ഫാ. ജോസഫ് കാപ്പിൽ
Fr. Joseph Kappil
(Group Leader & Guide)
Yesu Bhavan, Pullannimedu
Thamarassery P.O.-673573,
Kozhikode Dt.
Mob: 9446501944, 9539545868




*Programme*

## Pastoral Centre, Dwaraka

### January 2012

| | |
|---|---|
| 01 S | KCYM: Annual Senate & Election |
| 06 F | CML: Executive; Zion CRC Night Vigil |
| 07 S | Zion CRC: Prayer Day, Christeen Prayer Day; CMA Executive & Women's Commission |
| 08 S-11 W | Marriage Preparation Course |
| 14 | Jesus Youth; HM PP Conference; KCYM: Joint Syndicate |
| 17 T | Marian Singles |
| 20 F-23 M | Marriage Preparation Course |
| 21 | KCYM: Secretariat |
| 24 T | Priests' Conference |
| 25 W | CML: Executive & Team Meeting |
| 26 | KCYM: Seniors Meet |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *January 2012*

| | |
|---|---|
| *01 Sun ...............* | *Padamala : First Communion and Confirmation* |
| *02 Mon ...............* | *Visitors' Day* |
| *03 Tue ...............* | *Paissakary : Ordination of Dn. Jose Palakkuzhiyil MCBS* |
| *04 Wed Morning* | *Mullenkolly : Ordination of Dn.Robert Kannanthanath SDV & Dn. Jefry Nakuzhikatt MI* |
| *Afternoon* | *Arattuthara : Foundation stone laying of the new church* |
| *05 Thu .............* | *Kayyunni : School Anniversary* |
| *06 Fri 08 Sun ...* | *Ernakulam : KLM Meeting* |
| *09 Mon 13 Fri ..* | *Mount St. Thomas : Bishops' Synod* |
| *14 Sat 15 Sun ...* | *Vadavathoor : Jubilee of the Seminary* |
| *16 Mon ..............* | *Nadavayal : Blessing of New School Building* |
| *17 Tue .............* | *Engaged* |
| *18 Wed .............* | *Minor Seminary Parents' day* |
| *19 Thu .............* | *Engaged* |
| *20 Fri 23 Mon ...* | *Mumbai* |
| *24 Tue ..............* | *Priests' Conference* |

| | |
|---|---|
| 25 Wed 27 Fri .. | Mount St. Thomas |
| 28 Sat ............. | Kunnambetta : Chapel Blessing |
| 29 Sun ............ | Pattanikoop : Pastoral Visit |

## February 2012

| | |
|---|---|
| Jan 30 Feb.10 Fri | Bangalore : CBCI Meeting |
| 11 Sat 12 Sun ... | Vettimattam : Jubilee of the Parish |
| 14 Tue ............. | Thonichal : Vestition of Novices & Final Profession of SKD Sisters |
| 15 Wed 16 Thu.. | Kunnoth : Seminary Commission |
| 17 Fri ............... | Out of Station |
| 18 Sat Morning | Makkiyad Benedictine Monastery : Ordination of Dn. Shijo Pottankulam OSB & Dn. Sibi Vattapara OSB |
| Afternoon | Mananthavady : Jubilee Celebration of Deepika |
| 19 Sun .............. | Adikolly : Pastoral Visit |
| 20 Mon .............. | Ash Monday |
| 21 Tue 23 The ... | Aluva Seminary Commission |
| 24 Fri ................. | Out of Station |
| 25 Sat ................. | Engaged |
| 26 Sun ................ | Vadakkanad : Pastoral Visit |
| 27 Mon .............. | Meeting of Religious Superiors - Women |
| 28 Tue ............... | Engaged |
| 29 Wed ............. | Meeting of Religious Superiors - Men |
| Evening | Kaniyaram TTI : School Anniversay |